ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ പറഞ്ഞതുപോലെ ഇത് കാലാകാലമായി നടന്നുവരുന്ന ഒരു സമ്പ്രദായമാണ്. ആ സമ്പ്രദായത്തിന് മാറ്റം വരുത്തേണ്ടത് ആവശ്യമാണ്. അധിക ചെലവ് ചെയ്യുന്നുണ്ടെന്നുള്ളത് പി.എ.സി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വന്നതാണ്. ഏതായാലും എല്ലാ വകുപ്പുകൾക്കും ധനകാര്യ വകുപ്പിൽ നിന്ന് എഴുതുന്നുണ്ട്.

V. ധനകാര്യം

2004-2005 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച (തുടർച്ച)

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിവച്ചു നോക്കുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് വളരെയേറെ പ്രയോജനപ്രദമായ ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചത്. ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ്, അടിസ്ഥാന സൗകര്യങ്ങൾ, ഐ.ടി. മേഖല, ടൂറിസം, ബയോ-ടെക്നോളജി, കൃഷി, വ്യവസായം, പാവപ്പെട്ടവർക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ, പുതിയ ക്ഷേമപദ്ധതികൾ തുടങ്ങി എല്ലാ വിഭാഗം ആളുകൾക്കും ആശ്വാസം പകരുന്ന വളരെ പ്രയോജനപ്രദമായ ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ചില നികുതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. സാധാരണക്കാരെ ബാധിക്കുന്ന രീതിയിലുള്ള നികുതികളല്ല, അധിക നികുതിയായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ദേശീയ വളർച്ചാ നിരക്കിനേക്കാൾ 2% കൂടുതലാണ് നമ്മുടെ വളർച്ചാനിരക്ക്. അത് 6.1 % ആണ്. അതുപോലെ 10 വർഷത്തിനുശേഷം വായ്പാ നിക്ഷേപ അനുപാതം 52.4% ആയി വർദ്ധിച്ചിരിക്കുകയാണ്. ഈ സഭയ്ക്ക് അകത്തും പുറത്തും ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോയെക്കുറിച്ച് വലിയ ചർച്ച നടക്കുന്ന കാലഘട്ടമാണിത്. ഈ പ്രയാസത്തിനിടയിലും 10 വർഷത്തിനുശേഷം വായ്പാ നിക്ഷേപ അനുപാതം ഏതാണ്ട് 52.4% -ൽ എത്തിനിൽക്കുകയാണ്. ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നില്ല എന്നാണ് ഇവിടെ ഒരു ആക്ഷേപം വന്നത്. ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാനും അത് പ്രത്യേകം നിരീക്ഷിക്കാനുംവേണ്ടി ഒരു ഹൈലെവൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് അദ്ദേഹം പ്രഖ്യാപിച്ചിരിക്കുകയാണ്. സ്പെഷ്യൽ എംപ്ലോയ്മെന്റ് പാക്കേജിന് 127 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. കയർ, കൈത്തറി, കരകൗശലം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്ക് 50 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. ക്ലീൻ കേരള പരിപാടിക്ക് 80 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. തലസ്ഥാന നഗരത്തിന്റെ വികസനത്തിന്റെ കാര്യം ശ്രീ. വിജയകുമാർ പറയുമെന്ന് എനിക്കറിയാം. അതിന് 62.5 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. ഇതോടൊപ്പം തന്നെ പാവപ്പെട്ട വരുമാനമില്ലാത്ത കുടുംബത്തിലെ പെൺകുട്ടികൾക്ക്, 14 വയസ്സ് തികഞ്ഞവർ വിവാഹപ്രായമെത്തുമ്പോൾ 10,000 രൂപ ലഭിക്കുന്ന മംഗല്യ ഇൻഷ്വറൻസ് പദ്ധതിയും ഉണ്ട്. അത് ഏറ്റവും നല്ല കാര്യമായി ഞാൻ കാണുകയാണ്. ഇത്തരം ഒരു പദ്ധതിക്ക് രൂപം നൽകിയ ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതുപോലെത്തന്നെ മറ്റൊരു പ്രത്യേകത എന്താണ്? ഇവിടെ ടി.പി. അക്കൗണ്ടിലുള്ള ട്രാൻസ്ഫർ ഓഫ് ക്രെഡിറ്റ് സമ്പ്രദായം

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായി ഉപേക്ഷിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റ് ഭരിച്ച സമയത്തും, പല ഗവൺമെന്റിന്റെ കാലത്തും ടി.പി. അക്കൗണ്ട് ക്രെഡിറ്റ് ചെയ്തുകൊണ്ടുള്ള വികസനമാണ് ഇവിടെ നടന്നത്. വിപ്ലവം തോക്കിൽക്കൂടി എന്നുപറഞ്ഞതുപോലെ വികസനമെന്ന് പറയുന്നത്, ടി.പി. അക്കൗണ്ടിലൂടെ; അതാണ് കേരളത്തിൽ നടന്നുകൊണ്ടിരുന്നത്. ഈ ഗവൺമെന്റ് 2003 ജൂലായ് മാസത്തിൽ ടി.പി. അക്കൗണ്ടിലേക്കുള്ള ട്രാൻസ്ഫർ ക്രെഡിറ്റ് സമ്പ്രദായം പൂർണ്ണമായി നിർത്തലാക്കി യഥാർത്ഥ വികസനത്തിന് ഊന്നൽ നൽകികൊണ്ടുള്ള ഒരു പ്രവർത്തന പരിപാടിക്ക് നേതൃത്വം നൽകി. അത് എടുത്തു പറയേണ്ട ഒരു കാര്യമായിട്ടാണ് ഞാൻ കാണുന്നത്. അതുപോലെത്തന്നെ Medium Term Fiscal Policy and Strategy Statement. ഇവിടെ ഒരു ബഡ്ജറ്റ് ഡോക്യുമെന്റ് കൂടെ തന്നിട്ടുണ്ട്. അതായത് Medium Term Fiscal Policy and Strategy Statement with Medium Term Fiscal Plan for Kerala 2004-05 to 2006-07. ഇത് കേരള നിയമസഭയുടെ ബഡ്ജറ്റ് ചരിത്രത്തിൽ അതിപ്രധാനമായ ഒരു സംഭവവും വളരെ പ്രധാനപ്പെട്ട ഒരു രേഖയുമാണ്. എന്താണത്? 2003-ലെ Kerala Fiscal Responsibility Act പ്രകാരം 2007-മാണ്ടോടെ ധനകമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 2 ശതമാനമായും റവന്യൂ കമ്മി പൂർണ്ണമായും കുറയ്ക്കേണ്ടതാണെന്ന് പറയുന്ന ടൈം ബൗണ്ട് പ്രോഗ്രാം ആണത്. അതാണ് ഈ മീഡിയം ടേം ഫിസ്ക്കൽ പോളിസി സ്ട്രാറ്റജി എന്നുള്ളത്. അതിനെ ഏറ്റവും നല്ല കാര്യമായി ഞാൻ കാണുന്നു. പക്ഷേ ഒരു കാര്യം, ഇതിൽ പറഞ്ഞിരിക്കുന്നത് അതേപടി നടപ്പിലാക്കാനുള്ള ശുഷ്ക്കാന്തി ധനകാര്യ വകുപ്പ് കാണിക്കണമെന്നാണ് എനിക്ക് അതിനെക്കുറിച്ച് പ്രത്യേകമായി എടുത്തു പറയാനുള്ളത്. അതുപോലെത്തന്നെ നികുതി പിരിവിന്റെ കാര്യത്തിലും ഈ ഗവൺമെന്റ് വളരെ ഊർജ്ജസ്വലത കാണിച്ചിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ നികുതി പിരിച്ച ക്രെഡിറ്റ് ഈ ഗവൺമെന്റിന് ഉണ്ടായിരിക്കുകയാണ്. മുമ്പത്തെ സ്ഥിതി എന്തായിരുന്നു? 2000-01-ൽ 5923.42 കോടി രൂപ പിരിച്ച സ്ഥാനത്ത് 2002-03 ആയപ്പോൾ 9732.71 കോടി രൂപയുടെ നികുതി പിരിവ് എന്നു പറയുന്നത് സർവ്വകാല റിക്കാർഡാണ്. അത് ഈ ഗവൺമെന്റിന്റെ ശുഷ്ക്കാന്തിയെയാണ് കാണിക്കുന്നത്. അത് തുടരണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊന്ന് നികുതിയേതര വരുമാനമാണ്. അത് 2000-01-ൽ 543.38 കോടി രൂപയായിരുന്നത് 2002-03-ൽ 977.93 കോടി രൂപയായി. അപ്പോൾ ടാക്സ് പിരിക്കുന്ന കാര്യത്തിലും നോൺ ടാക്സ് പിരിക്കുന്ന കാര്യത്തിലും ഈ ഗവൺമെന്റ് മുൻകാല ഗവൺമെന്റുകളെ അപേക്ഷിച്ച് ശുഷ്ക്കാന്തി കാണിക്കുകയും സംസ്ഥാന ചരിത്രത്തിൽ ഏറ്റവും വലിയ നികുതി പിരിവിന് തയ്യാറായിരിക്കുകയുമാണ്. അത് ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിൽ ഏറ്റവും നല്ല കാര്യമായി ഞാൻ കാണുകയാണ്. അതുപോലെത്തന്നെ റവന്യൂ വരുമാനം എന്നു പറയുമ്പോൾ, റവന്യൂ കമ്മി വല്ലാതെ കൂടി. നമ്മുടെ റവന്യൂ വരുമാനം 2002-03-ൽ 10,633 കോടി രൂപയായിരുന്നു. ചെലവ് 10,029 കോടി രൂപ. ശമ്പളയിനത്തിൽ 4678 കോടി രൂപ. പലിശയിനത്തിൽ 2948 കോടി രൂപ. പെൻഷൻ ഇനത്തിൽ 2282 കോടി രൂപ എന്ന് പറഞ്ഞാൽ ആകെയുള്ള റവന്യൂ വരുമാനത്തിൽ 94.32 ശതമാനം ശമ്പളത്തിനും പലിശയ്ക്കും പെൻഷനും മാത്രമായി മാറ്റി വയ്ക്കേണ്ട സ്ഥിതിയിലാണ് നമ്മുടെ സംസ്ഥാനം ചെന്നു നിൽക്കുന്നത്. ഇത് 2003 മാർച്ചിലെ എ.ജി.-യുടെ ഓഡിറ്റ് കണക്കാണ്. ഇനി വരാൻ പോകുന്ന വർഷങ്ങളിൽ ഈ സ്ഥിതി തുടരുകയാണെങ്കിൽ റവന്യൂ വരുമാനം എത്ര കൂടിയാലും അതുകൊണ്ട് ശമ്പളവും പലിശയും പെൻഷനും കൊടുക്കാൻ കഴിയാതെ അതിനും കടം വാങ്ങേണ്ട ഒരു സ്ഥിതി വരും. ഇന്ന് തുച്ഛമായ ശതമാനമാണ് മിച്ചമുള്ളത്. അതിലാണ് വികസനം,

LIBRARY ARCHIVES Kerala Legislative Assembly

വികസനത്തിന് കടമെടുക്കുന്നു, പൊതുക്കടം കൂടുന്നു. എന്റെ അഭിപ്രായത്തിൽ ഇതിന് എവിടെയെങ്കിലും ഒരു അവസാനം ആവശ്യമാണ്. പിരിക്കുന്ന റവന്യൂ മുഴുവൻ ശമ്പളത്തിനും പലിശ കൊടുക്കാനും മാറ്റിവയ്ക്കുന്ന ഈ സ്ഥിതി മുന്നോട്ട് പോയാൽ എന്തെല്ലാം അത്ഭുതവിദ്യ കാണിച്ചിരുന്നാലും കേരളം രക്ഷപ്പെടാൻ പോകുന്നില്ല. അവിടെയാണ് ഈ ഗവൺമെന്റ് കുറെക്കൂടി ഭരണ പരിഷ്ക്കാരം നടത്തേണ്ടതെന്നാണ് എന്റെ വിനീത അഭിപ്രായം. സേവന മേഖലയുടെ സ്ഥിതി എന്താണ്? ഒന്ന് വിദ്യാഭ്യാസം; സർവ്വീസ് സെക്ടറാണ്. മറ്റൊന്ന് ആരോഗ്യം. വിദ്യാഭ്യാസ മേഖലയ്ക്ക് കഴിഞ്ഞ മാർച്ചുവരെ നാം ചെലവഴിച്ചത് 2467.56 കോടി രൂപയാണ്. അവിടെ നോൺ ടാക്സ് റവന്യൂ എത്രയാണെന്നറിയാമോ? ഫീസും മറ്റുമൊക്കെയായിട്ടുള്ള വരുമാനം വെറും 63.41 കോടി രൂപയാണ്. ആരോഗ്യ രംഗത്ത് വരവ് 28.22 കോടി രൂപ. ചെലവ് 755.51 കോടി രൂപ. വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ പങ്കാളിത്തം നൽകിയതിന്റെ പേരിൽ അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകിപ്പോയ 190 കോടി രൂപയുടെ ലാഭം നമുക്കുണ്ടാക്കാൻ കഴിഞ്ഞെങ്കിൽപ്പോലും സേവന മേഖലയായ വിദ്യാഭ്യാസവും ആരോഗ്യ മേഖലയും നിലനിർത്തുക വളരെ പ്രയാസമാണ്. റവന്യൂ വരുമാനത്തിൽ പലിശയും ശമ്പളവും പെൻഷനും ഒക്കെ കൊടുത്തു കഴിഞ്ഞിട്ട് ഈ പ്രധാനപ്പെട്ട, ഞാൻ ഈ പറയുന്ന സർവ്വീസ് സെക്ടറുകളായ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനുംകൂടി കടം വാങ്ങി ചെലവഴിക്കേണ്ട ഒരു സ്ഥിതിയിലാണ് നമ്മുടെ സംസ്ഥാനം എത്തിനിൽക്കുന്നത്. പൊതു കടത്തിന്റെ സ്ഥിതിയിപ്പോൾ എന്താണ്? 31-3-2001-ൽ നമ്മുടെ പൊതുക്കടം 23919 കോടി രൂപയാണ്. 31-10-2003-ൽ ഇവിടെ ലഭ്യമായ കണക്കനുസരിച്ച് അത് 34,720 കോടി രൂപയാണ്. അവസാന കണക്ക് വരുമ്പോൾ ഇനിയും കൂടും എന്നാണ് പ്രതീക്ഷിക്കുന്നത്. അതിന്റെ അർത്ഥം ഏതാണ്ട് ഒരു പ്രതിശീർഷ കടമെന്നു പറയുന്നത് 31-3-2003-ലുള്ള കണക്കനുസരിച്ച് 9425 കോടി രൂപയാണ്. ഓരോ കേരളീയനും കടക്കാരനായിരിക്കുന്ന സാഹചര്യത്തിൽ ഇവിടെയാണ് നമുക്ക് കുറച്ചുകൂടി ശ്രദ്ധ ആവശ്യം. കടം കൂടിയതിന് ഒരുപാട് കാര്യങ്ങളുണ്ട്. ഇലക്ട്രിസിറ്റി ബോർഡിന്റെ ബാധ്യത തീർക്കാൻ 1152 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഡി.എ. കുടിശ്ശികയ്ക്കായിട്ട് 1400 കോടി രൂപ കൊടുത്തു. ന്യായീകരിക്കാൻ പറ്റുന്ന തുകയാണെങ്കിൽപോലും എവിടെയെങ്കിലും ഈ പൊതുക്കടം അവസാനിപ്പിക്കണ്ടേ. അതിന് എനിക്ക് വയ്ക്കാനുള്ള ചില നിർദ്ദേശങ്ങളിൽ ഒന്ന്, റവന്യൂ പിരിച്ചെടുക്കുന്ന കാര്യത്തിൽ, പല സ്ഥലത്തും ടാക്സ് വെട്ടിപ്പുണ്ട്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ചൂണ്ടിക്കാണിച്ചതുപോലെ പല മേഖലകളിലും അനാസ്ഥമൂലം വൻതോതിൽ ടാക്സ് വെട്ടിപ്പ് നടക്കുന്നുണ്ട്. ടാക്സ് വെട്ടിപ്പ് പൂർണ്ണമായി തടയാനുള്ള ഒരു സംവിധാനം ഉണ്ടാകണം. ശമ്പളത്തിന്റെ ചെലവ് ഇവിടെ പറഞ്ഞല്ലോ, എന്താണ് സ്ഥിതി? കുറെ കാര്യങ്ങൾ നമ്മൾ യാഥാർത്ഥ്യമായി കാണേണ്ടി വരും. ഈ കിട്ടുന്നതെല്ലാം ശമ്പളം കൊടുത്ത് എല്ലാം പലിശ കൊടുത്ത് പെൻഷൻ കൊടുത്ത് പോയാൽ പറ്റുമോ? കുറെക്കൂടി കർക്കശമായ സാമ്പത്തിക അച്ചടക്കം ഈ ഗവൺമെന്റ് പാലിച്ചില്ലെങ്കിൽ എന്തെല്ലാം ചെയ്താലും കേരളത്തിന് രക്ഷപ്പെടാൻ കഴിയാത്ത ഒരു സാഹചര്യമാണ് ഇന്ന് നമ്മുടെ മുമ്പിൽ ഉണ്ടായിരിക്കുന്നത്. കേരളത്തിന്റെ ധനസ്ഥിതി കാണുന്നതും അതാണ്. എനിക്ക് കുറച്ച് നിർദ്ദേശങ്ങളുണ്ട്. ഒന്ന്, കേരളം പോലൊരു സംസ്ഥാനത്ത് ഇത്രയും വലിയ ആൾ ഇന്ത്യ ഉദ്യോഗസ്ഥർ വേണമോ? ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. കേഡറിൽ എന്തിനാണ് ഇത്രയും ഉദ്യോഗസ്ഥർ? ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ

LIBRARY ARCHIVES Kerala Legislative Assembly

ഐ.എഫ്.എസ്.-കാരുടെ ബഹളമാണ്. പെൻഷൻ പറ്റിപ്പോയ ആളുകൾക്കും. ഐ.എഫ്.എസ്. കൊടുക്കാനായി ഗവൺമെന്റ് ആലോചിക്കുന്നുയെന്ന് ഞാൻ പത്രത്തിൽ വായിച്ചതാണ്. എനിക്ക് പറയാനുള്ളത് കേന്ദ്ര ഗവൺമെന്റുമായി ചില ധാരണ നമുക്കുണ്ടെങ്കിൽപോലും ഇക്കാര്യത്തിൽ തമിഴ്നാട് ഗവൺമെന്റ് കാണിച്ച മാതൃക നാം സ്വീകരിക്കണം. ഞങ്ങൾക്ക് ഇത്രയും ആൾ ഇന്ത്യാ ആഫീസേഴ്സും ഐ.എ.എസ്.- കാരും, ഐ.എഫ്.എസ്., ഐ.പി.എസ്.-കാരും വേണ്ടെന്ന് വളരെ കർക്കശമായി കേന്ദ്ര ഗവൺമെന്റിനോട് പറഞ്ഞു. കേരളത്തിന്റെ ഇന്നത്തെ ശുഷ്കമായ സാമ്പത്തിക സ്ഥിതി വച്ചുകൊണ്ട് ആൾ ഇന്ത്യ ഉദ്യോഗസ്ഥരുടെ എണ്ണം കുറയ്ക്കാൻ ശ്രമിക്കണം. ഐ.എ.എസ്.-ൽ ആയാലും കൊള്ളാം. ഐ.എഫ്.എസ്.-ൽ ആയാലും കൊള്ളാം. ഐ.പി.എസ്.-ൽ ആയാലും കൊള്ളാം. .....(ബഹളം)

<u>ശ്രീ. രാജു എബ്രഹാം:</u> സർ, അങ്ങ് ഐ.എഫ്.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ എണ്ണം കുറയ്ക്കണമെന്ന് പറഞ്ഞത് വളരെ നല്ല നിർദ്ദേശമാണ്. അതുപോലെത്തന്നെ ഈ മന്ത്രിമാരുടെ എണ്ണം കുറയ്ക്കുന്നത് നമ്മുടെ സംസ്ഥാനത്തിന് നേട്ടമല്ലേ എന്നാണ് എന്റെ ഒരു സംശയം.

<u>ശ്രീ. തമ്പാനൂർ രവി:</u> സർ, ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമം അനുസരിച്ച 21 മന്ത്രിമാരാകാം. ഇനി ഒന്നുകൂടി വേണമെങ്കിൽ ആകാം. ഒരു തെറ്റും ഇവിടെ കാണിച്ചിട്ടില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ആ 21-ാമൻ എപ്പോൾ വരും?

<u>ശ്രീ. തമ്പാനൂർ രവി:</u> ആ 21-ാമൻ ഞങ്ങളുടെ കോൺഗ്രസ് പാർലമെന്ററി പാർട്ടിയും ഹൈക്കമാന്റുംകൂടി തീരുമാനിക്കുമ്പോൾ വരും. നമ്മുടെ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി എന്നിങ്ങനെ ഇത്രയും പേർ എന്തിനാണ്? അതുപോലെത്തന്നെ സ്പെഷ്യൽ സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, പണ്ടൊക്കെ ഒരു സെക്രട്ടറിയേയുള്ളൂ. ഞാൻ ആരെയും കുറ്റം പറയുന്നതല്ല. ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടെങ്കിൽ കുറെ പോസ്റ്റുകൾ കുറച്ചിട്ട്..... ആരെയും പിരിച്ചുവിടണമെന്ന് പറയുന്നില്ല—അവിടെ ചെലവ് കുറയ്ക്കണം. നമ്മുടെ ശമ്പളത്തിന്റെ 60 ശതമാനവും ഉയർന്ന ഉദ്യോഗസ്ഥർക്കാണ് കൊടുക്കുന്നത്. അതുകൊണ്ട് അവരുടെ എണ്ണം ചുരുക്കുകതന്നെ വേണം. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ 15 ശതമാനം കട്ട് ഏർപ്പെടുത്തണം. എന്തിനാണ് 27 പേർ? ഞാൻ മന്ത്രിമാരുടെ എണ്ണം പറയുകയല്ല. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ 22 പേരിൽക്കൂടുതൽ ആവശ്യമില്ല. 5 പേരെ വച്ച് എല്ലാവരും കുറയ്ക്കണം. ഭരണ സിരാകേന്ദ്രമായ സെക്രട്ടേറിയറ്റ് ഭരിക്കുന്ന മന്ത്രിമാർക്ക് 27 പേരുടെ ആവശ്യമില്ല. 15 ശതമാനം കട്ട് ചെയ്യണം. നമ്മൾ മാതൃക കാണിക്കണം. അതുപോലെത്തന്നെ ഇലക്ട്രിസിറ്റി ബോർഡിൽ എത്ര ചീഫ് എഞ്ചിനീയർമാരാണുള്ളത്? കെ.എസ്.ആർ.ടി.സി.-യിൽ എക്സിക്യൂട്ടീവ് ഡയറക്ടർ—ഒരു ഡെപ്യൂട്ടി കളക്ടർ റിട്ടയർ ചെയ്തയാളാണ്. 16 എക്സിക്യൂട്ടീവ് ഡയറക്ടറാണ് കെ.എസ്.ആർ.ടി.സി.-യിൽ ഉള്ളത്. ഇറിഗേഷനിൽ എത്ര ചീഫ് എഞ്ചിനീയർമാരാണ്? വാട്ടർ അതോറിറ്റിയിൽ എത്ര ചീഫ് എഞ്ചിനീയർമാരാണ്? കേരളം പോലൊരു കൊച്ചു

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് റവന്യൂ വരുമാനത്തിന്റെ 94 ശതമാനവും ശമ്പളത്തിനും പെൻഷനുംവേണ്ടി കൊടുക്കുന്ന കാര്യത്തിൽ ശരിയായ സമീപനം സ്വീകരിച്ചില്ലെങ്കിൽ നമ്മുടെ നാട് രക്ഷപ്പെടാൻ പോകുന്നില്ല. ശരിയായ ഒരു അപ്രോച്ച് ഇക്കാര്യത്തിലുണ്ടാകണം. അതിന് എല്ലാവരും തയ്യാറാകണം. അത് കേരളത്തിന്റെ ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ നിന്ന് ആരംഭിക്കണം, എങ്കിൽ മാത്രമേ ഇതിന് അംഗീകാരം കിട്ടൂ. ആ നിലയിലുള്ള ഒരു സംവിധാനം കേരളത്തിന് ആവശ്യമാണെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ പ്ലാനിംഗ് ബോർഡിന്റെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അതിന്റെ ചെയർമാൻ. പ്ലാനിംഗ് ബോർഡിനെ കുറച്ചുകൂടി കാര്യക്ഷമമാക്കണം. ഉദ്യോഗസ്ഥ മേധാവിത്വ സംവിധാനം മാറ്റിയിട്ട് കുറെക്കൂടി ശാസ്ത്രീയ സമീപനം സ്വീകരിച്ചുകൊണ്ട് പ്ലാനിംഗ് ബോർഡിന്റെ അടിമുടിവരെയുള്ള പ്രവർത്തനങ്ങൾ റീസ്ട്രക്ചർ ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല. ശാസ്ത്ര സാങ്കേതിക വകുപ്പിൽ കുറെ ഘടോൽക്കചൻമാർ ഉണ്ട്. ഇവിടെ നാട്പാക്ക് എന്ന ഒരു സ്ഥാപനം ഉണ്ട്. തമിഴ്നാട്ടിൽ പോലീസ് സ്റ്റേഷനിൽ ആളുകൾക്ക് ഹാജർ വയ്ക്കേണ്ട ഒരാൾ അവിടത്തെ ഡയറക്ടറാണ്. അയാൾ വിമാനത്തിലാണ് വരുന്നത്. ഇതൊക്കെ നമ്മൾ പരിശോധിക്കണം. ശാസ്ത്ര സാങ്കേതിക വകുപ്പിൽ ആവശ്യമില്ലാത്ത തസ്തികകൾ നിർത്തലാക്കിക്കൊണ്ട് വളരെ ശാസ്ത്രീയവും പ്രയോജനപ്രദവുമായ രീതിയിൽ ശാസ്ത്ര സാങ്കേതിക വകുപ്പ് പുനഃസംഘടിപ്പിക്കണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഇന്ന് അതിനെ ആരും അത്ര കാര്യമായി ശ്രദ്ധിക്കുന്നില്ല. ഒരുപാട് കോൺട്രിബ്യൂട്ട് ചെയ്യാൻ കഴിയുന്ന ഒരു പ്രധാന വകുപ്പ് എന്ന നിലയ്ക്ക് അവിടെ വളരെ കാതലായ മാറ്റം ആവശ്യമാണ്. ഇവിടെ 'ക്ലീൻ കേരള' പരിപാടിക്ക് ഫണ്ട് നീക്കിവച്ചിട്ടുണ്ട്. റോഡ് ആക്സിഡന്റ്സ് കേരളത്തിലെ അടുത്തകാലത്തെ പ്രധാന സംഭവമല്ലേ. ബഹുമാനപ്പെട്ട മന്ത്രി ബഡ്ജറ്റിൽ അതിനെപറ്റി ഒന്നും പറയുന്നില്ല. റോഡ് ആക്സിഡന്റ് പരമാവധി നിയന്ത്രിക്കാൻ കഴിയുന്ന രീതിയിൽ ഒരു സംവിധാനം ഉണ്ടാക്കുകയും അതിന് പ്രത്യേക ഫണ്ട് വയ്ക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. കെ.എസ്.ആർ.ടി.സി. ഒരു വലിയ പബ്ലിക് സെക്ടറാണ്. ഇലക്ട്രിസിറ്റി ബോർഡിനുവേണ്ടി 2000 കോടി രൂപ ഈ ബഡ്ജറ്റിൽ കൊടുക്കുമ്പോൾ ഒരു രൂപ പോലും കെ.എസ്.ആർ.ടി.സി.-ക്ക് മാറ്റിവച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി. പബ്ലിക് യൂട്ടിലിറ്റി സ്ഥാപനമാണ്. ഇലക്ട്രിസിറ്റിയും വാട്ടർ അതോറിറ്റിയും അതുപോലെത്തന്നെ കെ.എസ്.ആർ.ടി.സി.-യും പബ്ലിക് യൂട്ടിലിറ്റി സർവ്വീസുകളാണ്. കെ.എസ്.ആർ.ടി.സി.-ക്ക് ബഡ്ജറ്റിൽ പ്രൊവിഷൻ കൊടുക്കണം. ഈ പറയുന്നത് പ്രത്യേകമായി ശ്രദ്ധിച്ചുകൊണ്ട് ഒരു ശക്തമായ സാമ്പത്തിക അച്ചടക്കം മറ്റേതൊരു കാലഘട്ടത്തേക്കാളും കേരളത്തിന് ഇപ്പോൾ ആവശ്യമാണ്. തീർച്ചയായും ആ രംഗത്ത് ബഡ്ജറ്റിൽ ഒരുപാട് ഊന്നലുകൾ നൽകാൻ ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിച്ചിട്ടുണ്ട്.അതോടൊപ്പം ഞാൻ ചൂണ്ടിക്കാണിച്ചതിനുകൂടി ഒരു പ്രത്യേക ശ്രദ്ധ ചെലുത്തി അനാവശ്യ തസ്തികകളൊക്കെ വെട്ടിച്ചുരുക്കിക്കൊണ്ട് വളരെ മാതൃകാപരമായി കേരളം മുമ്പോട്ട് പോയാൽ മാത്രമേ ഈ ഭാരിച്ച സാമ്പത്തിക കെണിയിൽനിന്ന് നമുക്ക് രക്ഷപ്പെടാൻ കഴിയൂ. ആ നിലയ്ക്ക് പ്രത്യേക ശ്രദ്ധ ധനകാര്യ വകുപ്പുമന്ത്രിക്കുണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. കാരണം ഇത് കവർ തെറ്റിവന്ന ഒരു ബഡ്ജറ്റാണ്. എ.ഡി.ബി. പല സംസ്ഥാനങ്ങളിലേക്കും ബഡ്ജറ്റ് തയ്യാറാക്കി. കേരളത്തിന്റെ അഡ്രസ്സ് എഴുതിയ കവറിനകത്ത് തമിഴ്നാടിന്റെ ബഡ്ജറ്റ് കയറി

LIBRARY ARCHIVES Kerala Legislative Assembly

വന്നു, അതാണ് അദ്ദേഹം ഇവിടെ അവതരിപ്പിച്ചത്. ഇതിനെ എങ്ങനെ പിന്തുണയ്ക്കാൻ കഴിയും? ഈ ബഡ്ജറ്റ് ഒന്ന് വായിച്ചുനോക്കിയിട്ട് അവതരിപ്പിച്ചിരുന്നെങ്കിൽ അദ്ദേഹം ഇതൊന്ന് പരിശോധിക്കാൻ തയ്യാറുണ്ടായിരുന്നുവെങ്കിൽ കുറെക്കൂടെ നന്നാകുമായിരുന്നു. ഈ ബഡ്ജറ്റ് പ്രതീക്ഷകൾ സാക്ഷാത്ക്കരിക്കുന്നതാണ് എന്നാണ് 227-ാംഖണ്ഡികയിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത്. എന്തു പ്രതീക്ഷയാണ് സാക്ഷാത്ക്കരിക്കുന്നതെന്നുകൂടി അദ്ദേഹം ഒന്ന് വിശദീകരിക്കണം. ആരുടെ പ്രതീക്ഷകളാണ് സാക്ഷാത്ക്കരിക്കുന്നത്? കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷകൾ സാക്ഷാത്ക്കരിക്കുമെന്ന് പറയാൻ പറ്റില്ല. കാരണം കൈവരിച്ച എല്ലാ നേട്ടങ്ങളെയും പടിപടിയായി തകർക്കുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഒറ്റ ഉദാഹരണം പറയാം. സത്യവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് ധവളപത്രം ഇറക്കിയത് എന്നുള്ളത് അദ്ദേഹം ഇതിനകത്ത് അംഗീകരിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തെ കടക്കെണിയിലാക്കി എന്നുപറഞ്ഞാണ് ധവളപത്രം ഇറക്കിയത്. ഈ ഗവൺമെന്റ് രണ്ടര വർഷം പിന്നിട്ടപ്പോൾ 14310 കോടി രൂപ കടം വാങ്ങിയിരിക്കുകയാണ്. ഈ രണ്ടര വർഷംകൊണ്ട് കടം വർദ്ധിച്ചിരിക്കുന്നു. എന്നുമാത്രമല്ല, 1600 കോടി രൂപയുടെ അധികഭാരം അങ്ങ് അവതരിപ്പിച്ച ഈ ബഡ്ജറ്റുകളിലൂടെ കേരളത്തിലെ ജനങ്ങളുടെമേൽ ചുമത്തിയിരിക്കുകയാണ്. 1600 കോടി രൂപയുടെ വർദ്ധനവ് സർവ്വകാല റെക്കോർഡാണ്. കടം കൂട്ടിയതിന് സർവ്വകാല റെക്കോർഡ്. അതിന് അദ്ദേഹം ഒരു നീതിശാസ്ത്രം ഉന്നയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ഇതൊന്ന് ശ്രദ്ധിച്ചിട്ട് മറുപടി പറയാൻ തയ്യാറാകണം. അപ്പോൾ താങ്കളുടെ മാനസികാവസ്ഥയും സഹപ്രവർത്തകരുടെ മാനസികാവസ്ഥയും മനസ്സിലാകും. സമവായം പ്രസംഗിച്ച വ്യവസായ വകുപ്പുമന്ത്രി ഇവിടെ കോട്ടുവായ് ഇട്ട് പോകുന്നത് ഞങ്ങൾ കണ്ടു. അതിനെക്കുറിച്ച് ഞാൻ പിന്നെ പറയാം. അതുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രിയെങ്കിലും ഈ ചർച്ച ഒന്ന് ശ്രദ്ധിച്ചിട്ട് ഞങ്ങളോട് മറുപടി പറയണം. അദ്ദേഹം ഒരു പുതിയ നീതിശാസ്ത്രം ഉന്നയിച്ചിട്ടുണ്ട്. ഇതിലെ 221-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത് ധവളപത്രത്തിൽ പറഞ്ഞിരിക്കുന്നതിന്റെ നേരെ വിപരീതമാണ്. ധവളപത്രത്തിൽ എന്താണ് പറഞ്ഞിരിക്കുന്നത്? "നമ്മുടെ വികസന ലക്ഷ്യങ്ങൾക്ക് അനുസൃതമായുള്ള പദ്ധതികൾ നടപ്പാക്കണമെങ്കിൽ അത്രയും വർദ്ധിച്ച തുക കടമെടുക്കേണ്ടി വരിക അനിവാര്യമാണ്." അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിലെ 221-ാം ഖണ്ഡികയിൽ പറയുകയാണ്. "എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തെ കടക്കെണിയിലാക്കി" എന്ന് ധവളപത്രം ഇറക്കിയ ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ പറയുന്നു ഇത്രയും വികസന പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ അതിനനുസരിച്ച് കടമെടുക്കുക അനിവാര്യമാണെന്ന്. അതാണ് ഇതിനകത്ത് അദ്ദേഹം സൂചിപ്പിച്ചിരിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഷ്യത്തിൽ എത്ര സൗകര്യപ്രദമായ മലക്കം മറിച്ചിലാണ് കാണാൻ കഴിയുന്നത്? ടി.പി. അക്കൗണ്ട് മരവിപ്പിച്ചതിലൂടെ എത്ര രൂപ വന്നു എന്ന് പറയാൻ അങ്ങ് തയ്യാറാകണം. ഇതിലൊന്നും ഇതിനെക്കുറിച്ച് ഒരു അക്ഷരം പോലും പറഞ്ഞിട്ടില്ല. 2003-2004-ലെ ബഡ്ജറ്റിന്റെ 40-ാം ഖണ്ഡികയിൽ വിധവകൾ, അശരണർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, കയർ-മത്സ്യത്തൊഴിലാളികൾ എന്നിവരുടെ 31-3-2003 വരെയുള്ള പെൻഷൻ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനായി 150 കോടി രൂപ അങ്ങ് ഉൾപ്പെടുത്തിയിട്ടുണ്ട്. 2003 മാർച്ച് വരെയുള്ള കുടിശ്ശികയും ഈ തുകയിൽനിന്ന് കൊടുക്കും. 2003 ഏപ്രിൽ 1 മുതൽ മാസാമാസം പെൻഷൻ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുമെന്നാണ് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തി ഈ നിയമസഭയ്ക്ക് ഉറപ്പുനൽകിയത്. 2003-2004-ലെ അങ്ങയുടെ ബഡ്ജറ്റിൽ പറയുന്നു "രണ്ട് തവണ കുടിശ്ശിക കൊടുക്കുമെന്ന് ഞാൻ സന്തോഷപൂർവ്വം പ്രഖ്യാപിക്കുന്നു." ബഹുമാനപ്പെട്ട ആര്യാടനും ഇന്നലെ അതിനെ പ്രകീർത്തിക്കുന്നത് കേട്ടു. "തൊലി തോടായാൽ തൊട്ടാൽ അറിയുമോ?" കഴിഞ്ഞ ഏപ്രിൽ മാസം 1-ാം തീയതി മുതൽ എല്ലാവർക്കും പെൻഷൻ മാസംതോറും കൊടുക്കുമെന്ന് പറഞ്ഞു. ഇപ്പോൾ കുടിശ്ശിക എത്ര? രണ്ടുകാര്യം മാത്രം പറയാം. തൊഴിലില്ലായ്മ വേതനം 140 കോടി രൂപ, 30 മാസത്തെ കർഷക തൊഴിലാളി പെൻഷൻ 150 കോടി രൂപ. കുടിശ്ശിക കഴിഞ്ഞ ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ മാസാമാസം കയ്യിൽ കിട്ടുമെന്ന് പ്രഖ്യാപിച്ചതാണ്. ഇപ്പോൾ അതിൽ രണ്ടുതവണ കൊടുക്കുമെന്ന് പറയുന്നു. അതും സന്തോഷപൂർവ്വം തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് 32 മാസത്തിനിടയിൽ ഒരു നടപടിയെങ്കിലും സ്വീകരിച്ചോ? നിയമസഭയേയും ജനങ്ങളേയും തെറ്റിദ്ധരിപ്പിക്കുന്ന എന്തൊക്കെ കണക്കുകളാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്? ശ്രീ. ആര്യാടൻ പറഞ്ഞ കണക്കല്ല ഞാൻ പറയുന്നത്. ഇത് സഭയോടുള്ള അവകാശ ലംഘനമായി കാണണം. കാരണം എക്കണോമിക് റിവ്യൂ എന്നുപറയുന്നത് ആധികാരിക രേഖയാണ്. എന്നാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും താങ്കളുടെ സർക്കാരും നിങ്ങളുടെ രാഷ്ട്രീയ താൽപ്പര്യത്തിനനുസരിച്ച് രാഷ്ട്രീയ ലക്ഷ്യത്തിനായി കണക്കിൽ തിരിമറി നടത്തിയിരിക്കുകയാണ്. ഇത് ഭരണപരമായി ദൂരവ്യാപക ഫലങ്ങളുണ്ടാക്കും. 2002-ലെ എക്കണോമിക് റിവ്യൂവിൽ എന്താണ് പറഞ്ഞിട്ടുള്ളത്? 2002-ലെ എക്കണോമിക് റിവ്യൂവിന്റെ 15-ാം പേജിൽ പറഞ്ഞിരിക്കുന്നു 2002-ൽ തൊഴിലില്ലാത്ത, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം 39,56,017 ആണ് എന്ന്. 2003-ലെ എക്കണോമിക് റിവ്യൂ എടുത്ത് പരിശോധിക്കൂ. അതിൽ പറഞ്ഞിരിക്കുന്നത് 2002-ൽ തൊഴിലില്ലാത്ത, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം 36,79,892 എന്നാണ്. ഒരേകണക്ക് രണ്ട് എക്കണോമിക് റിവ്യൂവിൽ അച്ചടിച്ച് വന്നപ്പോൾ 2,76,125 പേരുടെ വ്യത്യാസം. ഇവർ എവിടെ പോയി? കഴിഞ്ഞ വർഷത്തെ എക്കണോമിക് റിവ്യൂവിൽ പറഞ്ഞിരിക്കുന്ന കണക്കും, ഈ വർഷത്തെ എക്കണോമിക് റിവ്യൂവിൽ പറഞ്ഞിരിക്കുന്ന കണക്കും തമ്മിൽ 2,76,125 പേരുടെ വ്യത്യാസമാണ്. 2002-ലെ തൊഴിൽ രഹിതരുടെ കണക്ക് 2003-ലെ എക്കണോമിക് റിവ്യൂവിന്റെ 329-ാമത്തെ പേജിലാണ് പറഞ്ഞിട്ടുള്ളത്. ഈ കണക്കിൽ ഏതാണ് വിശ്വസിക്കേണ്ടത്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിനു മറുപടി പറയണം. അതിനേക്കാൾ രസകരമായ ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാം. മന്ത്രിയുടെ കണക്കനുസരിച്ച് 2002-ൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയാണെന്നാണ് പറഞ്ഞിരിക്കുന്നത്? 2002-ൽ രജിസ്റ്റർ ചെയ്തവരുടെ പേര് വെട്ടിക്കുറച്ചില്ലേ? അങ്ങനെയല്ലേ ഈ കണക്കിൽ ചേർത്തിരിക്കുന്നത്? അല്ലെങ്കിൽ എക്കണോമിക് റിവ്യൂവിൽ വന്നിരിക്കുന്ന കണക്ക് എങ്ങനെ രണ്ട് തരത്തിലാകും? ഇങ്ങനെ നിങ്ങളുടെ രാഷ്ട്രീയാവശ്യത്തിനുവേണ്ടി സർക്കാർ രേഖകളിൽ തിരിമറി നടത്തുകയാണ്. അതല്ലേ ഈ കണക്ക് മേശപ്പുറത്ത് വച്ചതിൽ നിന്ന് മനസ്സിലാക്കേണ്ടത്? 2002 ഒക്ടോബർ 31-ന് തൊഴിൽ വകുപ്പുമന്ത്രി നിയമസഭയിൽ തന്ന ഒരു കണക്ക് കൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാം. തൊഴിൽരഹിതരുടെ എണ്ണം മുപ്പത്തിയൊമ്പത് ലക്ഷത്തി അറുനൂറ്റി നാൽപത്തി ഒന്നാണ്. എന്നാൽ അങ്ങ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് 38.6 ലക്ഷം എന്നാണ്. അതെല്ലാംകൂടി എങ്ങനെയാണ് പൊരുത്തപ്പെടുന്നത്? ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

അച്ചടിച്ച് വച്ചിരിക്കുന്ന ഈ പുസ്തകം ആരും വായിക്കില്ലെന്നാണോ വിചാരിക്കുന്നത്? 2002-ൽ പറഞ്ഞതും 2003-ൽ പറഞ്ഞതും തമ്മിൽ രണ്ട് ലക്ഷത്തിൽ ചിലാനം വ്യത്യാസം; മന്ത്രി, സഭയിൽതന്ന കണക്കനുസരിച്ച് 39 ലക്ഷത്തിൽ ചിലാനം. ഇവിടെ പറഞ്ഞിരിക്കുന്ന കണക്ക് 38.6 ലക്ഷം, ഞങ്ങൾ ഏത് വിശ്വസിക്കണം? നിങ്ങൾ അത് വ്യക്തമാക്കണം. എക്കണോമിക് റിവ്യൂവിലും ബഡ്ജറ്റ് രേഖയ്ക്കകത്തും വ്യത്യസ്തമായ കണക്കെഴുതി തെരഞ്ഞെടുപ്പിനെ നേരിടാൻ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് സഭയോടുള്ള അവകാശലംഘ നമായി കാണേണ്ടേ? ഇവിടെ ആർക്കാണ് തൊഴിൽ കൊടുത്തത്? വ്യവസായ സ്ഥാപന ങ്ങൾ അടച്ചുപൂട്ടിയതുവഴി സർക്കാർ കണക്കനുസരിച്ച് 8,829 പേർക്ക് ജോലി ഇല്ലാതായി. സമവായം പ്രസംഗിക്കുന്ന വ്യവസായ വകുപ്പുമന്ത്രിയെ കണ്ടില്ല. അദ്ദേഹം ഇവിടെ ഇരുന്ന് കോട്ടുവായ് ഇട്ടിട്ട് പോകുന്നതു കണ്ടു. ഞങ്ങൾ കാരണമാണ് ഇവിടെ വ്യവസായം വരാത്തത് എന്നല്ലേ അദ്ദേഹം എപ്പോഴും പറയുന്നത്? ഇന്നലെ ഉറക്കമിളച്ചത് ഞങ്ങൾക്കുവേണ്ടി അല്ലല്ലോ? 32 മാസത്തിനിടയിൽ 48 പൊതുമേഖലാ സ്ഥാപനങ്ങളും 1660 ചെറുകിട വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടി കേരളത്തെ മുന്നോട്ട് നയിക്കുക യാണെന്നാണ് പറയുന്നത്. എക്കണോമിക് റിവ്യൂ പ്രകാരം കഴിഞ്ഞ വർഷം തൊഴിൽ ലഭിച്ചത് കേവലം 5037 പേർക്കാണ്. പരമ്പരാഗത മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെ എണ്ണമെത്രയാണ്. ഒന്നും പറയേണ്ട. കാഷ്യു ഡവലപ്പ്മെന്റ് കോർപ്പറേഷനിലും, കാപ്പക്സിലും ജോലി കൊടുത്തത് വെറും പതിനൊന്ന് ദിവസമാണ്. രണ്ടര മാസം തൊഴിലാളി സമരം ചെയ്തപ്പോൾ, ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ പറഞ്ഞു, ഗ്രാമീണ മേഖലയിൽ സ്ത്രീ തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്നു, നാലര ലക്ഷം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന കയർ മേഖലയെ കുളിപ്പിച്ചുകിടത്തി, രണ്ടര ലക്ഷം തൊഴിലാളി പണിയെടുക്കുന്ന കശുവണ്ടി മേഖലയിൽ പണിയില്ലാതെയായി. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ സ്ത്രീകളാണ്. അത് മറച്ചുവയ്ക്കാനാണ് ഈ കള്ളക്കണക്കും കൊണ്ട് അദ്ദേഹം വന്നിരിക്കുന്നത്. ഗ്രാമീണ മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ട പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന സ്ത്രീതൊഴിലാളികളെ സഹായി ക്കാൻവേണ്ടി ഒരു നിധി രൂപീകരിച്ചു. പരമ്പരാഗത മേഖലയിൽ സഹായിക്കാൻ രൂപീകരിച്ച നിധിയെപ്പറ്റി അങ്ങയെ ഞാൻ ഒന്ന് ഓർമിപ്പിക്കട്ടെ. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ അങ്ങുതന്നെ പറഞ്ഞിരുന്നു. പരമ്പരാഗത വ്യവസായ മേഖലയിലെ സഹായ നിധിയെക്കുറിച്ച്. സമയക്കുറവുകൊണ്ട് ഞാൻ വായിക്കുന്നില്ല. എങ്കിലും ആ ഭാഗം ഒന്നു പറഞ്ഞേക്കാം. 2003 സെപ്റ്റംബറിൽ നടപ്പിലാക്കാൻ സാധിക്കുംവിധം ഈ പദ്ധതി 2003 ആഗസ്റ്റിനു മുമ്പ് തയ്യാറാക്കേണ്ടതായിരുന്നു. അടുത്ത മൂന്നു വർഷം നീണ്ടു നിൽക്കുന്ന ഈ നൂതന പദ്ധതിക്ക് 500 കോടിയിൽപ്പരം രൂപ ആവശ്യമായിവരും എന്ന് കണക്കാക്കപ്പെടുന്നു. അഞ്ചു പൈസ നീക്കി വച്ചോ? എന്നിട്ട് ഇപ്പോഴും കൊണ്ടുവന്നിരി ക്കുകയാണ് ആശ്വാസ പദ്ധതി! ആര്യാടനെപ്പോലെ ബഹുമാന്യനായ മെമ്പറെക്കൊണ്ട് ഇന്നലെ പിന്നേയും പ്രസംഗിപ്പിച്ചു. സ്ത്രീകൾക്ക് 50 കോടി രൂപ മാറ്റിവച്ചു എന്നുള്ളത് നല്ല കാര്യം അല്ലേ പ്രതിപക്ഷ നേതാവേ എന്ന്. അങ്ങനെ ചോദിക്കണോ? ഈ പദ്ധതിക്ക് പത്തുപൈസ മാറ്റിവച്ചോ? മാറ്റിവച്ചില്ല എന്നുള്ളതല്ലേ സത്യം. 2003-04 ബഡ്ജറ്റിലെ മുപ്പത്താമത്തെ ഖണ്ഡികയാണ് ഞാൻ ഉദ്ധരിച്ചത്. എന്നിട്ടിപ്പോൾ എന്താണ് സ്ഥിതി? ഇപ്പോൾ വീണ്ടും പറയുകയാണ് അൻപത് കോടി രൂപ പിന്നേയും മാറ്റിവയ്ക്കുമെന്ന്. സ്ത്രീകളുടെ തൊഴിലിനും ശാക്തീകരണത്തിനും 101 കോടി രൂപ 2003-ലെ ബഡ്ജറ്റിൽ മാറ്റിവച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഒരു പൈസയും കൊടുക്കാതെ മാറിനിന്നിട്ട് അൻപത് കോടി രൂപ എന്നത്തേയ്ക്കാണ് കൊടുക്കാൻ പോകുന്നത്? പദ്ധതിക്കൊന്നും ഒരു ക്ഷാമവും ഇല്ല; പ്രഖ്യാപനങ്ങൾക്ക് യാതൊരു കുറവും ഇല്ല. എന്താ നടപ്പിലാക്കിയത്? ഇവിടുത്തെ മരാമത്ത് പണിയുടെ റിപ്പോർട്ട് ഒന്ന് വായിച്ചു നോക്കൂ. എന്റെ മണ്ഡലവും ശ്രീ. ഐസക്കിന്റെ മണ്ഡലവും പരിഗണിക്കേണ്ട. ഞങ്ങളെയെല്ലാം വിട്ടേയ്ക്കൂ. 75 ശതമാനം മരാമത്ത് പണിയും മുപ്പത് നിയമസഭാ മണ്ഡലങ്ങളിലാണ് നടന്നത്. ഞാൻ വെല്ലുവിളിക്കുന്നു. നിങ്ങൾ പത്ര സമ്മേളനത്തിൽ നിഷേധിച്ചല്ലോ. 75 ശതമാനം മരാമത്ത് പണി മുപ്പത് മണ്ഡലത്തിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഇതാണോ ഒരു ബഡ്ജറ്റ്? ഈ ബഡ്ജറ്റിനെ നീതീകരിക്കാനും മനഃസാക്ഷിയുള്ളവർക്ക് അംഗീകരിക്കാനും കഴിയുമോ? കർഷകർക്ക് 200 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. കൃഷിവകുപ്പുമന്ത്രി ഇപ്പോൾ ഇവിടെ ഇല്ല. അവസാനം പഞ്ചപാണ്ഡവരും പട്ടിയും കൂടെ നടന്ന പരുവത്തിലാകുകയാണല്ലോ കാര്യങ്ങൾ. ഒരു രൂപ കൃഷിക്കാരന് കിട്ടിയോ? അങ്ങ് ഇന്നലെ ഒരുപാട് പരിദേവനം ഈ സഭയിൽ പറഞ്ഞല്ലോ? ഇപ്പോൾ എന്താ സ്ഥിതിയെന്ന് അങ്ങേയ്ക്ക് അറിയാമോ? കേരളത്തെ ഐശ്വര്യ സമൃദ്ധമായി ഉയർത്തെഴുന്നേൽപ്പിക്കാൻവേണ്ടി ഒരു പുതിയ നിയമം കൊണ്ടുവന്നു. ഇപ്പോൾ എന്താണ് സ്ഥിതി? 2001-2002-ൽ കേരളത്തിന്റെ സമ്പദ്ഘടനയിൽ കൃഷിയിൽ നിന്നുള്ള വിഹിതം 19.1%, 2002-2003-ൽ ധനകാര്യ വകുപ്പുമന്ത്രി, അങ്ങയുടെ സർക്കാരിന്റെ ഭരണം കാരണം വരുമാനം 17.2% ആയി. ഇത് പുരോഗതിയുടെ കണക്കാണോ? ബഹുമാനപ്പെട്ട ആര്യാടൻ പറഞ്ഞ കണക്കല്ല ഇത്. അങ്ങ് അച്ചടിച്ചുതന്ന കണക്ക് ഞാൻ ഉദ്ധരിക്കുകയാണ്. കേരളത്തിന്റെ കാർഷിക വരുമാനം 19.1% ആയിരുന്നത് 17.2 % ആയി. അങ്ങ് ഇത് വർദ്ധിപ്പിക്കാൻ ഇതിനകത്ത് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഗൗരിയമ്മ ഈ സഭയിൽ ഇല്ലെങ്കിലും ആരെങ്കിലും ഈ പ്രസംഗം പറഞ്ഞു കൊടുക്കും എന്ന് വിശ്വസിക്കുകയാണ്. 1959-ൽ, 1960-ൽ, 1963-ൽ ശ്രീ. പി. ടി. ചാക്കോ അവസാനമായി ബില്ല് കൊണ്ടുവന്നപ്പോഴും കേരളത്തെ സമഗ്ര ഭൂപരിഷ്ക്കരണ നിയമത്തിനുവേണ്ടി, കൈവശ കൃഷിക്കാരന് ജൻമാവകാശം കൊടുക്കുന്നതിനുവേണ്ടി കേരള നിയമസഭയിൽ പ്രസംഗിച്ച് നിലപാടെടുത്ത ശ്രീമതി ഗൗരിയമ്മ, ഞാൻ ഇപ്പോഴും ഓർക്കുന്നു 1970 ജനുവരി മാസം അറവുകാട് സമ്മേളനത്തിൽ മഹാനായ എ.കെ.ജി. പ്രസംഗിച്ചു. "ഭൂപരിഷ്ക്കരണത്തിന്റെ അമ്മയാണ് ശ്രീമതി ഗൗരിയമ്മ" എന്ന്. ശ്രീമതി ഗൗരിയമ്മ അംഗമായിട്ടുള്ള കേരളത്തിലെ മന്ത്രിസഭ 1969-ൽ നടപ്പിലാക്കിയ ഭൂപരിഷ്ക്കരണ നിയമം അട്ടിമറിക്കുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത്.....(ബഹളം).....(ബഹളം)..... ഞാൻ വഴങ്ങുന്നില്ല.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ...(ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: Please resume your seat .....

ശ്രീ. ടി. കെ. ദേവകുമാർ: ഈ പറയുന്ന വക്കീൽ എന്തിനാണ് ഇപ്പോൾ ബഹളം വയ്ക്കുന്നത്? വക്കീലിന് ശ്രീമതി ഗൗരിയമ്മയുമായിട്ടുള്ള ബന്ധത്തിനേക്കാൾ കൂടുതൽ ബന്ധം ഇപ്പുറത്തിരിക്കുന്നവർക്കുണ്ട്. വക്കീലും ശ്രീമതി ഗൗരിയമ്മയുമായിട്ടുള്ള ബന്ധം എത്ര കൊല്ലത്തേതാണെന്ന് എനിക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. ദേവകുമാർ എന്തോ കണ്ട് പറയുകയാണ്. ശ്രീമതി ഗൗരിയമ്മ പഴയ ഗൗരിയമ്മയൊന്നും അല്ല. നാരിപൂജ നടത്തിയ ഗൗരിയമ്മയാണ് ഇപ്പോഴത്തെ ഗൗരിയമ്മ. അത് മനസ്സിലാക്കിയിട്ടില്ലേ?

ശ്രീ. ടി. കെ. ദേവകുമാർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് വളരെ കറക്ടാണ്. ..... (ബഹളം)..... നാരിപൂജ നടത്തിയ ശ്രീമതി ഗൗരിയമ്മ മറുപടി പറയണമെന്ന് തന്നെ പറഞ്ഞത് ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ സെൻസിലാണ്. എവിടെയൊക്കെ എത്തി? ഇപ്പോൾ ന്യായീകരിക്കാൻ ആള് അപ്പുറത്ത് ഉണ്ടായി. ..... (ബഹളം)..... പാരഗ്രാഫ് 27-ൽ പറയുന്നു എന്റെ കേരളം കൊണ്ട് സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനത്തിന്റെ പിൻതുടർച്ചയായി വന്ന കമ്മ്യൂണിസ്റ്റുകാർ കേരളത്തിൽ കൊണ്ടുവന്ന സമഗ്രഭൂപരിഷ്ക്കരണ നിയമം അട്ടിമറിക്കാൻ ഇതാ 25 കോടി രൂപ മാറ്റിവയ്ക്കുന്നു. . എന്തിനാ? ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ സഹായത്തോടെ പെപ്സി-കോള കമ്പനിക്കാർക്ക് കേരളത്തിൽ വന്ന് പൈനാപ്പിൾ കൃഷി ചെയ്യാൻ.....

മി. ഡെപ്യൂട്ടി സ്പീക്കർ: Time is over .....Please .....conclude.

ശ്രീ. ടി. കെ. ദേവകുമാർ: ജിം-ന്റെ പേരിൽ ഒറ്റ വ്യവസായം പോലും രജിസ്റ്റർ ചെയ്തിട്ടില്ല എന്ന് കേന്ദ്ര കമ്പനികാര്യ അസിസ്റ്റന്റ് രജിസ്ട്രാർ വ്യക്തമാക്കിയിരിക്കുന്നു. ബന്ദും പണിമുടക്കും കൊണ്ടാണ് വ്യവസായങ്ങൾ ഒന്നും കേരളത്തിൽ വരാത്തതെന്നാണ് വ്യവസായ വകുപ്പുമന്ത്രിയുടെ വിലയിരുത്തൽ, വസ്തുത അതല്ല, വൈദ്യുതി ചാർജ്ജ് മൂന്നു പ്രാവശ്യം കൂട്ടി. കേരളാ വാട്ടർ അതോറിറ്റിയുടെ റീ സ്ട്രക്ച്ചറിംഗ് റിപ്പോർട്ടിൽ ഡൊമസ്റ്റിക് പർപ്പസിനുള്ള വെള്ളത്തിന്റെ വില പത്തിരട്ടിയായി കൂട്ടുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ എല്ലാം ചാർജ്ജ് വർദ്ധിക്കുമ്പോൾ ആരാണ് ഇവിടെ പണം മുടക്കാൻ വരുന്നത്? വൈദ്യുതി ചാർജ്ജ് അനിയന്ത്രിതമായി വർദ്ധിക്കുന്നു. വെള്ളത്തിന്റെ വില വർദ്ധിക്കുന്നു. ഇതിനെല്ലാമുപരി ഇറക്കുമതിയുടെ പ്രശ്നത്തിൽ എടുത്ത സമീപനം എന്താണ്? തൊഴിലാളികളുടെ പണിമുടക്കിനേയും ബന്ദിനേയുംപ്പറ്റി പറയുന്നവർ ഇന്നലെ പാതിരാ കഴിയുന്നതു വരെയും ഭരണകക്ഷികൾ നടത്തുന്ന തമ്മിലടി, സ്ഥിരതയില്ലാത്ത ഒരു സർക്കാർ നിലനിൽക്കുന്ന ഈ സംസ്ഥാനത്ത് ആരും പണം മുടക്കാൻ വരികയില്ല എന്ന സത്യം മനസ്സിലാക്കണം. സോദ്ദേശപരമായ എല്ലാ സ്വകാര്യ നിക്ഷേപത്തേയും പ്രതിപക്ഷം സ്വാഗതം ചെയ്തിട്ടും ജിം-ന്റെ പേരിൽ കേരളത്തിൽ മുതൽമുടക്കാൻ ആരും വരാത്തത് എന്ന സത്യം മറച്ചുവയ്ക്കുവാൻ എന്തിനാ ഈ പാവപ്പെട്ട തൊഴിലാളിയേയും പണിമുടക്കുസമരങ്ങളിൽ ഇടപെടുന്ന ആളുകളേയും ആക്ഷേപിക്കുന്നത്? സത്യം തിരിച്ചറിയേണ്ടേ? സത്യം തിരിച്ചറിയാൻ സാധിക്കണം. ഇത് 'Outlook' ആണ്. ഇതിനകത്ത് Petronet-ന്റെ പരസ്യം ഉണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എൽ.എൻ.ജി. ടെർമിനലിന്റെ നിർമ്മാണത്തിനുവേണ്ടി സ്ഥലം വാങ്ങിക്കൊടുത്തു. എറണാകുളത്തെ ആ ടെർമിനലിന്റെ സ്ഥിതി ഇപ്പോൾ എന്താണ്? പെട്രോനെറ്റിന്റെ പരസ്യത്തിൽപ്പോലും കേരളത്തിന്റെ പേര് ഇല്ല. എന്താ പറഞ്ഞിരിക്കുന്നത്? Project will help supply of regasified L.N.G. to seven States, Gujarath, Madhya Pradesh, Rajasthan, Uttar Pradesh, Delhi, Hariyana and Punjab.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ദേവകുമാർ പ്ലീസ് കൺക്ലൂഡ് ..... I can't allow.....Please conclude...no....no.....Please.....Please.....

ശ്രീ. ടി. കെ. ദേവകുമാർ: മൂലധനച്ചെലവ് പ്രതിവർഷം കുറഞ്ഞുവരുന്നു. മൂലധന ച്ചെലവ് കുറഞ്ഞുവരുമ്പോൾ എന്താ സ്ഥിതി? വികസനം നടക്കില്ല. ഇവർ പറഞ്ഞ കണക്ക് 2001-2002-ൽ മൂലധനച്ചെലവ് 804.44 കോടി, 2002-2003-ൽ 667.91 കോടി, 2003-2004-ൽ 592.64 കോടി, 2004-2005-ൽ 571.32 കോടി രൂപയാണ്. മൂലധനച്ചെലവ് കുറയുമ്പോൾ വികസനം കയറും എന്ന പ്രത്യയശാസ്ത്രം ഒന്നു വിശദീകരിച്ചു ബോധ്യപ്പെടുത്താമോ? എനിക്ക് വലിയ വിവരം ഇല്ലാത്തതുകൊണ്ടാണ് പാലിന് പ്രവേശന നികുതി നിങ്ങൾ ചുമത്തിയല്ലോ.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

എന്റെ ലളിതമായ ചോദ്യം നിങ്ങൾ വിദേശമദ്യത്തിന് നികുതി ചുമത്തിയോ? എന്തുകൊണ്ട് അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മദ്യത്തിന് പ്രവേശന നികുതി ചുമത്തുന്നില്ല? കർണ്ണാടകത്തിലേയും തമിഴ്നാട്ടിലേയും വിദേശമദ്യ മുതലാളിമാരുടെ പോക്കറ്റിൽ കണ്ണ് വച്ചിരിക്കുന്നു. എന്തിന്? തെരഞ്ഞെടുപ്പ് ഫണ്ടിന് അല്ലെങ്കിൽ വെല്ലുവിളിക്കുന്നു, വിദേശമദ്യത്തിനുകൂടി പ്രവേശന നികുതി പ്രഖ്യാപിക്കണം. പോലീസിന്റെ നോൺ എക്സ്പെൻഡീച്ചർ സർവ്വകാല റിക്കാർഡാണ്. ബഡ്ജറ്റ് ഇൻ ബ്രീഫിന്റെ 26-ാം പട്ടിക പ്രകാരം 1990-91-ൽ 10,874 ലക്ഷം രൂപയായിരുന്നു പോലീസിനുള്ള ചെലവ്. ഈ വർഷം 83,263 ലക്ഷത്തിൽ എത്തിനിൽക്കുന്നു കേരളത്തിലെ പോലീസിന്റെ ചെലവിന്റെ കാര്യം അതാണ്. ഇവിടെ ആരോഗ്യത്തിനും പൊതുജനാരോഗ്യത്തിനും പൊതുവിദ്യാഭ്യാസത്തിനും ചെലവ് കുറവാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ് എതിർക്കുകയോ അനുകൂലിക്കുകയോ ചെയ്യണം.

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ എതിർക്കുകയാണ്. ഒരു കാര്യം കൂടി ഡീസലിൽ മണ്ണെണ്ണ ചേർക്കുന്നു എന്നു പറഞ്ഞ് മണ്ണെണ്ണയ്ക്ക് ചാർജ്ജ് വർദ്ധിപ്പിച്ചു. മണ്ണെണ്ണ ഉപയോഗിക്കുന്നത് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ മാത്രമാണ്. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ നികുതി വർദ്ധനവ് പിൻവലിക്കണം. ഇത് ദ്രോഹകരമാണ്. കേരളത്തിലെ സർവ്വ ഐശ്വര്യങ്ങളും നേട്ടങ്ങളും തകർക്കുന്ന ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. കെ. ബി. ഗണേഷ്കുമാർ: സർ, തൊളിലാളികളേയും, സാധാരണക്കാരെയും പാവപ്പെട്ടവരേയും സഹായിക്കുന്ന തരത്തിൽ വളരെ മാനുഷിക പരിഗണനകളുള്ള ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. സമൂഹത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന വരെയും പാവപ്പെട്ടവരെയും സഹായിക്കുന്ന നിരവധി പദ്ധതികളുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിനെയും അതിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റിയുമൊക്കെ പ്രസംഗിക്കാൻ വളരെ ആവേശമുണ്ട്. എന്റെ സുഹൃത്ത് ശ്രീ. ടി. കെ. ദേവകുമാർ നിയമസഭ ആണെന്നുപോലും മറന്നുകൊണ്ട് ഈ ബഡ്ജറ്റിനെ എതിർക്കേണ്ട യാതൊരു കാര്യവുമില്ല. സാധാരണക്കാരായ തൊഴിലില്ലാതെ ജീവിക്കുന്ന തേയില തോട്ടങ്ങളിലെ ജീവനക്കാർക്ക്, പുട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങളിലെ ജീവനക്കാരുടെ മക്കൾക്ക് പഠിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കാൻ ഈ ബഡ്ജറ്റിൽ ഒരു തുക മാറ്റിവച്ചിട്ടുണ്ട്. അതൊരു ചെറിയ പദ്ധതിയായി കാണേണ്ട. അതുപോലെ വികലാംഗർക്കുള്ള പെൻഷൻ 110 രൂപയിൽ നിന്ന് 150 രൂപയായി വർദ്ധിപ്പിച്ചു. അവർക്ക് വലിയ സഹായമാണ് ചെയ്തുകൊടുത്തിരിക്കുന്നത്. അത് കൃത്യമായി കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ഈ നാട്ടിലെ പാവപ്പെട്ടവർ ഏറ്റവും വലിയ ചൂഷണം നേരിട്ടുകൊണ്ടിരിക്കുന്നത് ബ്ലേഡ് കമ്പനികളിൽ നിന്നാണ്. ഇവിടെ പലരും പറയാൻ വിട്ടുപോയ ഒരു കാര്യമുണ്ട്. ബ്ലേഡ് കമ്പനികൾക്ക് നിയന്ത്രണം ഏർപ്പെടുത്താനുള്ള നിലപാട്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിൽ ഉൾപ്പെടുത്തിയതിൽ സന്തോഷമുണ്ട്. ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം പോരാ എന്നുള്ളതാണ് എന്റെ അഭിപ്രായം. അതുപോലെ സാധാരണക്കാരെ ചൂഷണം ചെയ്യുന്ന ലോട്ടറികൾ. ലോട്ടറികൾക്ക് നിരോധനം ഏർപ്പെടുത്തിക്കൊണ്ട് ഏതാണ്ട് ലോട്ടറി നിരോധിച്ചു എന്ന് പറയാൻ കഴിയില്ലെങ്കിലും ഇതിൽ അവതരിപ്പിച്ചിരിക്കുന്നത് ഒരു ബൂത്തിന് 5,000 രൂപ എന്ന നിലയിൽ ആഴ്ചയിൽ ടാക്സ് കൊടുത്താൽ പിന്നെ ലോട്ടറി നിരോധിച്ചതിന് തുല്യമായിത്തീരും. പാവപ്പെട്ടവരെ രക്ഷിക്കാൻ ഒരു പരിധിവരെ ഇത് ഉപകരിക്കും. കാരണം ഇതൊരു ഗാംബ്ലിംഗ് ആണ്. ഇതിലേക്ക് പണം കൊടുക്കാനും അതിലൂടെ ജീവിതവും കുടുംബവും വിറ്റഴിക്കാനുമുള്ള ഒരു സാഹചര്യം ഉണ്ടാക്കുന്ന അവസ്ഥയാണ് ഓൺലൈൻ ലോട്ടറികൾ കൊണ്ടുള്ളത്. അത് അവസാനിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിലൂടെ പ്രത്യേക താൽപ്പര്യം കാണിച്ചതിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുകയാണ്. പല മേഖലകളിലേക്കും പണം മാറ്റി വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അത് ശ്രദ്ധിച്ചാൽ നല്ലതാണ്. പ്രധാനമായി നമ്മൾ കാണേണ്ട ചില കാര്യങ്ങളുണ്ട്. ആരോഗ്യം, ജലസേചനം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകൾക്ക് ആവശ്യമായ പണം മാറ്റിവച്ചോ എന്ന് എനിക്ക് സംശയമുണ്ട്. ആരോഗ്യ രംഗത്ത് കഴിഞ്ഞ വർഷം ഏതാണ്ട് 1,22,000 ഇൻപേഷ്യന്റ് സാണ് ഗവൺമെന്റ് ആശുപത്രികളിൽ എത്തിയിട്ടുള്ളത്. കേരളത്തിലെ പാവപ്പെട്ടവർക്കുള്ള, സാധാരണക്കാർക്ക് എത്തിച്ചേരാൻ കഴിയുന്ന, ചികിത്സ തേടാൻ കഴിയുന്ന ധർമ്മാശുപത്രികൾ പോലെയുള്ള സ്ഥാപനങ്ങളെ, നമ്മുടെ ഗവൺമെന്റ് ആശുപത്രികളെ, നല്ല നിലയിലേക്ക് ഉയർത്തിക്കൊണ്ടുവന്ന് പാവപ്പെട്ടവർക്ക് നല്ല ചികിത്സ നൽകുക എന്ന ഉദ്ദേശത്തോടുകൂടി ഈ ബഡ്ജറ്റിൽ തന്നെ ആരോഗ്യ വകുപ്പിന് കൂടുതൽ പണം അനുവദിച്ചുകൊടുക്കണം എന്ന അഭിപ്രായം എനിക്കുണ്ട്. ഉദാഹരണത്തിന് തിരുവനന്തപുരത്തെ മെഡിക്കൽ കോളേജും ആലപ്പുഴയിലെ മെഡിക്കൽ കോളേജും ഒന്ന് നവീകരിച്ച് വൃത്തിയാക്കി രോഗികൾക്ക് നല്ല ചികിത്സ നൽകുന്ന ഒരു സാഹചര്യം ലഭ്യമാക്കണമെങ്കിൽ മിനിമം 50 കോടി രൂപയെങ്കിലും വേണം. കോഴിക്കോട് മെഡിക്കൽ കോളേജിനെ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആക്കണമെന്ന് ആരോഗ്യ വകുപ്പുമന്ത്രിയോട് പല തവണ പറഞ്ഞു. അതിന് പ്രതീക്ഷയോടെ ജനങ്ങൾ കാത്തിരിക്കുമ്പോൾ 100 കോടി രൂപയെങ്കിലും വേണ്ടിവരും. അതിനൊക്കെയുള്ള സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കണം. പ്രൈവറ്റ് ഹോസ്പിറ്റലുകളും സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും നമ്മുടെ നാട്ടിലുണ്ട്. പക്ഷേ അവിടെയെങ്ങും നമുക്ക് എത്തിച്ചേരാൻ കഴിയില്ല. അതുകൊണ്ട് ആരോഗ്യ വകുപ്പിന് കുറച്ചുകൂടി പണം നൽകി അവരെ സഹായിക്കണം. അതുപോലെയാണ് കുടിവെള്ളത്തിന്റെ കാര്യം. ജപ്പാൻ കുടിവെള്ള പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ കണ്ണൂർ മുതൽ തിരുവനന്തപുരം വരെയുള്ള ഭാഗങ്ങളിൽ വളരെയധികം പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കും. ജപ്പാൻ കുടിവെള്ള പദ്ധതി വിദേശ സഹായത്തോടെ നടത്തുന്ന പദ്ധതിയാണ്. ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. ഉദ്യോഗസ്ഥരും പ്ലാനിംഗ് ബോർഡും പറയുന്നത് പൂർണ്ണമായി കണ്ണടച്ച് വിശ്വസിക്കരുത്. കാരണം ജപ്പാൻ കുടിവെള്ള പദ്ധതി ഇല്ലാത്ത സ്ഥലങ്ങളിലുള്ളവർക്കും വെള്ളം കുടിക്കണം എന്ന സത്യം തിരിച്ചറിയണം. ജപ്പാൻ കുടിവെള്ള പദ്ധതി നല്ലതാണ്. അത് നടപ്പിലാക്കണം. അത് വളരെയധികം ഏരിയ കവർ ചെയ്യും. ഞങ്ങളുടെയൊക്കെ പ്രദേശങ്ങളിൽ ഒരു പഞ്ചായത്തിലെങ്കിലും ജലസേചന പദ്ധതി നടപ്പിലാക്കണമെങ്കിൽ ഏതാണ്ട് 5 കോടി രൂപയെങ്കിലും വേണ്ടിവരും. അതിനൊന്നും പണമില്ല. പ്രത്യേകിച്ച് വരൾച്ചയുടെ കാലം വരികയാണ്. എം.എൽ.എ. മാർ കളക്ടറെ വിളിച്ചു പറഞ്ഞ് ടാങ്കിൽ വെള്ളം കൊടുക്കുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല. എപ്പോഴും വെള്ളം കിട്ടാനുള്ള സംവിധാനം ഉണ്ടാകണം. വെള്ളം ദുരുപയോഗം ചെയ്യാതിരിക്കാൻ വേണ്ടി ഗവൺമെന്റ് പല നടപടികളുമായി മുന്നോട്ട് പോകുന്നുണ്ട്. തമിഴ്നാട് മോഡലിൽ

LIBRARY ARCHIVES Kerala Legislative Assembly

മഴവെള്ളം ശേഖരിക്കുന്നതിനും ഭൂജലം സംരക്ഷിക്കുന്നതിനുമുള്ള ഒരുപാട് പദ്ധതികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നതിൽ അഭിമാനവും സന്തോഷവുമുണ്ട്. പക്ഷേ അതിനാവശ്യമായ പണം നീക്കിവയ്ക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നതൊരു വസ്തുതയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു പ്രസ്താവന ഞാൻ വായിച്ചു. അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിച്ചശേഷം എറണാകുളത്ത് പ്രസംഗിച്ചപ്പോൾ പറഞ്ഞത് ഇതിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ തിരുത്താം എന്നാണ്. പ്ലാനിംഗ് ബോർഡ് എന്നു പറയുന്നത് ഉദ്യോഗസ്ഥരുടേയും അച്ചടക്കം പഠിപ്പിക്കുന്നവരുടേയും ഒരു മേഖലയായി മാറുന്നത് ശരിയല്ല. ഇത് ജനാധിപത്യ സംവിധാനമാണ്. കേരളത്തിലെ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഈ ഗവൺമെന്റിൽ ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടില്ലെന്ന് നടിക്കാൻ നമുക്ക് പറ്റില്ല. എത്ര വലിയ ഭരണപരിഷ്ക്കാരം കൊണ്ടുവന്നാലും അതിൽ മാനുഷികമായ ഒരു സ്പർശം വേണം. പാവപ്പെട്ട വീടുകളിലെ പെൺകുട്ടികളുടെ വിവാഹത്തിന് 10,000 രൂപ വരെ നൽകുന്ന ഇൻഷുറൻസ് പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അത് വളരെ നല്ല കാര്യമാണ്. ഒരു സംസ്ഥാന ഗവൺമെന്റും ഇതുവരെ ചിന്തിച്ചിട്ടില്ലാത്ത മംഗല്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാൻ അദ്ദേഹം മുൻകൈ എടുത്തതിൽ സന്തോഷമുണ്ട്. പക്ഷേ ഞാൻ പറയുന്നത് മുഖ്യമന്ത്രിയുടേയും ധനകാര്യ വകുപ്പുമന്ത്രിയുടേയും സാമൂഹ്യക്ഷേമ വകുപ്പുമന്ത്രിയുടേയുമൊക്കെ പ്രത്യേകമായ ശ്രദ്ധ ഇതിൽ വേണം. കാരണം ഇത് പ്രഖ്യാപിച്ചുകഴിഞ്ഞാൽ അർഹതപ്പെട്ടവർക്ക് കിട്ടണം. ഞാൻ കുറ്റം പറയുകയല്ല. ഒരു കപ്പ് പാലും ഷേക്ക് ഹാൻഡും പദ്ധതി നല്ല പദ്ധതിയായിരുന്നു. പക്ഷേ ആ പദ്ധതി നടപ്പിലാക്കുമ്പോൾ അന്ന് ഞാൻ മന്ത്രിയോട് ചോദിച്ചിരുന്നു. ഈ പദ്ധതി നടപ്പിലാക്കാൻ ബഹുമാനപ്പെട്ട ഗൗരിയമ്മ നിർദ്ദേശിച്ചപ്പോൾ അങ്ങ് ബഡ്ജറ്റിലൂടെ കൊണ്ടുവന്നതാണ്. ഞങ്ങൾ കയ്യടിക്കുകയും ചെയ്തതാണ്. ഞാൻ ചോദിച്ചു പാൽ എങ്ങനെ എത്തിക്കും? എല്ലാ സ്കൂളുകളിലും റെഫ്രിജറേറ്റർ എത്തിച്ചാലേ പാൽ കൊടുക്കാൻ പറ്റുകയുള്ളൂ. അരി ചീത്തയാകാതിരിക്കും. പാൽ തൈരായി മാത്രമേ കൊടുക്കാൻ പറ്റുകയുള്ളൂ. അതുകൊണ്ട് ഇതൊരു നല്ല പദ്ധതിയാണ് ഇത് തീർച്ചയായും നടപ്പിലാക്കണം. കേരളത്തിലെ സാധാരണക്കാർ പെൺമക്കളുള്ള കുടുംബങ്ങളിലെ അംഗങ്ങൾ വളരെ പ്രതീക്ഷയോടെ കാണുന്ന മംഗല്യ ഇൻഷ്വറൻസ് പദ്ധതി വിജയകരമായി നടപ്പാക്കാൻ കഴിയട്ടെ എന്ന് ഞാൻ ആശ്വസിക്കുന്നു. അതുപോലെ പി.ഡബ്ല്യു.ഡി.-ക്ക് 33 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. നാഷണൽ ഹൈവേയുടെ നിലവാരത്തിലുള്ള ഒരു നല്ല റോഡ് പണിതുവരണമെങ്കിൽ ഒരു കോടി രൂപയെങ്കിലും വേണം. കേരളത്തിലെ റോഡുകൾ നന്നാക്കാൻവേണ്ടി വേൾഡ് ബാങ്കിൽ നിന്നും ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിൽ നിന്നുമൊക്കെ കിട്ടുന്നത് 33 കിലോമീറ്റർ റോഡ് പണിയാനേയുള്ളൂ. കേരളത്തിലെ റോഡുകൾ ഇന്ന് നല്ല നിലവാരത്തിലാണ്. ഗട്ടറുകളില്ല എന്ന് ഞാൻ കെ.എസ്.ആർ.ടി.സി.-യുടെ ചുമതലയുള്ള മന്ത്രിയായിരുന്നപ്പോൾ പലപ്പോഴും ഉദ്യോഗസ്ഥരോട് പറയാറുണ്ടായിരുന്നു. കേരളത്തിലെ റോഡുകൾ നന്നായി എന്നതിനുദാഹരണം കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സ്പ്രിംഗ് ലൈറ്റ് ഒടിയുന്നതിന്റെ അളവ് വളരെ കുറഞ്ഞിരിക്കുന്നു എന്നതാണ്. ഗട്ടറുകൾ പലതും നികത്തി. ഞങ്ങളുടെയൊക്കെ പ്രദേശത്ത് എല്ലാ റോഡുകളും വൃത്തിയാക്കിയിട്ടിരിക്കുകയാണ്. അതിൽ ആർക്കും എതിരഭിപ്രായമില്ല. അതിന് കൂടുതൽ പണം നൽകണം. കടം വീട്ടാൻവേണ്ടി മാത്രം പണം കൊടുക്കുന്നതിനുപകരം പുതിയ പുതിയ റോഡുകളും പാലങ്ങളുമൊക്കെ ഏറ്റെടുക്കണം. 33 കോടി രൂപ മാത്രമേ അതിന് അനുവദിച്ചുള്ളൂ. കൂടുതലായി പണം അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ കമ്പ്യൂട്ടർ സാക്ഷരതയിൽ മലപ്പുറം ജില്ല ബൃഹത്തായ നേട്ടം കൈവരിച്ചിരിക്കുകയാണ്. ആ നേട്ടം മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കാനുള്ള പദ്ധതിയുണ്ടാകണം. ഐ.ടി. രംഗത്ത് പണം മാറ്റിവയ്ക്കാൻ ശ്രമിക്കുമ്പോൾ ഒരു കാര്യം എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

പറയാനുള്ളത് വയോജന വിദ്യാഭ്യാസം നല്ലതാണ്. സാക്ഷരതയുടെ ഭാഗമായി വയോജന വിദ്യാഭ്യാസം നൽകി. പക്ഷേ കമ്പ്യൂട്ടർ സാക്ഷരതയിൽ ഒരു വയോജന വിദ്യാഭ്യാസത്തിന്റെ ആവശ്യമില്ല. കമ്പ്യൂട്ടർ സംവിധാനം, 83 വയസ്സായ ഒരു വൃദ്ധനെ, അല്ലെങ്കിൽ ഒരു വൃദ്ധയെ കമ്പ്യൂട്ടർ പഠിപ്പിക്കേണ്ട ആവശ്യമില്ല. അത് വരും തലമുറയ്ക്ക് തൊഴിൽ കിട്ടാനുള്ള സാധ്യതയാണ്. വൃദ്ധരെക്കൊണ്ട് മൗസ് പിടിപ്പിച്ച് ഫോട്ടോ എടുത്തതുകൊണ്ട് കമ്പ്യൂട്ടർ പഠിക്കില്ല. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ കെ.എസ്.ആർ.ടി.സി.-യെപ്പറ്റി പറഞ്ഞ കാര്യത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. അങ്ങയുടെ പ്രസംഗം ഈ സഭയിൽ ഞാൻ കേട്ടതാണ്. കെ.എസ്.ആർ.ടി.സി. ഏറ്റവും വലിയ ഒരു പൊതുമേഖലാ സ്ഥാപനമാണ്. ഈ സംസ്ഥാനത്ത് ദിവസങ്ങൾക്കു മുമ്പ് പ്രൈവറ്റ് ബസ് ഉടമസ്ഥർ സമരം പ്രഖ്യാപിച്ചു. അവരെ മുൾമുനയിൽ നിർത്തി സർക്കാരിനെ വിലപേശാൻ തുടങ്ങുമ്പോൾ കെ.എസ്.ആർ.ടി.സി. എന്ന ഒരു സ്ഥാപനം നിലനിർത്തിയതുകൊണ്ടാണ് അവരെ നേരിടാൻ കഴിഞ്ഞത്. ഒരു കാര്യം ആലോചിക്കണം, കെ.എസ്.ആർ.ടി.സി. ഇല്ലെങ്കിൽ പ്രൈവറ്റ് ബസ് ഓണർ പറയുന്ന തുകയ്ക്ക് ബസ്ചാർജ്ജ് വർദ്ധിപ്പിച്ചുകൊടുക്കും, അവരുടെ സൗകര്യത്തിനേ ബസ് ഓടിക്കുകയുള്ളൂ. കേരളത്തിലെ ജനങ്ങൾ അപ്പോൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരും. അതുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ നിലനിർത്തണം. 31000ത്തിലധികം തൊഴിലാളികൾ ജോലിചെയ്യുന്നു. കടം വാങ്ങിയാണെങ്കിലും പുതിയ ബസ്സുകളൊക്കെ ഇഷ്ടംപോലെയുണ്ട്. കടം വാങ്ങുന്നതിനോട് എനിക്ക് യോജിപ്പില്ല. നിവൃത്തിയില്ലെങ്കിൽ കടം വാങ്ങണം. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ സഹായമില്ലാതെ കെ.എസ്.ആർ.ടി.സി. സ്വന്തം കാലിൽ നിൽക്കുന്നു എന്നുപറയുന്നത് അഭിമാനകരമാണ്. ഇപ്പോൾ നല്ല സൗകര്യമുള്ള ബസ്സുകളുണ്ട്. പഴയകാലത്തെപ്പോലെയല്ല. മുന്നിലും പിന്നിലും ഇരുന്നാലും കുടുങ്ങാത്ത അതിമനോഹരമായ ബസ്സുകളൊക്കെ വന്നു. കെ.എസ്.ആർ.ടി.സി. ബസ്സുകൾ റോഡിലിറങ്ങുമ്പോൾ ഇതാരുടേതാണെന്ന് ആളുകൾ ചോദിച്ചു തുടങ്ങിയിരിക്കുന്നു. അത്ര മനോഹരമായ ബസ്സുകൾ നമ്മുടെ നാട്ടിലുണ്ട്. എല്ലാ സൗകര്യവുമുണ്ട്. ബസ് വാങ്ങാൻ പണം കൊടുക്കണ്ട എന്ന് പ്ലാനിംഗ് ബോർഡിലെ ഉദ്യോഗസ്ഥർ പറഞ്ഞുവെങ്കിൽ, കെ.എസ്.ആർ.ടി.സി. അടച്ചുപൂട്ടാൻ അവർ പറഞ്ഞുവെങ്കിൽ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും അത് സ്വീകരിക്കരുത്. കാരണം കേരളത്തിലെ ജനങ്ങൾക്ക് ഏറ്റവും പ്രതീക്ഷയുള്ളത് അതിലാണ്. സാധാരണക്കാരായ ജനങ്ങൾ ഗുരുവായൂരും കോഴിക്കോടുമൊക്കെ പോകണമെങ്കിൽ ജീവൻ പണയംവച്ചുകൊണ്ടാണ് പ്രൈവറ്റ് ബസ്സിൽ കയറുന്നത്. പക്ഷേ ആ ഭാഗത്തേയ്ക്ക് പോകുന്ന ആളുകൾ കെ.എസ്.ആർ.ടി.സി. ബസ്സുകളെ ആശ്രയിക്കുന്നത് ജീവനിൽ കൊതിയുള്ളതുകൊണ്ടാണ്. അതുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ പ്രോത്സാഹിപ്പിക്കണം. അങ്ങയുടെ നിയോജകമണ്ഡലത്തിൽ ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങണമെന്ന് പറഞ്ഞത് വളരെ നല്ലകാര്യമാണ്. പുറത്തുള്ള ഡ്രൈവർമാർ നല്ല രീതിയിൽ വണ്ടി ഓടിക്കുന്നത് എങ്ങനെയാണെന്ന് പഠിപ്പിച്ചുകൊടുക്കാൻവേണ്ടി ഒരു ട്രെയിനിംഗ് സെന്റർ പാറശ്ശാലയിൽ തുടങ്ങേണ്ടതാണ്. അതിനുള്ള പണം സർക്കാർ നൽകണം. അല്ലാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽ നിന്ന് എടുത്ത് അങ്ങനെ ഒരു സ്ഥാപനം തുടങ്ങാൻ കഴിയുകയില്ല. കേന്ദ്ര സർക്കാരിൽനിന്ന് അതിന് തത്തുല്യമായ തുക ആനുകൂല്യമായി കിട്ടും. അത് വാങ്ങിയെടുത്ത് ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിന് മുൻകൈയെടുക്കണം. മത്സ്യത്തൊഴിലാളികളുടെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത് വെറും 80 ലക്ഷം രൂപയാണ്. ഡിസ്പെൻസറി തുടങ്ങാൻ എന്നാണ് പറഞ്ഞിരിക്കുന്നത്. ആ തുകയും കൂട്ടിക്കൊടുക്കണം. ഇന്ന് 80 ലക്ഷം രൂപയ്ക്ക് ഒരു ഡിസ്പെൻസറി തുടങ്ങാൻ പറ്റില്ല. അവരുടെ വെൽഫെയറിനുവേണ്ടി, അവരുടെ പ്രദേശത്ത് റോഡുകൾ, അവർക്ക് എത്തിച്ചേരാനുള്ള മാർഗ്ഗങ്ങൾ,

LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ള പദ്ധതികൾ ഇതെല്ലാം ഉണ്ടാക്കിക്കൊടുക്കാൻവേണ്ടി കുറച്ചുകൂടി തുക വയ്ക്കണം. ബഹുമാനപ്പെട്ട മന്ത്രി അത് ശ്രദ്ധിക്കണം. ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്ന ഒരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. നല്ല മത്സ്യമുള്ള സമയത്ത് നല്ല ജീവിതവും അതുകഴിഞ്ഞാൽ വളരെ ദുരിതവും അനുഭവിക്കുന്നവരാണ് അവർ. അവരുടെ ഉന്നമനത്തിനും നന്മയ്ക്കും സാമൂഹ്യ വളർച്ചയ്ക്കുംവേണ്ടി കൂറച്ചുകൂടി പണം മാറ്റിവയ്ക്കണം. കുട്ടനാടൻ മേഖലയിലേയും ആലപ്പുഴ ജില്ലയിലേയും കണ്ണൂർ മേഖലയിലേയും ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്ന ഒരു ഗതാഗതസൗകര്യമാണ് വാട്ടർ ട്രാൻസ്പോർട്ട്. അതിന് 5 കോടി രൂപയാണ് വച്ചിരിക്കുന്നത്. അത് വളരെ കുറവാണ്. 12 ബോട്ടുകൾ വാങ്ങണമെന്നാണ് പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ വർഷം കുമരകം ദുരന്തം നടന്നതിനുശേഷം ഗവൺമെന്റ് വളരെ താൽപ്പര്യത്തോടുകൂടി ഏതാണ്ട് 12 കോടി രൂപ ബോട്ടുകൾ നിർമ്മിക്കാൻ നൽകാം എന്നുപറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. ഉദ്യോഗസ്ഥർ ഇപ്പോഴും അതിന് ക്ലിയറൻസ് കൊടുക്കുകയും, ഓരോ ആഴ്ചയിലും വാട്ടർ ട്രാൻസ്പോർട്ടിന് ഡീസൽ അടിക്കാൻവേണ്ടി സെക്രട്ടേറിയറ്റിൽ കയറിയിറങ്ങുകയും ചെയ്യുന്ന ഒരു വല്ലാത്ത ഗതിക്കേടുണ്ട്. അത് പരിഹരിക്കണം. ജനങ്ങൾക്കുവേണ്ടിയുള്ള ഒരു സർവ്വീസാണ്. ആ സർവ്വീസിൽ ഡീസൽ അടിക്കാൻ സെക്രട്ടേറിയറ്റിലെ ഫൈനാൻസ് ഡിപ്പാർട്ടുമെന്റിനുമുന്നിൽ എപ്പോഴും കയറിയിറങ്ങുന്നത് ഒരു മര്യാദയല്ല; സർക്കാരിലെതന്നെ മറ്റൊരു ഡിപ്പാർട്ടുമെന്റിൽ കയറിയിറങ്ങുന്നത് ശരിയല്ല. ഇത് പരിഹരിക്കണമെങ്കിൽ പുതിയ ബോട്ടുകൾ ഇറക്കണം. കഴിഞ്ഞ വർഷം 12 കോടി രൂപ അനുവദിച്ചുകൊടുത്തു. മനുഷ്യന്റെ ജീവൻ വച്ചുള്ള ഒരു മത്സരമാണ്. അത് പന്താടാൻ പാടില്ല. അതിനാൽ പുതിയ ബോട്ടുകൾ അനുവദിച്ചുകൊടുക്കണം. അതിന് ബഹുമാനപ്പെട്ട മന്ത്രി താൽപ്പര്യമെടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. തെക്കൻ മേഖലയിലെ ലക്ഷക്കണക്കിന് തൊഴിലാളികൾ ആശ്രയിക്കുന്ന കശുവണ്ടി വ്യവസായത്തിന്റെ കാര്യത്തിൽ അൽപ്പം കൂടി കാരുണ്യം കാണിക്കണം. ഞാൻ പിണങ്ങിപ്പറയുന്നതല്ല, ഇണങ്ങിപ്പറയുന്നതാണ്. കാരണം തൊഴിലാളികളെ കണ്ടില്ല എന്നു നടിക്കരുത്. അവർ പാവങ്ങളാണ്. പരമ്പരാഗത വ്യവസായങ്ങൾ നിലനിർത്തേണ്ടത് നമ്മുടെ ആവശ്യമാണ്. അതുപോലെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള ലാഭമുണ്ടാക്കുന്ന സ്ഥാപനങ്ങൾ മാത്രം നല്ലത് എന്ന സമീപനം ശരിയല്ല. ഒരമ്മയ്ക്കുണ്ടായ എല്ലാ മക്കളോടും ഒരേ സ്നേഹമാണ് കാണിക്കേണ്ടത്, ലാഭമുണ്ടാക്കുന്ന മക്കൾ കൊള്ളാം, നഷ്ടമുണ്ടാക്കുന്ന മക്കൾ വേണ്ട എന്ന നയം ഉപേക്ഷിക്കണം. തകർന്നുകിടക്കുന്ന വ്യവസായങ്ങളെ പുതിയ മാനേജ്മെന്റ് സംവിധാനങ്ങൾ ഉപയോഗിച്ച് തൊഴിലാളികളുടെ സഹകരണത്തോടുകൂടി നവീകരിക്കണം; അവർ സഹകരിക്കാൻ തയ്യാറാണ്. കെ.എസ്.ആർ.ടി.സി.-യിലാണ് ഏറ്റവും കൂടുതൽ തൊഴിലാളികൾ ഒരുകാലത്ത് കുറ്റം പറഞ്ഞിരുന്ന പ്രസ്ഥാനത്തോട് ഏറ്റവും കൂടുതൽ സഹകരിക്കുന്നു. ശമ്പളംപോലും കിട്ടാതെ കഴിയുന്ന വ്യവസായങ്ങളിലെ തൊഴിലാളികളുമായി ചർച്ച ചെയ്ത് അവരുമായി സഹകരിച്ച് അതിന്റെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ ശ്രമിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന കൊല്ലം ജില്ലയെ സംബന്ധിച്ച് ബഡ്ജറ്റുമായി ബന്ധപ്പെട്ട ഒരു അഭ്യർത്ഥനകൂടിയുണ്ട്. കൊല്ലം ജില്ലയിൽ 28000ത്തിലധികം വ്യക്തികൾ അവരുടെ വീട് പൊളിച്ച് കഴിഞ്ഞ രണ്ടര കൊല്ലമായി വെയിലും മഴയുമേറ്റ് കഴിയുകയാണ്. നിരവധി സബ്മിഷനും ശ്രദ്ധക്ഷണിക്കലും ഒക്കെ ഈ സഭയിൽ ഞാനും എന്റെ സുഹൃത്ത് ഷിബു ബേബിജോണും അവതരിപ്പിച്ചു. അതിൽ ഗവൺമെന്റ് ഒരു താൽപ്പര്യം കാണിക്കണം. ജില്ലാ പഞ്ചായത്തിന്റെ ഒരു പദ്ധതിയാണ്. അവരെ വിളിച്ചുവരുത്തി സഹകരിച്ച് 28000ത്തോളം പാർപ്പിടത്തിന്റെ പ്രശ്നം പരിഹരിക്കണം. ജില്ലാ പഞ്ചായത്തിന്റെ ഒരു നോട്ടീസിന്റെ അടിസ്ഥാനത്തിൽ പൈസ കിട്ടും എന്ന പ്രതീക്ഷയിലാണ് അവർ വീടെല്ലാം പൊളിച്ചുകളഞ്ഞത്. അവർ മഴയും വെയിലും

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് കഴിയുകയാണ്. പ്രായമായ പെൺകുട്ടികളുള്ള വീടുകളുമുണ്ട്. വളരെ ബുദ്ധിമുട്ടുകയാണ്. അതുകൊണ്ട് തീർച്ചയായും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ബഡ്ജറ്റിലുടനീളം താങ്കൾ കാണിച്ച മാനുഷികമായ പരിഗണന ഈ കാര്യത്തിലും കാണിക്കണം. മാത്രമല്ല, കൃഷിയുടെ കാര്യത്തിൽ, അഗ്രികൾച്ചർ ടാക്സിന്റെ കാര്യത്തിൽ ചില അഭിപ്രായവ്യത്യാസമുണ്ട്. അത് വിശദമായി പരിശോധിച്ചതിനുശേഷം അതിൽ ചില മാറ്റങ്ങൾ വരുത്തണം. റബ്ബറിന് ഈ സംസ്ഥാനത്ത് വിലകൂടി എന്നത് ഞാൻ അംഗീകരിക്കുന്നു. പക്ഷേ മറ്റ് കാർഷികവിളകൾക്കൊന്നും വില വർദ്ധിച്ചിട്ടില്ല. വാനിലയൊക്കെ നട്ടുതുടങ്ങിയതേയുള്ളൂ. അതൊന്നും വിളവെടുക്കാറായിട്ടില്ല. അതുകൊണ്ട് കാർഷികമേഖലയിൽ ഏർപ്പെടുത്തിയിരിക്കുന്ന കരം ദയവുചെയ്ത് ഒഴിവാക്കണം. കർഷകരെ സഹായിക്കണം അതിന് വലിയ ആനുകൂല്യങ്ങളോ, നേട്ടങ്ങളോ സർക്കാരിന്റെ ഖജനാവിൽ നിന്ന് നമ്മൾ പ്രതീക്ഷിക്കേണ്ട, കർഷകരെ സഹായിക്കണം. കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ കടം തീർക്കാൻപോലും റബ്ബർ കർഷകർക്ക് കഴിയുന്നില്ല. മാനുഷിക പരിഗണനകൾ ഉള്ള ഈ ബഡ്ജറ്റ് ഒരു ലളിതമായ ബഡ്ജറ്റാണ്. ഒരുപാട് കൊട്ടിഘോഷിക്കാനും ബഹളം വയ്ക്കാനും ഒന്നുമില്ല. വളരെ ലളിതവും സാമൂഹ്യവുമായ പരിവർത്തനത്തിനുതകുന്ന ഈ ബഡ്ജറ്റിനെ പൂർണ്ണമനസ്സോടെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരം വിട്ടൊഴിയുമ്പോൾ സംസ്ഥാനം അകപ്പെട്ട കടക്കെണിയിൽ നിന്ന് കരകയറി എന്ന ആശ്വാസത്തിൽ, കഴിഞ്ഞ രണ്ടര വർഷംകൊണ്ട് സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിൽ ക്രമാനുഗത വളർച്ച ഉണ്ടാക്കാൻ കഴിഞ്ഞു എന്ന അത്മസംതൃപ്തിയും വാതാനിരിക്കുന്ന വർഷങ്ങളിലെ വികസനത്തിനും സാമൂഹ്യനിതിക്കും കൂടുതൽ മുന്നേറാൻ കഴിയും എന്ന ശുഭാപ്തിവിശ്വാസം പ്രകടമാക്കുന്നതുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ്. മിച്ചമില്ലെങ്കിലും ഈ വർത്തമാനകാല സാഹചര്യത്തിൽ മെച്ചപ്പെട്ട ബഡ്ജറ്റാണ് എന്ന കാര്യത്തിൽ രണ്ടഭിപ്രായമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. 495.5 കോടി രൂപയുടെ അധികവിഭവസമാഹരണം ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ് ഈ ബഡ്ജറ്റ്. സാധാരണക്കാരായ നികുതിദായകരുടെമേൽ കനത്ത ഭാരം ചുമത്താതെ നിരവധി ക്ഷേമപദ്ധതികൾ പ്രഖ്യാപിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കൊടുക്കാൻ ബാക്കിയുള്ള 10 ശതമാനം ക്ഷാമബത്ത ഒരു വർഷത്തിനകം സമയബന്ധിതമായി 3 ഗഡുക്കളായി കൊടുത്തുതീർക്കുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. വിധവാ പെൻഷൻകാരുടെ കുടിശ്ശിക വിതരണം ചെയ്തതും, പെൻഷൻ തുക വർദ്ധിപ്പിച്ചതും പുതിയ പെൻഷനുകൾ പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. എല്ലാ ജനവിഭാഗങ്ങളുടെയും എല്ലാ പ്രദേശങ്ങളുടെയും ആവശ്യങ്ങൾ പരമാവധി ഉൾക്കൊള്ളാൻ ശ്രമിച്ചുവെന്നത് ബഡ്ജറ്റിന്റെ മറ്റൊരു സവിശേഷതയാണ്. മലയോര-തീരദേശ വികസന അതോറിറ്റികൾക്കുവേണ്ടി തുക നീക്കിവച്ചതും സ്പിൽ ഹൈവേ യാഥാർത്ഥ്യമാക്കാൻ പദ്ധതി പ്രഖ്യാപിച്ചതും ഇതിന്റെ തെളിവാണ്. സ്പിൽ ഹൈവേ അതോറിറ്റിക്ക് 10 കോടി രൂപയും മലയോര-തീരദേശ വികസന അതോറിറ്റികളുടെ പ്രാരംഭ ചെലവുകൾക്കായി 7.5 കോടി രൂപ വീതവും നീക്കിവച്ചത് എല്ലാ മേഖലകളിലുമുള്ള സർക്കാരിന്റെ നീതിപൂർവ്വമായ സമീപനത്തിന്റെ ദൃഷ്ടാന്തമാണ്. വിദേശ സഹായമായി ലഭിക്കുന്ന 1151 കോടി രൂപയുടെ ഭരണ നവീകരണം കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനും കുടിവെള്ളം എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വാർത്താവിനിമയ സംവിധാനത്തിനുള്ള അടിയന്തിര അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിദേശ സഹായം

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമായി വിനിയോഗിക്കുമെന്നുള്ള മന്ത്രിയുടെ പ്രഖ്യാപനം വായ്പാതുക ഫലപ്രദമായി ചെലവാക്കുമെന്നുള്ള ദൃഢനിശ്ചയമാണ് കാണിക്കുന്നത്. സംസ്ഥാനത്തെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രധാന പ്രശ്നമായ തൊഴിലില്ലായ്മയുടെ കാര്യത്തിൽ ഈ സർക്കാർ വന്നതിനു ശേഷം 2001-ൽ 44.3 ലക്ഷം രൂപയായിരുന്നത് 2003-ൽ 38.6 ലക്ഷം രൂപയായി കുറഞ്ഞുവെന്നുള്ളത് ശുഭകരമായ ഒരു സൂചനയാണ്. സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വ്യാവസായിക മേഖലയുടെ പുരോഗതിക്ക് പ്രത്യേകിച്ച് പരമ്പരാഗത വ്യവസായ മേഖലയുടെ പുരോഗതിക്കും പുനരുദ്ധാരണത്തിനും ഊന്നൽ നൽകിക്കൊണ്ടാണ് ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ വന്നിട്ടുള്ളത്. കാർഷിക മേഖലയിൽ ഒരു പുത്തൻ ഉണർവ്വിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. നമ്മുടെ പ്രധാനപ്പെട്ട മിക്കവാറും എല്ലാ കാർഷിക വിളകളുടെയും വില മെച്ചപ്പെട്ടതിൽ കൃഷിക്കാർ ആശ്വാസം കൊള്ളുകയാണ്. നെൽകൃഷി വികസനത്തിന് 10.8 കോടി രൂപയും, കേര കൃഷി വികസനത്തിന് 9.75 കോടി രൂപയും ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതും പരമ്പരാഗത കാർഷിക മേഖലയെ പുഷ്ടിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ്. കാർഷിക-വ്യാവസായിക മേഖലകളിൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഉതകുന്ന 127 കോടി രൂപയുടെ ഒരു പ്രത്യേക തൊഴിൽദാന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട് എന്നുള്ളത് സന്തോഷകരമായ വസ്തുതയാണ്. തൊഴിൽ ഉറപ്പാക്കൽ പദ്ധതി ബിൽ കൊണ്ടുവരും എന്നുള്ള പ്രഖ്യാപനം തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള സർക്കാരിന്റെ നിശ്ചയദാർഢ്യം പ്രകടമാക്കുന്നതാണ്. 'കുടുംബശ്രീ' വഴിയും സ്വയം സഹായ സംഘങ്ങൾ വഴിയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചത് സ്വാഗതാർഹമാണ്. വിവര സാങ്കേതിക മേഖലയിൽ ഇപ്പോൾ മുന്നിട്ടിരിക്കുന്ന സംസ്ഥാനങ്ങളെ മറികടക്കാനുള്ള ശ്രമത്തിലാണ് കേരളം. ഏത് പുതിയ പദ്ധതി ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിനും മലപ്പുറം ജില്ലയ്ക്കുള്ള പങ്ക് അനിഷേധ്യമാണ്. സമ്പൂർണ്ണ സാക്ഷരതാ യജ്ഞവും, ജനകീയാസൂത്രണവും, കുടുംബശ്രീയും വിജയത്തിലെത്തിച്ച മലപ്പുറം ജില്ല 'അക്ഷയ പദ്ധതി' വിജയിപ്പിച്ചതിലൂടെ കമ്പ്യൂട്ടർ സാക്ഷരതയിലും സംസ്ഥാനത്ത് ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുകയാണ്. മറ്റ് ജില്ലകളിലും അക്ഷയ പദ്ധതി നടപ്പിലാക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ഐ.ടി. മേഖലയ്ക്ക് മുന്തിയ പരിഗണനയാണ് ബഡ്ജറ്റിൽ നൽകിയിട്ടുള്ളത്. കൊച്ചിയിലെ ഐ.ടി. പാർക്കും, കാര്യവട്ടത്തെ ടെക്നോപാർക്കും വികസിപ്പിക്കുന്നതിന് 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മൊത്തത്തിൽ ഐ.ടി. മേഖലയ്ക്ക് 93.75 കോടി രൂപ വകയിരുത്തിയത് ഈ മേഖലയുടെ പ്രാധാന്യം സർക്കാർ ഉൾക്കൊണ്ടുകൊണ്ടാണ്. വിനോദ സഞ്ചാര വികസനത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള സമീപനങ്ങൾ ഈ ബഡ്ജറ്റിൽ സ്വീകരിച്ചിട്ടുണ്ട്. ആഗോള നിക്ഷേപ സമാഹരണത്തിന്റെ വിജയം കേരളത്തിന്റെ വ്യാവസായികവൽക്കരണത്തിന് ആക്കം കൂട്ടുന്നതാണ്. 'കിൻഫ്ര'-യും കെ.എസ്.ഐ.ഡി.സി.-യും സംസ്ഥാനത്ത് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ്. കെ.എസ്.ഐ.ഡി.സി.-ക്ക് 25.7 കോടി രൂപയും 'കിൻഫ്ര'-ക്ക് 10 കോടി രൂപയും നൽകാനുള്ള തീരുമാനങ്ങൾ ഉചിതമായി. നമ്മുടെ സംസ്ഥാനത്ത് അംഗൻവാടികളുടെ പ്രാധാന്യത്തെക്കുറിച്ച് സർക്കാരിന് ബോദ്ധ്യമുണ്ട്. അംഗൻവാടികൾക്ക് കെട്ടിടമുണ്ടാക്കാൻ ബഡ്ജറ്റിൽ സംഖ്യ വകയിരുത്തിയിട്ടുണ്ട്. പക്ഷേ, ഇപ്പോഴും അംഗൻവാടികൾ ഇല്ലാത്ത പഞ്ചായത്തുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. പുതിയ അംഗൻവാടികൾ ആരംഭിക്കാനുള്ള നടപടിയുണ്ടാകണം. ലോക ബാങ്ക് സഹായത്തോടുകൂടി കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട് ത്വരിതപ്പെടുത്തുന്നതിന് 200 കോടി രൂപ വകയിരുത്തിയ മന്ത്രിയെ അഭിനന്ദിക്കുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മേജർ ജില്ലാ റോഡുകൾക്കും പാലങ്ങൾക്കും സംസ്ഥാന ഹൈവേകൾക്കും മാറ്റിവച്ചിരിക്കുന്നത് വെറും 39.8 കോടി രൂപ മാത്രമാണ്. ഇത് കഴിഞ്ഞ വർഷത്തെ തുകയുടെ പകുതിപോലും വരുന്നില്ല. കരാറുകാരുടെ കുടിശ്ശിക തീർക്കാനും

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തികൾ ഏറ്റെടുക്കാനും ഏറ്റവും ചുരുങ്ങിയത് 100 കോടി രൂപയെങ്കിലും അനുവദിക്കണമെന്നഭ്യർത്ഥിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് മാസ തവണകളായി നൽകുന്നതുമൂലം കേരള വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായും സമയബന്ധിതമായും നടത്താൻ സാധിക്കുന്നുവെന്നുള്ളത് വസ്തുതയാണ്. ട്രഷറി നിയന്ത്രണം ഈ രംഗത്ത് ഒഴിവാക്കി എന്നത് വലിയ ആശ്വാസ മായി കാണുകയാണ്. ആർ.ഐ.ഡി.എഫ്.-ൽ നിന്നും വായ്പയായി ലഭിക്കുന്ന തുകയിൽ 75 കോടി രൂപ വീതം ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും നൽകാനുള്ള പ്രഖ്യാപനം നാളിതുവരെ ഉണ്ടായിട്ടില്ല. തനത് ഫണ്ട് ഇല്ലാത്ത ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സഹായകരമാകും. പരിസരശുചീകരണവും ശുചിത്വവും ലക്ഷ്യമിട്ടുകൊണ്ടുള്ള 'ക്ലീൻ കേരള പ്രോജക്ട്' ഊർജ്ജിതമായി നടപ്പിലാക്കുന്നതിന് 10 കോടി രൂപ നീക്കിവച്ചത് ഈ പദ്ധതി നടപ്പി ലാക്കുന്നതിന് സർക്കാർ കാണിക്കുന്ന ശുഷ്കാന്തിക്ക് തെളിവാണ്. നിലവിലുള്ള വില്ലേജുകളുടെ വിഭജനവും പുതിയ വില്ലേജുകളുടെ രൂപീകരണവും സംബന്ധിച്ച ആവശ്യങ്ങൾക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. ഭരണ സൗകര്യം മുൻനിർത്തി പുതിയ വില്ലേജുകൾ രൂപീകരിക്കാനുള്ള നടപടികൾ ആരംഭിക്കണം. കൈവശഭൂമിക്ക് പട്ടയം നൽകുന്ന കാര്യത്തിൽ അക്ഷന്തവ്യമായ കാലതാമസമുണ്ടായിക്കൊണ്ടിരിക്കുന്നു. അതുപോലെ തന്നെ മറ്റു ജനവിഭാഗങ്ങൾക്ക് നാല് സെന്റ് വീതം പട്ടയം നൽകുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് 3 സെന്റ് വീതമാണ് നൽകുന്നത്. ഈ വിവേചനം അവസാനി പ്പിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം. വരൾച്ച നേരിടുന്നതിന് 51 കോടി രൂപ വകയിരുത്തിയ നടപടിയും കാർഷിക കടാശ്വാസത്തിന് 25 കോടി രൂപ അനുവദിച്ച നടപടിയും സ്വാഗതാർഹമാണ്. ഹജ്ജ് തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കു ന്നതിന് ഒരു കോടി രൂപ അനുവദിച്ച നടപടിയെ സ്വാഗതം ചെയ്യുകയാണ്. 10 കോടിയോളം രൂപ ചെലവുവരുന്ന ഈ പദ്ധതിക്ക് കൂടുതൽ തുക വകയിരുത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. അവശ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് 10,000 രൂപ നൽകാനുള്ള 'മംഗല്യ ഇൻഷ്വറൻസ് പദ്ധതി' ഈ രാജ്യത്തെ ആദ്യത്തെ പദ്ധതിയാണെന്ന് അഭിമാനിക്കാൻ വകയുണ്ട്. അതുപോലെതന്നെ മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള 'സ്നേഹതീര' പദ്ധതി മലപ്പുറം ജില്ലയിൽ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നതിൽ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. താനൂരിലേയും പരപ്പനങ്ങാടിയിലേയും മത്സ്യബന്ധന തുറമുഖങ്ങളുടെ പണി എത്രയുംവേഗം ആരംഭി ക്കാനുള്ള നടപടിയും കൈക്കൊള്ളണം. മലപ്പുറത്ത് കെ.എസ്.ആർ.ടി.സി.-യിൽ ധാരാളം ഷെഡ്യൂളുകൾ കഴിഞ്ഞ കുറേ മാസങ്ങളായി ഇടയ്ക്കിടയ്ക്ക് നിർത്തിവയ്ക്കുകയാണ്. പ്രധാനപ്പെട്ട റൂട്ടുകളിൽ പിൻവലിച്ച ഷെഡ്യൂളുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരി ക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. തികഞ്ഞ യാഥാർഥ്യബോധത്തോടും ദീർഘവീക്ഷണ ത്തോടുംകൂടി ഒരു നവകേരള സൃഷ്ടിക്ക് തുടക്കം കുറിക്കാൻ ആത്മാർത്ഥമായ ശ്രമമാണ് ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട മന്ത്രി നടത്തിയിട്ടുള്ളത്. അതിന് സർവ്വാത്മനാ പിൻതുണ പ്രഖ്യാപിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. രാജൻ: ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്, ഇതൊരു തെഴിലാളി വിരുദ്ധ ബഡ്ജറ്റാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ രണ്ടേമുക്കാൽ വർഷം കേരളത്തിലെ തൊഴിലാളി വർഗ്ഗത്തെ മുഴുവൻ ദയാവധം ചെയ്തുകൊണ്ടിരി ക്കുകയായിരുന്നു. പരമ്പരാഗത തൊഴിലാളികളും മറ്റു 40 ലക്ഷത്തോളം വരുന്ന തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും കേരളത്തിന്റെ ജനസംഖ്യയുടെ പകുതി യിലധികം വരുന്ന ജനങ്ങൾ ഇന്ന് പട്ടിണിയിലും ദാരിദ്ര്യത്തിലുമാണെന്ന് കഴിഞ്ഞകാല

LIBRARY ARCHIVES Kerala Legislative Assembly

സംഭവങ്ങൾകൊണ്ട് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. അവരുടെ നേരെ മുഖം തിരിഞ്ഞുനിൽക്കുന്ന ഒരു സമീപനമാണ് കഴിഞ്ഞകാല ഗവൺമെന്റ് നടത്തിയത്. പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടി, കയർ, കൈത്തറി എന്നീ മേഖലകളെക്കുറിച്ച് രാവിലെ ഇവിടെ ശ്രദ്ധക്ഷണിക്കൽ പ്രമേയമൊക്കെ അവതരിപ്പിച്ചു. കേരളത്തിലെ ഏതാണ്ട് നാലര ലക്ഷത്തോളം വരുന്ന തൊഴിലാളികൾ പ്രത്യേകിച്ച് 98 ശതമാനം തൊഴിലാളികളും സ്ത്രീകളാണ്. കൊല്ലം, തിരുവനന്തപുരം മേഖലകളിലായി പണിയെടുക്കുന്ന നാലര ലക്ഷത്തോളം വരുന്ന തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും കഴിഞ്ഞ രണ്ടേമുക്കാൽ വർഷമായി നിരവധി ചർച്ചകളും സമരങ്ങളുമൊക്കെയായി കഴിയുകയാണ്. തൊഴിൽ വകുപ്പുമന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ ചില തീരുമാനങ്ങളൊക്കെയുണ്ടായി. കഴിഞ്ഞ രണ്ടേ മുക്കാൽ വർഷമായി 11 ദിവസമാണ് ആ മേഖലയിലെ തൊഴിലാളികൾക്ക് പണി ലഭിച്ചിട്ടുള്ളത്. എന്നാൽ നൂറു കണക്കിന് സ്വകാര്യ മേഖലയിലെ മുതലാളിമാർ നടത്തുന്ന ഫാക്ടറികൾക്ക് നിയമനിഷേധം ഏർപ്പെടുത്തുന്നു. അവിടെത്തെ തൊഴിലാളികൾക്ക് കൂലിയും മറ്റാനുകൂല്യങ്ങളും നിഷേധിക്കുന്നു. എന്നാൽ അവർക്ക് സകല സഹായങ്ങളും ചെയ്തുകൊടുക്കുന്നതിനുള്ള ഗവൺമെന്റ് ഉത്തരവുകൾവരെ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുവെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. നാൽപ്പതിനായിരത്തോളം വരുന്ന കാപ്പെക്സ്, കശുവണ്ടി വികസന കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവരെ സഹായിക്കണം. വർഷത്തിൽ 200, 220 ദിവസംവരെ പണിയെടുത്തിരുന്ന തൊഴിലാളികൾക്ക് ഇപ്പോൾ 11 ദിവസം വരെ മാത്രമേ തൊഴിലുള്ളൂ. ഈ സഭയിൽ തന്നെ നിരവധി പ്രാവശ്യം ആ മേഖലയിൽ നിന്നുവരുന്ന എം.എൽ.എ.-മാർ ഇക്കാര്യം സൂചിപ്പിക്കുകയുണ്ടായി. അവരെ സഹായിക്കുന്നതിന് കൂട്ടാക്കാതെ ഈ ഗവൺമെന്റ് മുഖംതിരിച്ച് നിൽക്കുന്നു. കേരള ചരിത്രത്തിൽ ഇത്രയും നീണ്ടകാലം തോട്ടം മേഖലയിലെ ഫാക്ടറികൾ അടച്ചിടുകയും സ്കൂളുകളും ആശുപത്രികളും അടച്ചിടുകയും പട്ടിണി മരണങ്ങൾ വരെ ഉണ്ടാകുകയും ചെയ്ത സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. ശ്രീ. ഇ. എം. അഗസ്തി തന്നെ

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഇതുസംബന്ധിച്ച് നിയമസഭയിൽ കാളിംഗ് അറ്റൻഷൻ കൊണ്ടുവന്നിട്ടുണ്ട്. അങ്ങയുടെ മറുപടി എന്റെ കയ്യിലുണ്ട്. ആത്മഹത്യകൾ ഉണ്ടാകുന്നു എന്നുള്ളത് നിങ്ങൾ തന്നെ സമ്മതിക്കുന്നുണ്ട്. ഒമ്പത് വയസ്സുള്ള പെൺകുട്ടി വരെ ആത്മഹത്യ ചെയ്ത സംഭവം ഇടുക്കി പ്രദേശത്തുണ്ടായത് അങ്ങ് സമ്മതിക്കുന്നുണ്ട്. അവരെ സഹായിക്കുന്നതിന് ഒരു പദ്ധതിയും ഇല്ല. ഇന്ന് അവർ സംയുക്തമായി സെക്രട്ടേറിയേറ്റ് നടയിൽ സമരം നടത്തുകയാണ്. അവരെ സഹായിക്കുന്നതിനുള്ള ഒരു പദ്ധതിയും ഈ ബഡ്ജറ്റിൽ ഇല്ല. IT enabled service-ഉം IT motivated industries-ഉം ഒന്നും നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സഹായകരമല്ലെന്ന് അങ്ങു തന്നെ സഭയിൽ സൂചിപ്പിച്ചതാണ്. പരമ്പരാഗത വ്യവസായത്തെ മരവിപ്പിച്ചുകൊണ്ട് ഒരു തരത്തിലും തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുകയില്ല. ഐ.ടി മേഖലയിൽ ഏതാണ്ട് 15 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്ന് നിയമസഭയിൽ പറഞ്ഞവരാണ്. അതിന്റെ കണക്ക് മേശപ്പുറത്ത് വയ്ക്കട്ടെ. സാമൂഹ്യ സുരക്ഷാ പദ്ധതികളെക്കുറിച്ച് ഞാൻ പറയാനാഗ്രഹിക്കുകയാണ്. വികലാംഗ പെൻഷൻ 110 രൂപയിൽ നിന്ന് 150 ആക്കി ഉയർത്തി. വളരെ നല്ല കാര്യമാണ്. അതുപോലെ നിരവധി പെൻഷൻ പദ്ധതികളുണ്ട്. മന്ദബുദ്ധികൾക്ക് കൊടുക്കുന്ന പെൻഷൻ, ഓൾഡ് ഏജ് പെൻഷൻ, അഗതി പെൻഷൻ, വിധവാ പെൻഷൻ എന്നിവയൊക്കെ നിൽക്കുമ്പോഴും വികലാംഗ പെൻഷൻ 110 രൂപയിൽ നിന്ന് 150 ആയി വർദ്ധിപ്പിച്ചതിനെക്കുറിച്ച് എനിക്ക് മനസ്സിലാകുന്നില്ല. അതിനെക്കുറിച്ച് ഒരു പരിശോധന ഞാൻ നടത്തി. ഇവിടെയുള്ള പല മെമ്പർമാരും കെ.പി.സി.സി.-യുടെ പ്രസിഡന്റ് അടക്കമുള്ളവർ പറഞ്ഞത് ഇതൊരു ഗ്രൂപ്പ് ബഡ്ജറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ആണെന്നാണ്. പലരെയും നിലനിർത്തുന്നതിനുവേണ്ടി ഉണ്ടാക്കിയ ബഡ്ജറ്റ്, അവർക്ക് സഹായങ്ങൾ കൂടുതൽ കൊടുക്കുന്നു എന്നുപറഞ്ഞു. എന്നാൽ വികലാംഗ പെൻഷൻ കൊടുത്തത് സംബന്ധിച്ച് ഞാൻ പല ആളുകളേയും ശ്രദ്ധിച്ചു. ഏതു ഗ്രൂപ്പിനെ നില നിർത്താനാണെന്നു എനിക്ക് മനസ്സിലാകുന്നില്ല. വികലാംഗ പെൻഷനെ ഞങ്ങൾ എതിർക്കുന്നുണ്ടോ എന്ന് ഇന്നലെ ശ്രീ. ആര്യാടൻ മുഹമ്മദ് ചോദിച്ചു, ഞങ്ങൾക്ക് എതിർപ്പില്ല. പക്ഷേ നിരവധി പെൻഷൻ പദ്ധതികളെ മരവിപ്പിച്ചുകൊണ്ട്.....

ശ്രീ. ടി. കെ. ദേവകുമാർ: സർ, രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത ധീരയോദ്ധാക്കൾക്കുള്ള പെൻഷൻ തുക വർദ്ധിപ്പിച്ചത് വാങ്ങിക്കുന്നത് കേരളത്തിൽ 10 പേരിൽ കുറവ് മാത്രമേയുള്ളൂ എന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. എൻ. രാജൻ: സർ, എല്ലാം വെറും പ്രഖ്യാപനങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. കർഷകത്തൊഴിലാളികളുടെ കാര്യം പറയാതിരിക്കാൻ നിവൃത്തിയില്ല. 19 ലക്ഷം വരുന്ന കർഷകത്തൊഴിലാളികളെ അംശദായ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അംശാദായം രണ്ട് രൂപ എന്നുള്ളത് 5 രൂപയാക്കി സഭ പാസ്സാക്കിയതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വന്നപ്പോൾ ബഡ്ജറ്റിൽ കൂടി വകകൊള്ളിച്ചുകൊടുത്ത 5 കോടി രൂപയാണ് കഴിഞ്ഞ രണ്ടേ മുക്കാൽ വർഷവും അവർക്ക് ആനുകൂല്യങ്ങളായി കൊടുത്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ 1,30,000 പേർ അപേക്ഷകൾ കൊടുത്ത് ആനുകൂല്യങ്ങൾക്കുവേണ്ടി കാത്തുനിൽക്കുന്നു. പ്രസവം കഴിഞ്ഞ സ്ത്രീകൾ, ആശുപത്രികളിൽ കിടക്കുന്ന രോഗികൾ, മരണാനന്തരസഹായം വാങ്ങിക്കാൻ അവരുടെ പിൻഗാമികൾ, 60 വയസ്സ് കഴിഞ്ഞിട്ടുള്ളവർ തുടങ്ങിയവരെല്ലാം കൂടി 1,30,000 പേർ ആനുകൂല്യങ്ങൾ വാങ്ങാൻ കാത്തിരിക്കുന്നവരാണ്. 60 വയസ്സ് കഴിഞ്ഞിട്ടുള്ളവരൊക്കെ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ എന്നുതന്നെ സംശയമാണ്. അവർക്ക് ആനുകൂല്യങ്ങൾ കൊടുത്തുതീർക്കാൻ 56 കോടി രൂപ വേണം. കഴിഞ്ഞ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് 5 കോടി രൂപ ബഡ്ജറ്റ് വഴി കൊടുത്തതല്ലാതെ, 56 കോടി രൂപ ഇവർക്ക് കൊടുത്തുതീർക്കാൻ ബാക്കി നിൽക്കുമ്പോഴും ഒരു രൂപ പോലും കേരളത്തിലെ 19 ലക്ഷം വരുന്ന കർഷകത്തൊഴിലാളികളെ സഹായിക്കാൻ വേണ്ടി ഈ ബഡ്ജറ്റിൽ നീക്കിവയ്ക്കാൻ ഗവൺമെന്റ് തയ്യാറല്ല. പട്ടികജാതി വികസനത്തെ സംബന്ധിച്ച് എസ്.സി.പി./ടി.എസ്.പി. ഫണ്ട്, സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് തുടങ്ങി കോടിക്കണക്കിന് രൂപ സംസ്ഥാനത്ത് അവർക്കുവേണ്ടി ചെലവഴിക്കുന്നു. "കാട്ടിലെ തടി തേവരുടെ ആന" എന്നു പറഞ്ഞതുപോലെയാണ്. പ്രോപ്പർ മാനേജ്മെന്റില്ല, സ്ക്രൂട്ടിണിയില്ല, ഇൻസ്പെക്ഷൻ ഇല്ല. ആ വകുപ്പിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തികൊണ്ടിരിക്കുകയാണ്. കോടിക്കണക്കിന് രൂപ കമ്പ്യൂട്ടർ പരിശീലനത്തിനും ഡ്രൈവിംഗ് പരിശീലനത്തിനും ചെലവാക്കി. പത്താം ക്ലാസ്സിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള ഒരു ഗൈഡിന് 350 രൂപയാണ് വില. അതിന്റെയൊക്കെ കണക്കുകൾ പരിശോധിക്കേണ്ടിയിരിക്കുന്നു. ഈ പദ്ധതികൾക്കൊന്നും ഒരന്വേഷണവും ഇൻസ്പെക്ഷനും ഇല്ല. കോടിക്കണക്കിന് രൂപ പാഴായി പോകുകയാണ്. സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അധ്യയനവർഷം മാർച്ചിൽ തീരാൻ പോകുകയാണ്. അവർക്ക് ലംപ്സംഗ്രാന്റ് കൊടുത്തിട്ടില്ല. 100 രൂപയിൽ താഴെ മാത്രമാണുള്ളത്. അവർക്ക് മെസ് അലവൻസ് കൊടുത്തിട്ടില്ല. സ്റ്റൈപെന്റ് കൊടുത്തിട്ടില്ല. ഇന്നലെ രാത്രി എട്ടു മണിക്ക് ഞങ്ങൾ ഒരു സമരം കണ്ടു. മെഡിക്കൽ കോളേജിലെ പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് എന്ന സ്ഥാപനത്തിലെ ആൺകുട്ടികളും പെൺകുട്ടികളുമടക്കം 250 പേർ രാത്രി എട്ടു മണിക്ക് എസ്.സി. ഡയറക്ടറേറ്റ് ഓഫീസിൽ കാത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ 5 ദിവസമായിട്ട് ആ ഹോസ്റ്റലിലെ കുട്ടികൾ പട്ടിണിയിലാണ്. അവർ മെഡിക്കൽ കോളേജ് പരിസരത്തുള്ള കടത്തിണ്ണകൾതോറും കയറിയിറങ്ങി പിരിവെടുത്താണ് ജീവിതം കഴിയുന്നത്. അവർക്ക് 5 മാസമായി മെസ് അലവൻസ് കൊടുക്കാത്തതാണ് കാരണം. ഞാനും ഡോ. എ. നീലലോഹിതദാസൻ നാടാരും ശ്രീ. പി. നാരായണനും അവിടെ പോയി പല കുട്ടികളും ഭക്ഷണം കഴിക്കാതെ ബോധം കെട്ട് നിലത്തുവീഴുന്നു. അവർക്ക് ഒരു നിവൃത്തിയുമില്ല. ഇതൊന്നും ആരും നോക്കണ്ടേ?

ശ്രീ. പി. നാരായണൻ: സർ, 5 മാസമായി അവർക്ക് മെസ് അലവൻസും മറ്റും കൊടുക്കാതെ നിരവധി സമരങ്ങൾ നടത്തി ഒരു പ്രയോജനവുമില്ലാത്തതിന്റെ അടിസ്ഥാനത്തിലാണ് ഇന്നലെ അവർ നിരാഹാരം ആരംഭിച്ചതെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. എൻ. രാജൻ: സർ, പല പെൺകുട്ടികളും ആഹാരമില്ലാതെ ഡ്രിപ് കൊടുത്ത് ഓരോ ദിവസവും തള്ളിനീക്കുകയാണ്. ആഹാരം കഴിക്കാൻ അവർക്ക് പൈസയില്ല. അവർ പിരിവെടുക്കുകയാണ്. എന്തു വകുപ്പാണിത്? കമ്പ്യൂട്ടർ പരിശീലനത്തിന്റെ കാര്യം പറഞ്ഞതുപോലെ ബഡ്ജറ്റിൽ ഒരു തൊഴിൽ ക്ലബിന്റെ കാര്യം പറയുന്നുണ്ട്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, എസ്.സി. ആന്റ് എസ്.ടി. ഹോസ്റ്റലുകൾക്ക് കൊടുക്കേണ്ട ഫണ്ടിന്റെ കാര്യത്തിൽ ട്രഷറി നിയന്ത്രണം ഒഴിവാക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കേണ്ടതല്ലേ?

ശ്രീ. എൻ. രാജൻ: എസ്.സി. വിഭാഗത്തിനുള്ള ഫണ്ടിന്റെ കാര്യത്തിൽ കഴിഞ്ഞ കാലങ്ങളിലൊന്നും ട്രഷറി ബാൻ ഉണ്ടായിരുന്നില്ല. 5 മാസമായിട്ടും ട്രഷറി ബാൻ.....

ശ്രീ. പി. സി. ജോർജ്: സർ അങ്ങയോട് ഒരു കാര്യം പറയുകയാണ്. ഏറ്റവും പ്രധാനപ്പെട്ട ബഡ്ജറ്റ് ഡിസ്ക്കഷൻ നടക്കുകയാണ്. ആ ഭാഗത്ത് ഒരു മന്ത്രിയല്ലാതെ മറ്റു മന്ത്രിമാരൊന്നും ഇല്ല. എം.എൽ.എ.-മാർ ആകെ ഏഴു പേരാണുള്ളത്. ഇത് സഭയോടുള്ള അവഹേളനമാണ്. ഈ ഗവൺമെന്റിന് ബഡ്ജറ്റിനെപ്പറ്റി കാഴ്ചപ്പാടില്ല എന്നുള്ളതിന്റെ തെളിവല്ലേ ഇത്? മന്ത്രിമാർ പോലുമില്ല. ഇത് അപമാനമല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്ക് നന്ദി!

ശ്രീ. എൻ. രാജൻ: സർ, പട്ടികജാതി വിഭാഗക്കാർക്ക് തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കുന്നതിനും വരുമാനമുണ്ടാക്കുന്നതിനും വേണ്ടി തൊഴിൽ ക്ലബ്ബുകൾ ആരംഭിക്കുമെന്ന് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നു. ഇത് ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്? ഇതിന്റെ നോഡൽ ഏജൻസി ആയിട്ട് ഏൽപ്പിച്ചിരിക്കുന്നത് കുടുംബശ്രീയെയാണ്. കുടുംബശ്രീ എന്നു പറയുന്നത് സ്ത്രീകളുടെ ഒരു സംഘടനയാണ്. ആ സംഘടനയ്ക്കാണ് പൈസ കൊടുക്കുന്നത്. കേരളത്തിലെ ഹരിജൻ യുവതികൾക്കും യുവജനങ്ങൾക്കും തൊഴിലുണ്ടാക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്ക് പൈസ കൊടുത്തിരിക്കുന്നത് വനിതകൾ നടത്തുന്ന കുടുംബശ്രീ സംഘങ്ങൾക്കാണ്. കമ്പ്യൂട്ടർ പരിശീലനവും ഡ്രൈവിംഗ് പരിശീലനവും നടത്തിയതിനേക്കാൾ ഏറ്റവും വലിയ തട്ടിപ്പ് ഇതിന്റെ പിന്നിൽ നടക്കാൻ പോകുകയാണ്, ഈ പദ്ധതി പിൻവലിക്കണം. തൊഴിൽ ക്ലബ്ബുകളെ കുടുംബശ്രീയിൽ നിന്ന് ഒഴിവാക്കി ഈ വകുപ്പിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ തയ്യാറാകണം. ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ അഭിമാനപൂർവ്വം സ്വാഗതം ചെയ്യുകയാണ്. പരിമിതിക്കുള്ളിൽ നിന്നുകൊണ്ടുതന്നെയാണെങ്കിലും നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സാധാരണക്കാരുടെമേൽ നികുതിഭാരം അടിച്ചേല്പിക്കാതെയാണ് ഈ ക്ഷേമപദ്ധതികളൊക്കെ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. എനിക്കൊരു കാര്യം പറയാനുണ്ട്. ഭരണബഞ്ചിൽ മന്ത്രിമാരാരുമില്ലെന്നുള്ളത് വളരെ ഖേദകരമാണ്; ഇടതുപക്ഷ ബഞ്ചുകളിലും ഇല്ലെന്നുള്ളത് അവർ കാണുന്നില്ല. ആദ്യമായി സഭയിൽ എത്തിയ എന്നെപ്പോലുള്ള ആളുകൾക്ക് അങ്ങ് ഇരിക്കുന്ന കസേരയിൽ അങ്ങ് ഇല്ലാതിരുന്നുവെങ്കിൽ നിയന്ത്രണമില്ലാതെ സംസാരിക്കാമായിരുന്നല്ലോ എന്ന സന്തോഷമുണ്ട്. ഇവിടെ ശ്രീ. ടി. കെ. ദേവകുമാറിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് വല്ലാത്ത ഒരു ചിന്താക്കുഴപ്പമുണ്ടായിപ്പോയി. അദ്ദേഹം വളരെ വയലന്റായി സംസാരിക്കുന്നത് കണ്ടപ്പോൾ ഇതെന്താണ്; ഇതിങ്ങനെ ശ്രീ. ടി. കെ. ദേവകുമാറിന്റെ മാത്രമല്ല, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രവർത്തകരുടെ എല്ലാവരുടേയും ഒരവസ്ഥയായി എനിക്ക് തോന്നിപ്പോവുകയാണ്. ഇത് വല്ലാത്തൊരു മാനസികാവസ്ഥ, വിഭ്രാന്തിയുണ്ടാക്കുന്ന നിലയിലുള്ള ഒരു സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. എന്റെ മനസ്സിലേയ്ക്ക് കടന്നു വരുന്നത് വിശ്വപ്രസിദ്ധനായ ഷേക്സ്പിയറുടെ 'ഒഥല്ലോ' എന്ന നാടകത്തിലെ ഈയാഗോയേയും അദ്ദേഹത്തിന്റെ ചിന്തകളേയും സംബന്ധിച്ചുള്ള വാക്കുകളാണ്. ഈയാഗോ അസൂയയുള്ള ഒരു കഥാപാത്രമായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ചിന്ത മറ്റൊന്നുമായിരുന്നില്ല, കഷ്യോവിന്റെ സൗന്ദര്യത്തെക്കുറിച്ചായിരുന്നു. കഷ്യോവിന് ദിനംപ്രതി സൗന്ദര്യം വർദ്ധിച്ചുവരുന്നു, അങ്ങനെ സുന്ദരനായിട്ടുള്ള കഷ്യോവാണ് തന്റെ ഈ വൈരൂപ്യത്തിന് കാരണമെന്നായിരുന്നു ഈ ഈയാഗോയുടെ ചിന്ത മുഴുവൻ. ഇവിടെയുള്ള ഏറ്റവും വലിയൊരു വിഷമം മറ്റൊന്നുമല്ല, കാർമേഘങ്ങളുണ്ടായിട്ടും ഇടിവെട്ടി മഴ പെയ്തിട്ടും ജനങ്ങൾക്കിടയിലും കേരളത്തിലും ബഹുമാന്യനായ എ. കെ. ആന്റണി തിളങ്ങിനിൽക്കുന്നു, ഐക്യ ജനാധിപത്യമുന്നണി തിളങ്ങിനിൽക്കുന്നു എന്നുള്ളതാണ് ഈ മാനസികാവസ്ഥയ്ക്ക് കാരണമെന്ന് ഞാൻ കരുതുകയാണ്. എന്റെ പിൻനിരയിൽ ഒരു സഹോദരിയുണ്ടായിരുന്നു ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി. തിരുവല്ലയിൽനിന്ന് വലിയ പരീക്ഷണങ്ങളെ അതിജീവിച്ചും, വളരെയധികം വിഷമങ്ങളെ തരണം ചെയ്തുകൊണ്ടും കടന്നുവന്ന ആ സഹോദരിയുടെ സാന്നിദ്ധ്യം കൂടി കാണുമ്പോൾ എന്റെ ആ ചിന്ത ശരിക്കും ശരിയാണെന്ന് തോന്നിപ്പോവുകയാണ്. 495 കോടി രൂപയുടെ അധിക വിഭവ സമാഹരണം നടത്തുന്നു എന്ന പ്രഖ്യാപനം നടത്തിയിട്ടുള്ള ഒരു ബഡ്ജറ്റാണിത്. സംസ്ഥാനത്തിന്റെ പൊതുകടം കുറച്ച് വർദ്ധിച്ചു എന്നുള്ളത് ആക്ഷേപകരമായി ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് വസ്തുതകളെ സംബന്ധിച്ച് മനസ്സിലാക്കാതെയാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇവിടെ പൊതുക്കടം അല്പം വർദ്ധിച്ചു എന്നുള്ള സാഹചര്യം അല്പസ്വല്പം യാഥാർത്ഥ്യമുള്ളതാണെങ്കിൽപ്പോലും അതിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ നമുക്ക് വിസ്മരിക്കാൻ സാദ്ധ്യമല്ല. വൈദ്യുതി ബോർഡിനുവേണ്ടി ചെലവഴിക്കാൻ വേണ്ടിവരുന്ന 1158 കോടി രൂപ നമുക്ക് കണ്ടില്ല എന്ന് നടിക്കാൻ കഴിയുമോ? അതുപോലെ ഇടതുപക്ഷ ഗവൺമെന്റ് നിയമിച്ച പ്ലസ് ടു അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം 270 കോടി രൂപ അവർക്കുവേണ്ടി മാറ്റിവച്ചിരിക്കുന്നു. കരാറുകാർക്ക് 1065 കോടി രൂപ. ഹഡ്കോ, കോ-ഓപ്പറേറ്റീവ് ബാങ്ക്,

അതുപോലെ ജീവനക്കാർക്കുള്ള ഡി.എ. അരിയേഴ്സ്, കാഷ്യൂ കോർപ്പറേഷൻ, ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ്, ഉച്ചക്കഞ്ഞി, പയർ, മെഡിക്കൽ കമ്പനികൾക്ക് കൊടുക്കേണ്ട പണം തുടങ്ങിയ കാര്യങ്ങൾക്കൊക്കെ തന്നെയും പണം കണ്ടെത്തേണ്ട ബാധ്യതയിലാണ് ഈ ഗവൺമെന്റ്. ഇങ്ങനെയുള്ള പ്രശ്നങ്ങളിലൂടെയൊക്കെ കടന്നു പോകുന്ന ഈ ഗവൺമെന്റ് ബഡ്ജറ്റിലൂടെ എത്രയോ കഷ്ടപ്പെടുന്ന ആളുകൾക്ക് ആശ്വാസം എത്തിച്ചുകൊടുത്തു എന്ന് നമുക്ക് കാണാൻ കഴിയും. മംഗല്യ ഇൻഷ്വറൻസ് പദ്ധതിയെ സംബന്ധിച്ച് ഇവിടെ വിശദീകരിച്ചു. പാവപ്പെട്ട പെൺകുട്ടികൾ വളർന്നു വരുമ്പോൾ അവരുടെ അച്ഛന്റെയും അമ്മയുടെയും മനസ്സിലുണ്ടാകുന്ന ആ തീപ്പൊരി നമുക്ക് കാണാൻ കഴിഞ്ഞു എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നടപടിയിൽ ഏറ്റവും വലിയ ആശ്വാസം. അതുപോലെതന്നെ പൂട്ടിക്കിടക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ വിദ്യാഭ്യാസം കൊടുക്കുന്ന പദ്ധതി, സുരക്ഷാ ഭവന നിർമ്മാണ പദ്ധതി, 38,000 ഭവനങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ എന്നിവയുമായി ഗവൺമെന്റ് മുന്നോട്ടു പോവുകയാണ്, അതുപോലെതന്നെ കാരുണ്യ സൗജന്യ ഭവന പദ്ധതി, ദരിദ്രരായ ആളുകൾക്ക് സൗജന്യമായി വീടു നിർമ്മിച്ചു കൊടുക്കുന്ന പദ്ധതി, അഗതികൾക്ക് സാമൂഹ്യ സുരക്ഷിതത്വം നൽകുന്നതിനുവേണ്ടിയുള്ള പ്രത്യേക പദ്ധതി, വികലാംഗരുടെ പെൻഷൻ വർദ്ധിപ്പിച്ച നടപടി, അലക്കുതൊഴിലാളികൾക്കും ബാർബർ തൊഴിലാളികൾക്കും നൽകിയിട്ടുള്ള ക്ഷേമപദ്ധതി, മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുള്ള വിവിധ പദ്ധതികൾ, കടകളിലും വ്യാപാര സ്ഥാപനങ്ങളിലും പണിയെടുക്കുന്ന പാവപ്പെട്ട ജീവനക്കാർക്കുവേണ്ടി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ, ഖാദി, ഹിന്ദി പ്രചാരം നടത്തുന്ന ആളുകൾക്കുവേണ്ടിയുള്ള പെൻഷൻ പദ്ധതികൾ, ഇങ്ങനെ പാവപ്പെട്ട ആളുകൾക്ക് എത്രയോ ക്ഷേമകരമായ പദ്ധതികളാണ് ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്. അതുപോലെ വിവര സാങ്കേതിക വിദ്യയുടെ വളർച്ച ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നിരവധി നടപടികൾ, പൊതു വിദ്യാഭ്യാസ, ഉന്നത വിദ്യാഭ്യാസ, സാങ്കേതിക വിദ്യാഭ്യാസ മേഖലകളിൽ വലിയ സംഭാവന നൽകിയിരിക്കുന്നു. ഭവന നവീകരണത്തിനുവേണ്ടി 600 കോടി രൂപ, ശുദ്ധജല വിതരണത്തിന് 325 കോടി രൂപ, ടൂറിസം മേഖലയ്ക്കുവേണ്ടി പ്രത്യേക പദ്ധതികൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി, കലാ സാംസ്ക്കാരിക രംഗം പ്രോൽസാഹിപ്പിക്കാൻ വേണ്ടിയുള്ള പ്രത്യേകമായ സ്കീമുകൾ, തീരദേശ പോലീസിന്റെ രൂപീകരണം, മൃഗസംരക്ഷണ വകുപ്പിനുവേണ്ടിയുള്ള പ്രത്യേക നടപടികൾ, നഷ്ടത്തിലാകുന്ന വ്യവസായ മേഖലയിലുണ്ടാകുന്ന സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് 75 കോടി രൂപയുടെ പദ്ധതികൾ. ഇതിനേക്കാളുപരിയായി ഈ സംസ്ഥാന സർക്കാർ കാർഷിക മേഖലയ്ക്ക് ചെയ്തിട്ടുള്ള സംഭാവന നമുക്ക് ഒരിക്കലും വിസ്മരിക്കാൻ സാധ്യമല്ല. അതിനെ കണ്ടില്ലെന്നു നടിക്കുകയും അതിലെ യാഥാർത്ഥ്യങ്ങൾ മറച്ചുവയ്ക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം ഇന്നത്തെ പല മെമ്പർമാരുടെയും പ്രസംഗങ്ങളിൽനിന്നും എനിക്ക് കേൾക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനെത്തുടർന്ന് കാർഷിക മേഖലയിലുണ്ടായിട്ടുള്ള ഉണർവ്വ്, പ്രത്യേകിച്ചും കാർഷികോല്പന്നങ്ങൾക്ക് വില വർദ്ധിച്ചത് നമുക്കറിയാം. റബ്ബറിന് കിലോയ്ക്ക് 47 രൂപയായി എന്നുള്ള യാഥാർത്ഥ്യം മറച്ചുവയ്ക്കേണ്ടതില്ല. അതുപോലെതന്നെ ഒരു ക്വിന്റൽ നെല്ലിന് 740 രൂപയായി വില വർദ്ധിച്ചു എന്നുള്ളത് നമുക്ക് മറച്ചുവയ്ക്കാൻ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

കുരുമുളകിനും മറ്റുപല കാർഷികോല്പന്നങ്ങൾക്കും വില വർദ്ധിക്കുന്ന സാഹചര്യ മുണ്ടായി. അതിനേക്കാളുപരി ഈ ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ 12.5 ഏക്കർ വരെയുള്ള കൃഷിക്കാരെ പൂർണ്ണമായി നികുതിയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. പിന്നെ മറ്റൊരു കാര്യത്തെക്കുറിച്ച് ഇവിടെ സംസാരമുണ്ടായി എന്നുള്ളത് കർഷക കുടുംബ ത്തിൽ ജനിച്ച ഒരു വ്യക്തി എന്നുള്ള നിലയിൽ ഈ ഗവൺമെന്റ് ഒരു കർഷക ബന്ധു വായിട്ട് നിൽക്കുന്ന ഗവൺമെന്റായിട്ടും ഈ ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ കയറ്റുന്നു എന്നുള്ളതാണ് എനിക്കുണ്ടായ ബുദ്ധിമുട്ട്. 12.5 ഏക്കറിനു മുകളിലുള്ള കർഷകർക്ക് നികുതി കോമ്പൗണ്ട് ചെയ്യാനുള്ള സാഹചര്യമുണ്ട്. അത് നേരത്തെയുണ്ടായിരുന്ന രീതി യനുസരിച്ച് 40,000 രൂപവരെ വരുമാനമുള്ള 12.5 ഏക്കറിൽ കൂടുതലുള്ള കർഷകർക്ക് നികുതിയില്ല. അത് ഇപ്പോഴുമില്ല. 40,000 രൂപ മുതൽ 60,000 രൂപവരെ ഒരു സ്ലാബായി ട്ടാണ് ഇപ്പോൾ കണ്ടിട്ടുള്ളത്. നേരത്തെ 40,000 രൂപ മുതൽ 50,000 രൂപവരെ ഒരു സ്ലാബായിരുന്നു. ബഡ്ജറ്റിന്റെ 45-ാമത്തെ പേജിൽ അത് വ്യക്തമാക്കുന്നുണ്ട്. നേരത്തെ 60,000 രൂപ വരെയുള്ള കർഷകർക്ക് 5,000 രൂപവരെ നികുതി കൊടുക്കണമായിരുന്നു വെങ്കിൽ ഇപ്പോൾ കേവലം 2,000 രൂപ മാത്രമാണ് കൊടുക്കേണ്ടിവരുന്നത്. 3,000 രൂപയുടെ ലാഭം ഒരൊറ്റ സ്ലാബിന് ഉണ്ടായിരിക്കുകയാണ്. അതുപോലെതന്നെ 60,000 രൂപ മുതൽ ഒരു ലക്ഷം രൂപവരെ വരുമാനമുള്ള കർഷകർക്ക് നേരത്തെ 21,000 രൂപ നികുതി കൊടുക്കണമായിരുന്നുവെങ്കിൽ ഇപ്പോൾ കേവലം 10,000 രൂപ മാത്രം നികുതി കൊടുത്താൽ മതി. ആ ഇനത്തിലും കൃഷിക്കാർക്ക് ലാഭമുണ്ടാക്കിക്കൊടുത്തി രിക്കുകയാണ്. അതുപോലെ മൂന്നാമത്തെ സ്ലാബായിട്ടുള്ള ഒരു ലക്ഷത്തിന് മുകളിൽ, ഉദാഹരണത്തിന് മൂന്നു ലക്ഷംരൂപ വരുമാനമാണെങ്കിൽ നേരത്തെ 1,41,000 രൂപ നികുതി കൊടുക്കണമായിരുന്നു എന്നുണ്ടെങ്കിൽ ഇപ്പോൾ കേവലം 70,000 രൂപ മതി. എന്റെ സ്നേഹിതൻ ശ്രീ. പി. സി. ജോർജ് ഇത് വായിച്ച് മനസ്സിലാക്കണം. അങ്ങനെ വരുമ്പോൾ കോടിക്കണക്കിന് രൂപയുടെ ബാധ്യത സംസ്ഥാന ഗവൺമെന്റിനുണ്ടാകുന്നു എന്നുള്ള യാഥാർത്ഥ്യം മറച്ചുവയ്ക്കുന്ന സാഹചര്യം ഉണ്ടായിരിക്കുകയാണ്.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി:</u> സർ, ഇദ്ദേഹം കാർഷിക നികുതി ഘടനയെപ്പറ്റി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് പ്രസംഗിച്ച പലരും കഥയറിയാതെ ആട്ടം കാണുകയായിരുന്നു എന്നുള്ള വിവരം അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u> സർ, കഥയറിയാതെ ആട്ടം കാണുക എന്നു പറയുന്നത് ആനുകൂല്യങ്ങൾ കാർഷിക മേഖലയിൽ ചെയ്തുകൊടുത്തതിനെ സംബന്ധി ച്ചിടത്തോളം സുഖിച്ചില്ലെങ്കിലും അവരെ ആക്ഷേപിക്കുന്ന നടപടിയുണ്ടാകാൻ പാടില്ല. ഇതിൽ മറ്റൊന്നും പറയാനില്ല, "ഇവർ ചെയ്യുന്നത് എന്താണെന്ന് ഇവർ അറിയുന്നില്ല, ഇവരോട് ക്ഷമിക്കേണമേ" എന്നുള്ള യേശുക്രിസ്തുവിന്റെ വാക്കുകളാണ് എനിക്ക് ഓർമ്മ വരുന്നത്. കാർഷിക മേഖലയ്ക്ക് കോടിക്കണക്കിന് രൂപയുടെ നികുതി ആനുകൂല്യങ്ങൾ വാങ്ങിക്കൊടുത്തിട്ട് അതിനെ മറിച്ചു വ്യാഖ്യാനിക്കുന്നവർ ഭരണകക്ഷിയിലായാലും പ്രതിപക്ഷത്തായാലും ശരിയായ നിലയിൽ കാര്യങ്ങൾ കാണണമെന്നാണ് എനിക്ക് പറയാ നുള്ളത്. ഈ നിലയിൽ കാർഷിക മേഖലയ്ക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ അതു പോലെതന്നെ നെൽക്കൃഷിക്ക് നൽകിയിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾ, നെല്ലുല്പാദന മേഖലയ്ക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ അതൊന്നും വിസ്മരിക്കാൻ സാധ്യമല്ല. സംസ്ഥാന ജീവനക്കാർക്ക് ഡി. എ. ഏർപ്പെടുത്തിയതിനെ ഞാൻ അനുകൂലി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. എനിക്ക് അതിൽ എതിർപ്പൊന്നുമില്ല. ഖജനാവിൽനിന്ന് നല്ലൊരു ഭാഗം പണം ഇതിനുവേണ്ടി മാറ്റിവയ്ക്കേണ്ടിവരും. അതുപോലെ പെൻഷനും മറ്റു കാര്യങ്ങൾക്കുംവേണ്ടി നല്ലൊരു ശതമാനം പണം മാറ്റിവയ്ക്കണം. ഭർത്താവു മരിച്ചാൽ ആ പെൻഷൻ ഭാര്യയ്ക്ക് കിട്ടും. ഇനി ഭാര്യ മരിക്കുകയാണെങ്കിൽ വിവാഹിതയാകാത്ത പെൺമക്കളുണ്ടെങ്കിൽ അവർക്ക് കിട്ടും. നമ്മൾ കാണേണ്ട വലിയൊരു വസ്തുത, നമ്മുടെ പൊതുഖജനാവിൽനിന്ന് 90 ശതമാനത്തോളം രൂപ സർക്കാർ ജീവനക്കാർക്കുവേണ്ടി മാറ്റിവയ്ക്കുമ്പോൾ, സർക്കാർ ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തേണ്ട ബാധ്യത സർക്കാരിനുണ്ടെന്ന വസ്തുത വിസ്മരിക്കാൻ പാടില്ല. 365 ദിവസം പണിയെടുക്കേണ്ട സർക്കാർ ജീവനക്കാരൻ പണിയെടുക്കുന്ന ദിവസങ്ങൾ വളരെ ചുരുക്കമാണ്; അത് വളരെ ദുഃഖകരമാണ്. സർക്കാർ ജീവനക്കാർ 365 ദിവസത്തെ ശമ്പളം വാങ്ങിക്കുന്നവരാണ്. രാവിലെ പത്തു മണി മുതൽ വൈകുന്നേരം അഞ്ചുമണി വരെയാണ് സർക്കാർ ജീവനക്കാരൻ ജോലി ചെയ്യേണ്ടത്. ഈ ബഡ്ജറ്റിനെ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ബി. വിജയകുമാർ: സർ, ഒരു സവിശേഷമായ സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2004-05-ലെ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് പാർലമെന്റ് തെരഞ്ഞെടുപ്പ് ഏപ്രിൽ-മേയ് മാസങ്ങളിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു എന്നു മാത്രമല്ല സാമ്പത്തിക പരിഷ്ക്കരണ നടപടികളുടെ ഭാഗമായി 2004 മാർച്ച് മാസം അവസാനിക്കുന്നതിനു മുമ്പുതന്നെ 2004-05-ലെ സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കാനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയിരുന്നു. അത്തരമൊരു സാഹചര്യത്തിലാണ് അത് മാറ്റിവച്ചുകൊണ്ട് 4 മാസത്തെ വോട്ട് ഓൺ അക്കൗണ്ടുമായി ഒരിക്കൽക്കൂടി ബഡ്ജറ്റ് അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിർബന്ധിതനായിത്തീർന്നത്. 2001 മുതൽ യു.ഡി.എഫ്. ഗവൺമെന്റ് നടത്തിയ ആത്മാർത്ഥമായ പരിശ്രമത്തിന്റെ ഫലമായി അടുത്ത രണ്ടു വർഷം വികസനത്തിലേയ്ക്കും സാമ്പത്തിക സുസ്ഥിരതയിലേയ്ക്കും മുന്നേറി ഒരു നവകേരളം കെട്ടിപ്പടുക്കുന്നതിന്റെ സൂചനയാണ് ഈ ബഡ്ജറ്റിലുള്ളത്. പ്രതിപക്ഷത്തിനുപോലും ഒരു വിമർശനവും ഉന്നയിക്കാനില്ലെന്ന് തെളിഞ്ഞിരിക്കുകയാണ്. ഇത് കള്ളക്കണക്കാണെന്ന് മാത്രമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുപോലും പറഞ്ഞത്. മറ്റൊരു ആക്ഷേപം പറഞ്ഞത് കടക്കെണിയെക്കുറിച്ചാണ്. അദ്ദേഹം ഇന്നലെ പ്രസംഗത്തിനിടയിൽ കുന്തം, കോപ്പിലെ യു.ഡി.എഫ്., പുഴുങ്ങിത്തിന്നുക, ഇങ്ങനെ കുറെ വാക്കുകളൊക്കെ അപശബ്ദമായി പുറപ്പെടുവിച്ചിട്ട് ഹൈദ്രാബാദിലേയ്ക്ക് വണ്ടി കയറി. ഹൈദ്രാബാദിലേക്കു പോയപ്പോൾ ഡോ. തോമസ് ഐസക്കിനെതിരെ പ്രയോഗിക്കാൻ ഒരു ചെറിയ കുന്തംകൂടി അദ്ദേഹം കൊണ്ടുപോയി. അങ്ങനെ ചില അപശബ്ദങ്ങൾ ഇവിടെ പുറപ്പെടുവിച്ചു എന്നല്ലാതെ പ്രതിപക്ഷനേതാവിനുപോലും അക്ഷരാർത്ഥത്തിൽ ഈ ബഡ്ജറ്റിനെതിരെ കാര്യമായ ഒന്നും പരാമർശിക്കാനുണ്ടായിരുന്നില്ല. കാരണം ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രത്യേകിച്ച് മാർക്സിസ്റ്റ് പാർട്ടിയുടെ നയം മാറിയിരിക്കുന്നു. അധികാരത്തിൽ ഇരിക്കുമ്പോൾ ഒരു നയവും അധികാരത്തിൽനിന്ന് പുറത്തുപോകുമ്പോൾ വേറൊരു നയവും എന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയം. ശബ്ദം ഉയർത്തി പ്രസംഗിച്ച ശ്രീ. ടി. കെ. ദേവകുമാർ ഇവിടെ ഇരിക്കുന്നുണ്ട്. ഞാൻ ഇന്നലെ പത്രത്തിൽ ഒരു കാര്യം കണ്ടു. ഒരു പുതിയ താരം

LIBRARY ARCHIVES Kerala Legislative Assembly

ഉദിച്ചിരിക്കുന്നു! ഫ്രീ സോഫ്ട്‌വെയർ ഫൗണ്ടേഷന്റെ അദ്ധ്യക്ഷൻ റിച്ചാർഡ് മാത്യൂസ് സ്റ്റാൾമാൻ പ്രതിപക്ഷ നേതാവും അദ്ദേഹവുമായി ഒരു പുതിയ ഐക്യദാർഢ്യം പ്രഖ്യാപിച്ചിരിക്കുന്നു. കർഷകതൊഴിലാളികൾ, കയർത്തൊഴിലാളികൾ, കൈത്തറി തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ ഇവരുടെ പ്രശ്നമൊന്നുമല്ല ഇപ്പോൾ പ്രതിപക്ഷത്തിന്റെ മുമ്പിലുള്ള പ്രശ്നം. അവരുടെ മുമ്പിലുള്ള പ്രശ്നം free software വേണമോ micro software വേണമോ എന്നതാണ്. അധികാരത്തിൽ ഇരുന്നപ്പോൾ മൈക്രോ സോഫ്ട് വെയർ വേണമായിരുന്നു. പ്രതിപക്ഷത്തായപ്പോൾ micro software വേണ്ട free software വേണം. എന്താണ് കാര്യം? ഇ.എം.എസിനുശേഷം മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ താത്വികാചാര്യനാണല്ലോ ശ്രീ. പി. ഗോവിന്ദപിള്ള. ഇ.എം.എസിന്റെ കസേരയിൽ എ.കെ.ജി. സെന്ററിൽ ഇരിക്കുന്ന ആളല്ലേ ശ്രീ. പി. ഗോവിന്ദപിള്ള. അദ്ദേഹം സി.ഡിറ്റിനുവേണ്ടി, സി.ഡിറ്റിന്റെ ചെയർമാൻ എന്നുള്ള നിലയ്ക്ക് മൈക്രോ സോഫ്ട് വെയറുമായി ബന്ധപ്പെട്ട് ഒപ്പിട്ട memorandum of understanding ഉണ്ട്. അപ്പോൾ അധികാരത്തിൽ ഇരുന്നപ്പോൾ മാർക്സിസ്റ്റു പാർട്ടിക്ക് മൈക്രോ സോഫ്ടുവെയറുമായി ധാരണയാകാം. ഡോ. തോമസ് ഐസക്കിനും അതിൽ പങ്കുണ്ട്. ഡോ. തോമസ് ഐസക് മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിക്ക് ഒരു നോട്ടു കൊടുത്തു. ശ്രീ. പി. ടി. തോമസ് പത്രസമ്മേളനത്തിൽ പറഞ്ഞതാണ്. എന്താണ് അദ്ദേഹം പറഞ്ഞത്? 18-3-1999-ൽ പ്ലാനിംഗ് ബോർഡിന്റെ നേതൃത്വത്തിൽ പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനെപ്പറ്റി വിശദമായ ഒരു കുറിപ്പ് തയ്യാറാക്കുകയും ആ കുറിപ്പിന്റെ വിശദാംശങ്ങൾ സഖാവ് പിണറായി വിജയൻ, ശ്രീ. എം. എ. ബേബി, ശ്രീ. സി. പി. നാരായണൻ, സഖാവ് അനിയൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യുകയും ചെയ്തു. മൈക്രോസോഫ്ടുവെയറുമായി ധാരണയുണ്ടാക്കണമെന്ന് മാർക്സിസ്റ്റു പാർട്ടിയുടെ നോതാക്കൾ എല്ലാവരുംകൂടി ചർച്ച ചെയ്ത് തീരുമാനമെടുത്തു. ഡോ. തോമസ് ഐസക് കൊടുത്ത നോട്ടിന്റെ അടിസ്ഥാനത്തിൽ മാർക്സിസ്റ്റു പാർട്ടി തീരുമാനമെടുത്തു. ശ്രീ. പി. ഗോവിന്ദപിള്ളയെക്കൊണ്ട് ധാരണാപത്രത്തിൽ ഒപ്പിടുവിച്ച മാർക്സിസ്റ്റ് പാർട്ടി ഇപ്പോൾ മൈക്രോസോഫ്ട്‌വെയർ വേണ്ട free software വേണമെന്നു പറയുന്നത് ഇരട്ടത്താപ്പല്ലേ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> മൈക്രോസോഫ്ടുവെയറുമായിട്ടുള്ള സമീപനത്തിൽ മാത്രമല്ല നേരത്തെ ഇവിടെ പറഞ്ഞതുപോലെ ഇവരിൽ പലരും അധിനിവേശത്തിന്റെ ദല്ലാളന്മാരായി നിൽക്കുന്നു എന്നാണ് കമ്മ്യൂണിസ്റ്റു പാർട്ടി പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതൊരു ഉപജാപക സംഘത്തിൽപ്പെട്ടതാണ് എന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ തന്നെ പറഞ്ഞിരിക്കുകയാണ്. ഇത്തരത്തിലുള്ള ഒരു contradiction പാർട്ടിക്കകത്ത് നിലനിൽക്കുന്നു എന്നുള്ള സത്യം അങ്ങേയ്ക്കറിയില്ലേ?

<u>ശ്രീ. ബി. വിജയകുമാർ:</u> ആ ഫോക്കസിനെതിരായിട്ടാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ കുന്തവുമായി ഹൈദ്രാബാദിൽ പോയിരിക്കുന്നത്. ഇന്ന് free software-നുവേണ്ടി വാദിക്കുന്ന മാർക്സിസ്റ്റു പാർട്ടി അധികാരത്തിൽ ഇരുന്നപ്പോൾ എന്തുകൊണ്ട് മൈക്രോസോഫ്ടുവെയറുമായി ധാരണാപത്രത്തിൽ C-Dit-നുവേണ്ടി ഒപ്പുവച്ചു? അതന്വേഷിക്കണ്ടേ? കനേഡിയൻ കമ്പനി എസ്.എൻ.സി. ലാവ്‌ലിനുമായി തലശ്ശേരിയിൽ ക്യാൻസർ ആശുപത്രിക്ക് നൂറുകോടി രൂപ കൊടുക്കാമെന്ന ധാരണാപത്രത്തിൽ ഒപ്പുവച്ചു.

LIBRARY ARCHIVES Kerala Legislative Assembly

12 കോടി രൂപയേ കിട്ടിയുള്ളൂ. 88 കോടി രൂപ എങ്ങോട്ടു പോയി എന്നറിയില്ല! വിളപ്പിൽശാല ജൈവവള ഫാക്ടറിക്ക് നാലരക്കോടി രൂപയ്ക്ക് ഒപ്പുവയ്ക്കേണ്ടത് ഒൻപതു കോടി രൂപയ്ക്ക് പോബ്സൺ ഗ്രൂപ്പുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. രണ്ടു കോടി രൂപ തട്ടി എങ്ങോട്ടുപോയി എന്നറിയില്ല! അതുപോലെ ഈ മൈക്രോസോഫ്ടുവെയറുമായി ആദർശം ബലികഴിച്ചുകൊണ്ട് മാർക്സിസ്റ്റു പാർട്ടി അധികാരത്തിൽ ഇരുന്നപ്പോൾ ധാരണാപത്രത്തിൽ ഒപ്പുവച്ചെങ്കിൽ, 50 കോടി രൂപ ഇതിന്റെ പിന്നിലുണ്ടെന്ന് ഞാൻ പറഞ്ഞാൽ അത് നിഷേധിക്കാൻ സാധിക്കുമോ? ഇന്നലെവരെ അധ്വാനിക്കുന്ന ജന വിഭാഗങ്ങൾക്കുവേണ്ടി മുറവിളി കൂട്ടിയിരുന്ന മാർക്സിസ്റ്റു പാർട്ടി ഇന്നു മുദ്രാവാക്യം മാറ്റിയിരിക്കുന്നു. ഇന്ന് അവരുടെ പിന്നിലുള്ള പ്രശ്നം free software വേണമോ മൈക്രോസോഫ്ട്വെയർ വേണമോ എന്നുള്ളതാണ്. 1996-ൽ അധികാരവികേന്ദ്രീകരണത്തെ അവർ ജനകീയാസൂത്രണമെന്ന ഓമനപ്പേരിൽ കൊണ്ടുവന്നപ്പോൾ ഞങ്ങൾ പറഞ്ഞു, ഇനി രക്ഷയില്ലെന്ന്. കാരണം കോടിക്കണക്കിന് രൂപ സർക്കാർ ഖജനാവിൽ നിന്നെടുത്ത് ആട്, മാട്, കോഴി തുടങ്ങി ബെനിഫിഷറീസ് കമ്മിറ്റി എന്ന പേരിൽ ഇഷ്ടം പോലെ പണം സഖാക്കളുടെ കൈകളിലേക്ക് ഒഴുക്കിക്കൊടുത്തപ്പോൾ ഞങ്ങൾപ്പോലും വിചാരിച്ചു ഇനി കേരളത്തിൽ ഞങ്ങൾക്ക് രക്ഷയില്ലെന്ന്. ഇനിയും കേരളത്തിൽ എൽ.ഡി.എഫ്. വരുമെന്ന്. 1996-ൽ എന്തുണ്ടായി? 1996-ൽ ഖജനാവ് പൂട്ടി. അഗതി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, തൊഴിലില്ലായ്മ വേതനം, കർഷകത്തൊഴിലാളി പെൻഷൻ ഒന്നുമില്ല. സർക്കാർ ജീവനക്കാർക്ക് ഡി.എ. കുടിശ്ശിക ഇല്ല; ജോലി ചെയ്ത അദ്ധ്യാപകർക്ക് രണ്ടു വർഷമായി ശമ്പളംപോലുമില്ല. ഈവക കാര്യങ്ങൾ കേരളത്തിൽ എന്നെങ്കിലും കേട്ടുകേൾവിയുണ്ടായിട്ടുണ്ടോ? നിങ്ങൾ 9,000 അദ്ധ്യാപകരെ നിയമിച്ചിട്ട് രണ്ട് വർഷം അവർക്ക് ശമ്പളം കൊടുത്തില്ല. എന്നിട്ട് അവസാനം എന്തായി? കൊടുത്തതും പോയി, വാങ്ങിയതും പോയി, നിന്നതും പോയി എന്നു പറഞ്ഞതുപോലെയാണ്. അന്ന് അവർക്ക് അധികാരവും നഷ്ടപ്പെട്ടു. അന്നത്തെ സ്ഥിതി യു.ഡി.എഫ്. ഒരു പാഠമാക്കണം. 1996-ൽ അധികാരത്തിൽ വന്നപ്പോൾ അവരുടെ ഭരണത്തിന്റെ പോക്കു കണ്ടപ്പോൾ കേരളത്തിൽ ഇനി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ വാഴ്ചയാണെന്ന് വ്യാമോഹിച്ചിരുന്നവർ പോലും ഉണ്ട്. 2001 ആയപ്പോൾ എൽ.ഡി.എഫ്. തകർന്നുവീഴുന്ന കാഴ്ചയാണ് നാം കണ്ടത്. ഇന്ന് കേരളത്തിലെ സമ്പദ്വ്യവസ്ഥിതിയിൽ ഒരു പുത്തനുണർവ്വുണ്ട്. നിങ്ങൾ എന്തു പറഞ്ഞാലും ശരി, നിർമ്മാണ മേഖലയിൽ ഒരു പുത്തനുണർവ്വും പണിയുമുണ്ട്. നിങ്ങൾക്ക് ഇല്ലെന്നു പറയാൻ പറ്റുമോ? ഇന്ന് കേരളത്തിൽ എവിടെ ചെന്നാലും നിർമ്മാണ മേഖലയിൽ പണിയുണ്ട്. കാർഷിക രംഗത്ത് നിങ്ങളുടെ കാലത്ത് എന്തായിരുന്നു സ്ഥിതി? ഇന്ന് വില നിലവാരം ഉയർന്നിരിക്കുന്നു. കച്ചവട സ്ഥാപനങ്ങളിൽ കച്ചവടമുണ്ട്. ഗവൺമെന്റിൽനിന്ന് കിട്ടേണ്ട പണം കൊടുക്കുന്നുണ്ട്. കോൺട്രാക്ടർമാർക്ക് കോടികൾ കൊടുക്കുന്നു. അതുപോലെത്തന്നെ മറ്റെല്ലാ മേഖലകളിലും. ടൂറിസം രംഗത്ത് ഒരു പുത്തൻ ഉണർവ്വ് ഉണ്ടായില്ലേ? ഐ.ടി. രംഗത്തും ഒരു പുത്തൻ ഉണർവ്വ് ഉണ്ടായിരിക്കുകയല്ലേ? ഇൻഫോസിസ് വരുമ്പോൾ മറ്റന്നാൾ തിരുവനന്തപുരത്ത് മുൻ സ്പീക്കറുടെ നേതൃത്വത്തിൽ ഒരു സമരം നടത്താൻ പോകുന്നു. അവർ എന്താ പറയുന്നത് ഐ.ടി. കോറിഡോർ വേണം. ഈ ഗവൺമെന്റ് അതിനുവേണ്ടി കഴക്കൂട്ടത്ത് 290 ഏക്കർ ഭൂമി ഏറ്റെടുക്കാൻ മുന്നോട്ടു വന്നപ്പോൾ അതിനെതിരെ സമരം നടത്തുന്നതും മാർക്സിസ്റ്റ് പാർട്ടിക്കാരാണ്. ആ സ്ഥലം വിട്ടുകൊടുക്കരുതെന്നു പറഞ്ഞുകൊണ്ട് ശ്രീ. കടകംപള്ളി

LIBRARY ARCHIVES Kerala Legislative Assembly

സുരേന്ദ്രന്റെ നേതൃത്വത്തിൽ അവിടെ സമരം നടക്കുകയാണ്. അവിടെ 290 ഏക്കർ ഭൂമി എടുക്കരുതെന്ന് പറഞ്ഞും ഐ.ടി. കോറിഡോർ സ്ഥാപിക്കണമെന്നു പറഞ്ഞുമാണ് സമരം നടത്തുന്നത്. ഈ ഒരു പുത്തൻ ഉണർവ്വ് ഇനിയുള്ള രണ്ടു വർഷവും നില നിർത്തണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. ഇന്ന് കേരളത്തിലെ സമസ്ത മേഖലകളിലുമുണ്ടായിക്കൊണ്ടിരിക്കുന്ന ചലനവും ഉണർവ്വും അടുത്ത രണ്ടു വർഷവും നിലനിർത്താനാവശ്യമായ നടപടികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകേണ്ടത്. മാറ്റം വരേണ്ട മേഖലകളുണ്ട്. ഞാൻ സമ്മതിക്കുന്നു. പരമ്പരാഗത വ്യവസായമായ കയർ, കശുവണ്ടി, കൈത്തറി എന്നിവയുടെ ഉന്നമനത്തിനുവേണ്ടി പ്രതിപക്ഷവുമായി ചർച്ച ചെയ്തുകൊണ്ടായാൽപ്പോലും ഈ വ്യവസായങ്ങൾക്കാവശ്യമായ തുക നീക്കിവച്ച് വേണ്ടിവന്നാൽ അഡീഷണൽ ആതറൈസേഷൻ വഴിയെങ്കിലും പണം കണ്ടെത്തി പരമ്പരാഗത മേഖലയിൽ തകർച്ചയുണ്ടെങ്കിൽ അതൊഴിവാക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കണം. അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇങ്ങനെ കോടിക്കണക്കിനു രൂപ കൊടുത്തുകൊണ്ടുപോകാൻ നമുക്ക് സാധിക്കില്ല. ഒരിക്കലും രക്ഷപ്പെടില്ലെന്ന് വിശ്വാസമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ തൊഴിലാളികളെ ഏൽപ്പിക്കുക, അവർ നടത്തട്ടെ. അല്ലാതെ ഓരോ വർഷവും 50 കോടി രൂപയും 100 കോടി രൂപയും കൊടുക്കുകയെന്നുള്ള സ്ഥിതിയിലാണെങ്കിൽ എങ്ങനെ മുന്നോട്ടു കൊണ്ടുപോകാൻ പറ്റും? ഒന്നുകിൽ തൊഴിലാളികളെ ഏൽപ്പിക്കണം; അല്ലെങ്കിൽ എന്തുവേണമെന്നുള്ളത് പ്രതിപക്ഷവുമായി ആലോചിച്ച് വേണ്ടത് ചെയ്യണം. തൊഴിലാളികളെ തീറ്റിപ്പോറ്റുന്നതിനുവേണ്ടി ഖജനാവിൽനിന്ന് കോടികൾ ഒഴുക്കിക്കൊടുക്കാൻ സാദ്ധ്യമല്ല. ഒരുകാലത്തും രക്ഷപ്പെടില്ല എന്നുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ എന്തുചെയ്യണമെന്നതിനെക്കുറിച്ച് നാം ആലോചിക്കണം. ശ്രീ. കെ. ബി. ഗണേഷ്കുമാർ അദ്ദേഹം മുൻമന്ത്രിയായതുകൊണ്ട് പറഞ്ഞു, ഞാൻ അതുകൊണ്ടല്ല പറയുന്നത് കെ.എസ്.ആർ.ടി.സി. ഒരു പബ്ലിക് യൂട്ടിലിറ്റി സർവ്വീസാണ്. അത് നിലനിർത്തേണ്ടത് ആവശ്യമാണ്. അതിനാവശ്യമായ പണം കൊടുക്കണം. കെ.എസ്.ആർ.ടി.സി.-യെ നിലനിർത്തേണ്ടത് നാടിന്റെ ആവശ്യമാണ്. അതുപോലെത്തന്നെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും. ഇങ്ങനെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്തി, പരമ്പരാഗത വ്യവസായ രംഗം വികസിപ്പിച്ചുകൊണ്ട് ഗവൺമെന്റ് മുന്നോട്ടുപോകണം. ഞാൻ ചില നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയാണ്. സ്വാതന്ത്ര്യ സമര സേനാനികൾക്കൊപ്പം ഖാദി പ്രചാരകർക്കും ഹിന്ദി പ്രചാരകർക്കുംകൂടി പെൻഷൻ ഏർപ്പെടുത്തിയിരിക്കുന്നു. അതിന് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. ഖാദി പ്രചാരകർക്കും ഹിന്ദി പ്രചാരകർക്കും കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് പെൻഷൻ ഏർപ്പെടുത്തിയിരുന്നു. അത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എടുത്തുകളഞ്ഞു. വീണ്ടും അത് ഏർപ്പെടുത്താൻ തീരുമാനിച്ചതിൽ ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയേയും മുഖ്യമന്ത്രിയേയും അഭിനന്ദിക്കുകയാണ്. അതുപോലെത്തന്നെ വികലാംഗരുടെ ധനസഹായം വർദ്ധിപ്പിച്ചു. 10 കോടി രൂപ വിമാനത്താവളത്തിനുവേണ്ടി മാറ്റിവച്ചു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിച്ച കാലത്ത് അവർ അധികാരം വിട്ടുപോകുന്നതിന് രണ്ട് വർഷം മുമ്പ് കേന്ദ്രമന്ത്രിയെ കൊണ്ടുവന്ന് വിമാനത്താവളത്തിന്റെ ടെർമിനലിന് തറക്കല്ലിട്ടതാണ്. അതുകഴിഞ്ഞ് രണ്ടു കൊല്ലം എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്നു. ആ സമയത്ത് ഒരു സെന്റു ഭൂമിപോലും എടുത്തില്ല. 27 ഏക്കർ ഭൂമി എടുത്തുകൊടുക്കേണ്ടിടത്ത് ഇരുപത്തിയഞ്ചു ഏക്കർ ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് എടുത്തിരിക്കുന്നു. ഇനി ഒന്നര ഏക്കർ ഭൂമി കൂടി ഏറ്റെടുക്കാനുണ്ട്. ഭൂമിയുടെ കാര്യത്തിൽ ഹൈക്കോടതിയിൽ കേസുള്ളതുകൊണ്ടാണ് അത് ഏറ്റെടുക്കാൻ കഴിയാത്തത്. വിമാനത്താവള വികസനത്തിന് 10 കോടി രൂപ നീക്കിവച്ച ഈ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. അതുപോലെ തലസ്ഥാന നഗര വികസനം. നിങ്ങളെല്ലാപേരും തലസ്ഥാനത്ത് വരുന്നവരാണ്; കാസർഗോഡു മുതലുള്ള എല്ലാ ജനവിഭാഗങ്ങളും വരുന്നതാണ്. അടുത്ത ആറു മാസം കഴിയുമ്പോൾ തലസ്ഥാന നഗരത്തിൽ പ്രകടമായ മാറ്റം വരാൻ പോകുകയാണ്. ഇതിൽ രാഷ്ട്രീയ മില്ല. മേയർ ഇടതുപക്ഷക്കാരി, എം. പി. വർക്കല രാധാകൃഷ്ണൻ ഇടതുപക്ഷക്കാരനാണ്. ഇവരുടെയെല്ലാം സഹായത്തോടുകൂടി ഈ ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിച്ചതിന്റെ ഫലമായി അടുത്ത ആറുമാസത്തിനിടയിൽ തലസ്ഥാന നഗരത്തിൽ പ്രകടമായ മാറ്റ മുണ്ടാകാൻ പോകുകയാണ്. അതുപോലെ ട്രിഡയുടെ പദ്ധതികൾക്ക് ഒന്നരക്കോടി രൂപ നീക്കിവച്ചു. ഇതിലെല്ലാം ഞാൻ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. മറ്റൊരു കാര്യം പറയുവാനുള്ളത് കോൺട്രാക്ടേഴ്സ് നികുതി നിശ്ചയിച്ച് കൊടുക്കുന്നില്ല. ബില്ല് മാറുമ്പോൾ അവരിൽനിന്നും സെയിൽസ് ടാക്സ് എടുക്കുകയാണ്. കോൺട്രാക്ടർക്ക് അത് നിശ്ചയിക്കുവാനുള്ള അവകാശമില്ല. എഞ്ചിനീയർമാർ കട്ട് ചെയ്തെടുക്കുക യാണ്. മുമ്പ് ഓരോ ബില്ലിന്റെ കൂടെയും റിട്ടേൺസ് കൊടുക്കണമായിരുന്നു. ഇപ്പോൾ അങ്ങ് അത് മൂന്നു മാസത്തിലൊരിക്കലാക്കി. എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കു വാനുള്ളത് അത് വർഷത്തിലൊരിക്കലാക്കി മാറ്റണമെന്നാണ്. കാരണം ഇത് കോൺട്രാക്ടേഴ്സല്ല ഉദ്യോഗസ്ഥന്മാരാണ് നിശ്ചയിക്കുന്നത് എന്നുള്ളതുകൊണ്ട് ഇതിൽ കള്ളം കാണുകയില്ല. അതുകൊണ്ട് റിട്ടേൺസ് സമർപ്പിക്കേണ്ടത് വർഷത്തിലൊരിക്ക ലാക്കണം. തുണികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന ടാക്സും കേരളത്തിൽ ഉല്പാദി പ്പിക്കുന്ന പാലിനുള്ള ടാക്സും എടുത്തുകളയണം. എൻട്രി ടാക്സ് നിലനിർത്തണം. എൻട്രി ടാക്സ് വേണമെന്നു പറയുന്നത് കേരളത്തിലെ സഹകരണ സംഘങ്ങളും, മിൽമ പോലുള്ള സ്ഥാപനങ്ങളുമാണ്. പുറമെനിന്ന് വാങ്ങുന്ന പാലിൽ മായമുണ്ട്. അതു കൊണ്ട് എൻട്രി ടാക്സ് ഏർപ്പെടുത്തണം. പി.ഡബ്ലിയു.ഡി.-ക്ക് മേജർ റോഡ്സിനും സ്റ്റേറ്റ് ഹൈവേക്കും കൂടി 39.8 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: ബഹുമാനപ്പെട്ട ബി. വിജയകുമാർ ബഡ്ജറ്റിലെ കാര്യ ങ്ങളെക്കുറിച്ചൊക്കെ പറയുകയും പുതിയ ചില ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ അങ്ങയുടെ ശ്രദ്ധയിൽ വരേണ്ട ഒരു കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുക യാണ്. പത്രപ്രവർത്തകർക്ക് മാനിസാന കമ്മീഷനുശേഷം 1966-നുശേഷം ആദ്യമായി രണ്ടാം ലേബർ കമ്മീഷൻ അതിന്റെ ശുപാർശകൾ സമർപ്പിച്ച ഘട്ടത്തിൽ അവരുടെ വേജ് ബോർഡ് നഷ്ടപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് പത്രപ്രവർത്തകർക്കും, ഇലക്ട്രോണിക് മീഡിയ, പ്രിന്റ് മീഡിയ ഉൾപ്പെടെയുള്ള ദൃശ്യമാധ്യമങ്ങളിലുമുള്ള പത്ര പ്രവർത്തകരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും വേജ് ബോർഡ് നഷ്ടപ്പെട്ടുപോയ സാഹചര്യത്തിൽ കേരളാ ഗവൺമെന്റ് എന്തെങ്കിലുമൊരു പദ്ധതി ആവിഷ്കരിക്കണമെന്നുകൂടി ആവശ്യപ്പെടുമോ?

ശ്രീ. ബി. വിജയകുമാർ: വേജ് ബോർഡ് നഷ്ടപ്പെട്ട സാഹചര്യത്തിൽ ഗവൺമെന്റ് അതുകൂടി പരിഗണിക്കണം. ബഡ്ജറ്റിൽ അലക്കു തൊഴിലാളികൾക്കും ബാർബർ തൊഴിലാളികൾക്കുമുള്ള ക്ഷേമ പദ്ധതിയോടൊപ്പം സ്വർണ്ണത്തൊഴിലാളികൾക്കും

LIBRARY ARCHIVES Kerala Legislative Assembly

മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുംകൂടി പുതിയ ക്ഷേമപദ്ധതി ഏർപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന് ഇവിടെ പറഞ്ഞ ഏറ്റവും വലിയ ആക്ഷേപം കേരളം കടക്കെണിയിലായിരിക്കുന്നു എന്നാണ്. കടക്കെണിയിൽ കേരളത്തെക്കൊണ്ടെത്തിച്ചിരിക്കുന്നു എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റുള്ളവരും ഇവിടെ പറഞ്ഞത്. 2001-ൽ ശ്രീ. ടി. ശിവദാസമേനോൻ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിലെ ഒരുവരി ഞാൻ വായിക്കാം. "സർ, സാമ്പത്തിക പുരോഗതിക്കുവേണ്ടി പണം സ്വരൂപിക്കുന്നത് കുറ്റമാണോ?" ശ്രീ. ടി. ശിവദാസമോനോൻ 2001-ൽ ചോദിച്ചതാണ്. "ആവശ്യം നില നിർത്തേണ്ടുന്ന അടിസ്ഥാന മേഖലകളിൽ നിക്ഷേപിക്കുന്നതിനുവേണ്ടി പണം കടം വാങ്ങുന്നത് കുറ്റമാണോ? ഞങ്ങൾ ആർക്കു വേണ്ടിയാണോ കഷ്ടപ്പെട്ടത് അവർ ഞങ്ങളുടെ പ്രവൃത്തിയെ സ്വാഗതം ചെയ്യും. ആ സംതൃപ്തിയാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്." അന്ന് ജനങ്ങൾ സ്വാഗതം ചെയ്യുമെന്ന് പറഞ്ഞു. പക്ഷെ 2001-ൽ അവരെ ജനങ്ങൾ സ്വാഗതം ചെയ്തില്ല എന്നു മാത്രമല്ല 40 സീറ്റിലേക്ക് ഇവരെ കൊണ്ടെത്തിച്ചു. അതുപോലെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സർ, "നമ്മുടെ കടമയുടെ ആദ്യഘട്ടം പൂർത്തിയാക്കി കഴിഞ്ഞു." 2001-ൽ ശ്രീ. ടി. ശിവദാസമേനോൻ പറഞ്ഞതാണ്. നമ്മുടെ കടമയെന്ന് അദ്ദേഹം ഉദ്ദേശിച്ചത് എന്താണെന്ന് അറിയാമോ? സാമ്പത്തിക വിദഗ്ദ്ധൻ ഇരിപ്പുണ്ടല്ലോ, ഡോ. തോമസ് ഐസക്. അതുപോലെ ശ്രീ. കെ. രാധാകൃഷ്ണൻ അടക്കമുള്ളവർ അഞ്ചുകൊല്ലം ഭരിച്ച് കേരളത്തെ കുത്തുപാള എടുപ്പിച്ചു. ശ്രീ. ടി. ശിവദാസമേനോൻ അതിനെക്കുറിച്ച് പറഞ്ഞത് നമ്മുടെ കടമയുടെ ആദ്യഘട്ടം പൂർത്തീകരിച്ചുകഴിഞ്ഞു. "ഇനി അടുത്ത ഘട്ടം ജനങ്ങൾ തീരുമാനിക്കും" എന്നാണ്. ജനങ്ങൾ തീരുമാനിച്ച് അവരെ ഒരു മൂലയ്ക്കിരുത്തി. നിഷ്ക്രിയമായി നോക്കിനിൽക്കണമോ, അതോ വിഭവങ്ങളുടെ അപര്യാപ്തത പരിഗണിക്കാതെ കടം വാങ്ങി കൂടുതൽ ചെലവഴിച്ച് മുടന്തി നീങ്ങുന്ന സമ്പദ്ഘടനയെ ചലനാത്മകമാക്കണോ എന്നതായിരുന്നു രണ്ടു വർഷംമുമ്പ് ഈ സർക്കാരിന്റെ മുന്നിൽ ഉണ്ടായിരുന്ന പ്രശ്നം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജനകീയാസൂത്രണത്തിലൂടെ നിങ്ങൾ ഉണ്ടാക്കിവച്ച കടം ഈ ഗവൺമെന്റ് കൊടുത്തു തീർക്കേണ്ടിയിരുന്നത് 650 കോടി രൂപയാണ്. ഡോ. തോമസ് ഐസക്കിന് അത് നിഷേധിക്കാൻ പറ്റുമോ? കോൺട്രാക്ടേഴ്സിനുള്ള കുടിശ്ശിക 1,774 കോടി രൂപയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണത്തിൽ, അവസാനത്തെ രണ്ടു വർഷം കോൺട്രാക്ടേഴ്സിന് കേരളത്തിൽ ഒരു രൂപപോലും നിങ്ങൾ കൊടുത്തില്ല. എത്ര പേരാണ് ആത്മഹത്യ ചെയ്തത്? 9,000 അദ്ധ്യാപകരെ നിയമിച്ചിട്ട് രണ്ട് വർഷം നിങ്ങൾ ശമ്പളം കൊടുത്തില്ല. കേരളത്തിൽ ഒരു മാസം ശമ്പളം വൈകിയാൽ സമരം നടത്തുന്ന വരല്ലേ നിങ്ങളുടെ എൻ.ജി.ഒ. യൂണിയൻ. എന്നിട്ട് 9,000 അദ്ധ്യാപകരെ പ്ലസ് ടു സ്കൂളിൽ നിയമിച്ചിട്ട് രണ്ട് കൊല്ലം ശമ്പളം കൊടുത്തില്ല. 240 കോടി രൂപയുടെ കടം നിങ്ങൾ ഉണ്ടാക്കിവച്ചു. സർക്കാർ ജീവനക്കാർക്കും എം.എൽ.എ.-മാർക്കും മാസാമാസം ശമ്പളം കിട്ടിയിരുന്നോ? നിങ്ങൾക്കറിയാമോ? പഴയ എം.എൽ.എ.-മാർ ഇവിടെയുണ്ടല്ലോ ഡോ. തോമസ് ഐസക്കിന് അറിയില്ല. കാരണം പ്ലാനിംഗ് ബോർഡിൽ കൃത്യമായി ശമ്പളം കിട്ടുമായിരുന്നു. എം.എൽ.എ.-മാർക്ക് മാസാമാസം ശമ്പളം കിട്ടുമായിരുന്നില്ല. രണ്ടു മാസം കഴിഞ്ഞാണ് ഈ നിയമസഭയിലെ എം.എൽ.എ.-മാർക്ക് അന്ന് ശമ്പളം കിട്ടിയിരുന്നത്. സർക്കാർ ജീവനക്കാർക്ക് നിങ്ങൾ കൃത്യമായി ശമ്പളം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തോ? ഡി.എ. കുടിശ്ശിക കൊടുത്തോ? ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക പി.എഫ്.-ൽ ലയിപ്പിച്ചത് 800 കോടി രൂപയാണ്. നിങ്ങൾ ജനകീയാസൂത്രണത്തിന്റെ ഉപജ്ഞാതാവ് ആണല്ലോ. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2001-ൽ നിങ്ങൾ ഇറങ്ങി പോകുമ്പോൾ 1,006.5 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു. ഈ ഗവണ്മെന്റ് അത് മുഴുവൻ കൊടുത്തു. എന്നു മാത്രമല്ല, ഈ ഗവൺമെന്റ് വന്നയുടൻ നിങ്ങൾ എന്താണ് പറഞ്ഞത്? തദ്ദേശ സ്ഥാപനങ്ങളെ ഇതാ ഞെക്കിക്കൊല്ലാൻ പോകുന്നു എന്ന്! നിങ്ങൾ പ്രചരിപ്പിച്ചതല്ലേ? പരമ്പരാഗത വ്യവസായങ്ങളെയും കാർഷിക മേഖലകളെയും തകർക്കാൻ ശ്രമിക്കുന്നു എന്ന് നിങ്ങൾ പ്രസംഗിച്ചു നടക്കുന്നു. 2002-03-ൽ ഞങ്ങൾ 1,317 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തു. ഇന്ന് നിങ്ങൾ മുദ്രാവാക്യം വിളിക്കുന്നുണ്ടോ? ഇന്ന് നിങ്ങൾ സമരം ചെയ്യുന്നുണ്ടോ? എന്താണ് സമരം ചെയ്യാത്തത്? തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായി കൊടുക്കുന്നു എന്നു മാത്രമല്ല, 9-7-2003 കട്ട്ഓഫ് ഡേറ്റ് വച്ച് ചെലവഴിക്കാതെ സൂക്ഷിച്ചിരുന്ന 335 കോടി രൂപ തിരിച്ചെടുത്ത് നിങ്ങൾകൂടി ആവശ്യപ്പെട്ടപ്പോൾ ഈ ഗവൺമെന്റ് അത് കൊടുത്തു. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ എന്നിവയ്ക്ക് ഏതാണ്ട് 236 കോടി രൂപയാണ് നിങ്ങൾ കടം ഉണ്ടാക്കിയിട്ട് പോയത്. അതും കൊടുത്തു. വികസനമില്ല എന്ന് ഇവിടെ ഒരു മെമ്പർ പറഞ്ഞു. 30 നിയോജക മണ്ഡലങ്ങളിലായി ബഡ്ജറ്റ് ചുരുക്കിയിരിക്കുന്നു എന്ന്. ആദ്യമായി ഗവൺമെന്റ് കൊണ്ടുവന്ന പ്രാദേശിക വികസന ഫണ്ട് വഴി എം.എൽ.എ.-മാർക്ക് ഈ കഴിഞ്ഞ മൂന്നു കൊല്ലംകൊണ്ട് ഓരോ കോടി രൂപവീതം കിട്ടിയില്ലേ? പ്രതിപക്ഷത്തെ മാറ്റി വച്ചോ? എന്നിട്ട് പറയുന്നു 30 നിയോജകമണ്ഡലങ്ങളിലായി ബഡ്ജറ്റ് ചുരുക്കിയിരിക്കുന്നുവെന്ന്. അങ്ങനെയാണെങ്കിലും ഈ വർഷം നിങ്ങൾക്ക് 50 ലക്ഷം രൂപ കിട്ടിയില്ലേ? നിങ്ങൾക്ക് കൊടുക്കാൻ പറ്റിയോ? ജീവനക്കാർ retire ചെയ്താൽ പെൻഷൻ ബെനിഫിറ്റ് കിട്ടണമെങ്കിൽ ഒരു വർഷം കഴിയണമായിരുന്നു. നിങ്ങൾ പുറകോട്ടു നോക്കി കഴിഞ്ഞ കാലസംഭവം എടുത്ത് പരിശോധിച്ചു നോക്കണം. അന്നത്തെ പത്ര റിപ്പോർട്ട് എടുത്തു നോക്കൂ. ഒരു ജീവനക്കാരൻ റിട്ടയർ ചെയ്താൽ പെൻഷൻ ബെനിഫിറ്റ് കിട്ടണമെങ്കിൽ ഒരു വർഷം കഴിയണമായിരുന്നു. എന്നാൽ ഇന്ന് റിട്ടയർ ചെയ്താൽ ഒരു മാസത്തിനുള്ളിൽ എല്ലാ ബെനിഫിറ്റും കൊടുക്കുന്നുണ്ട്. അങ്ങേയ്ക്ക് സ്പോർട്ട്സിൽ താൽപ്പര്യമില്ലേ? അന്തർദേശീയ-ദേശീയ കായിക മത്സരങ്ങളിൽ പങ്കെടുത്ത 1,500-ഓളം മലയാളി താരങ്ങൾക്ക് 1997 മുതലുള്ള ക്യാഷ് അവാർഡ് കുടിശ്ശിക ഈ ഗവൺമെന്റ് കൊടുത്തു. നിങ്ങൾ കായിക താരങ്ങൾക്കുപോലും അവരുടെ അവാർഡ് തുക കൊടുത്തില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് 2.43 കോടി രൂപ കായിക താരങ്ങൾക്ക് കൊടുത്തത്. എന്നിട്ട് പറയുന്നു കടക്കെണിയിൽക്കൊണ്ട് എത്തിച്ചിരിക്കുന്നുവെന്ന്. എനിക്ക് ഒന്നേ പറയാനുള്ളൂ. ഈ ഗവൺമെന്റ് ഇന്ന് ജനക്ഷേമകരമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് മുന്നോട്ടു പോകുന്നു. ജനങ്ങളാണ് തങ്ങളുടെ യജമാനൻമാർ എന്ന് ഓർത്തുകൊണ്ട് പ്രതിപക്ഷ കക്ഷികളുടെ വിമർശനങ്ങളെ അതിൽ അന്തസ്സുള്ള ഉള്ളതാണെങ്കിൽ അതും ഉൾക്കൊണ്ടു കൊണ്ട് ജനക്ഷേമകരമായ പരിപാടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകണം. അങ്ങനെ പോയാൽ ഈ ഗവൺമെന്റിന് തീർച്ചയായും അടുത്ത അഞ്ചു വർഷംകൂടി അധികാരത്തിൽ വരാൻ കഴിയും. ശ്രീ. ടി. ശിവദാസമേനോൻ പറഞ്ഞ വാക്കുകൾ പോലെയല്ല, ജനങ്ങളാണ് യജമാനൻമാർ എന്ന ബോധത്തോടുകൂടി, കൂട്ടുത്തരവാദിത്വ

LIBRARY ARCHIVES Kerala Legislative Assembly

ത്തോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ടുപോയാൽ ഈ ഗവൺമെന്റിന് അടുത്ത അഞ്ചു വർഷവും കേരളത്തിൽ അധികാരത്തിൽ വരാൻ കഴിയും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മാർക്സിസ്റ്റ് പാർട്ടി ഉൾപ്പെടെ ഇന്ന് ഇരുട്ടിൽ തപ്പുകയാണ്. അവർ ആശയ ദാരിദ്ര്യത്തിലാണ്. അവർ പടവാൾ ഓങ്ങുന്നത് ആശയ ദാരിദ്ര്യത്തിലൂടെ മാത്രമാണ് എന്ന് പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. കെ. കെ. ഷാജു: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിൻതുണയ്ക്കുകയാണ്. നട്ടുച്ചയ്ക്ക് കടന്നുവന്ന മന്ദമാരുതനാണ് ഈ ബഡ്ജറ്റ്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും പിൻതുണയ്ക്കുന്നതുപോലെ ഞാനും ഈ ബഡ്ജറ്റിനെ പിൻതുണയ്ക്കുകയാണ്. ഈ ബഡ്ജറ്റിന്റെ സാന്ത്വന സ്പർശം ഏൽക്കാത്ത ഒരു ജനവിഭാഗവും കേരളത്തിലില്ല. എല്ലാ ജനവിഭാഗങ്ങൾക്കും ആനുകൂല്യങ്ങൾ വാരിവിതറി കടന്നുപോകുന്ന ഒരു ബഡ്ജറ്റാണിത്. പ്രതിപക്ഷധർമ്മം എന്നുള്ള നിലയിൽ അവർ എതിർക്കും എന്നുള്ളതല്ലാതെ ഈ ബഡ്ജറ്റിനെ എതിർക്കാൻ ആർക്കും കഴിയില്ല. അതുകൊണ്ടാണല്ലോ അവർ ഇപ്പോഴും പറയുന്നത്. ഇത് തെരഞ്ഞെടുപ്പിനെ ലക്ഷ്യം വച്ചുകൊണ്ടുള്ള ബഡ്ജറ്റാണെന്ന്. ഈ ബഡ്ജറ്റിനെ എന്തിന് എതിർക്കണം എന്ന് അപ്പുറത്തിരിക്കുന്നവരോട് ഞാൻ ചോദിക്കുകയാണ്. ഞാൻ ഈ ബഡ്ജറ്റിന്റെ ഗഹനമായിട്ടുള്ള കണക്കുകളിലേക്കൊന്നും പോകുന്നില്ല. എങ്കിലും ആഭ്യന്തര ഉല്പാദന വളർച്ച ദേശീയ വളർച്ചാ നിരക്കിനേക്കാൾ രണ്ടു ശതമാനമായി വർദ്ധിച്ചു എന്ന് ഈ ബഡ്ജറ്റ് പരിശോധിച്ചാൽ കാണാൻ കഴിയും. എൽ.ഡി.എഫ്. ഗവൺമെന്റ് ഇവിടെ ഉണ്ടായിരുന്നപ്പോൾ ഇടതുപക്ഷ മുന്നണിയുടെ അന്നത്തെ കൺവീനർ കേരളത്തിലാകെ നടത്തിയിട്ടുള്ള പ്രസംഗങ്ങളിലും പ്രസ്താവനകളിലും അന്നത്തെ കാലത്തെ ഡി.വൈ.എഫ്.ഐ.-യുടെ സമരങ്ങളിലുമെല്ലാം പറഞ്ഞിരുന്നത് വായ്പാനിക്ഷേപ അനുപാതം കേരളത്തിൽ കുറഞ്ഞുകൊണ്ടിരിക്കുന്നു. അതുകൊണ്ട് പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയണമെങ്കിൽ ഈ അനുപാതം വർദ്ധിപ്പിക്കണം, അതിനു വേണ്ടിയുള്ള പ്രക്ഷോഭ സമരങ്ങളും പോരാട്ടങ്ങളുമെല്ലാം നടത്തും എന്നാണ്. ഇന്ന് അത് 52.4% ആയി വർദ്ധിച്ചിരിക്കുന്നു. കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ വന്നിട്ടുള്ള വലിയ മാറ്റം അതാണ്. വായ്പാ-നിക്ഷേപ അനുപാതത്തെ സംബന്ധിച്ച് വാതോരാതെ പ്രസംഗിച്ച ശ്രീ. അച്ചുതാനന്ദനും കൂട്ടരും ഇപ്പോൾ അതിനെ സംബന്ധിച്ച് ഒരൊറ്റയക്ഷരം പറയുന്നില്ല. മാറ്റം കേരളത്തിൽ അനുഭവപ്പെട്ടുതുടങ്ങി എന്നതിന്റെ ലക്ഷണം തന്നെയാണ് അത്. അതുപോലെത്തന്നെ 10-ാം ധനകാര്യ കമ്മീഷന് കേരളത്തോടുള്ള സമീപനം 3.5% ആയിരുന്നുവെങ്കിൽ ലോകപ്രശസ്തനായ സാമ്പത്തിക വിശാരദൻ ഡോ. തോമസ് ഐസക് വന്നപ്പോൾ അത് 3.01 ശതമാനം ആയി കുറഞ്ഞു. 11-ാം ധനകാര്യ കമ്മീഷൻ കേരളത്തെ അവഗണിച്ചതും കേരളത്തിന്റെ വിഹിതം കുറഞ്ഞതും കണ്ടിട്ട് അതിനെപ്പറ്റി ഒരക്ഷരം ഉരിയാടാൻ കഴിഞ്ഞിരുന്നില്ല. 12-ാം ധനകാര്യ കമ്മീഷന്റെ മുമ്പിൽ നമ്മുടെ കേസ് നന്നായി വാദിച്ചു എന്ന് ഭരണപക്ഷം മാത്രമല്ല പ്രതിപക്ഷവും പറയുന്നു. അതിനാൽ കേരളത്തിന് ഗുണകരമായ കാര്യങ്ങൾ വരുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ വെറും ജലരേഖയായി മാറുന്നത് തടയാൻ, ബഡ്ജറ്റിൽ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് പരിശോധിക്കാൻ, ഒരു മോണിട്ടറിംഗ് കമ്മിറ്റി ഉണ്ടാകുമെന്ന് പറയുന്നു. അത് അങ്ങേയറ്റം സന്തോഷകരമാണ്. ബഡ്ജറ്റിന്റെ ആധികാരികത ഉറപ്പു വരുത്താൻ ഈ സമീപനംവഴി കഴിയും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 2004-05-ലെ വാർഷിക പദ്ധതിയിൽ 4,800 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയിൽ 1,350 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി മാറ്റിവച്ചിരിക്കുന്നു. തെരഞ്ഞെടുപ്പിനെ ആദ്യമായി അഭിമുഖീകരിച്ചവരാണ് ഞങ്ങളെപ്പോലെയുള്ള ആളുകൾ. ഞങ്ങൾ കഴിഞ്ഞ തെരഞ്ഞെടുപ്പിന്റെ വേദിയിൽ നിന്നപ്പോൾ മാർക്സിസ്റ്റു പാർട്ടിയും ഇടതുപക്ഷ മുന്നണിയും പറഞ്ഞത് യു.ഡി.എഫ്. കേരളത്തിൽ അധികാരത്തിൽ വന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളെ കുഴിച്ചുമൂടും, അതുകൊണ്ട് വോട്ട് കൊടുക്കരുത്, ഞങ്ങൾക്ക് വോട്ട് ചെയ്യണം എന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വാർഷിക പദ്ധതിയിൽ 1,350 കോടി രൂപ അതിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. ഇനിയും കൊടുക്കും. ബംഗാളിൽ കൊടുത്തതിനേക്കാൾ കൂടുതൽ കൊടുക്കും. മറ്റു സംസ്ഥാനങ്ങൾ കൊടുത്തതിനേക്കാൾ കൂടുതൽ കൊടുക്കും. അതൊക്കെ ഈ സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളെ നന്നാക്കാൻ

[അദ്ധ്യക്ഷവേദിയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ]

വേണ്ടിയിട്ടാണ്. പക്ഷെ പണം പോക്കറ്റിലാക്കാൻ അനുവദിക്കില്ല. പഴയ ജനകീയാസൂത്രണ പരിപാടി നടക്കില്ല. വിദേശ സഹായത്തിന്റെ കാണാച്ചരടുകളെക്കുറിച്ചാണ് ഇവിടെ ഏറ്റവും കൂടുതൽ വാചകമടി. വിദേശക്കടത്തിന്റെ കാണാച്ചരടുകൾ തേടിത്തേടി നീങ്ങുകയാണ് പ്രതിപക്ഷം. ഈ ഗവൺമെന്റ് നഗരപരിഷ്കരണത്തിനുവേണ്ടി എ.ഡി.ബി.-യിൽനിന്ന് 1200 കോടി രൂപ കടം വാങ്ങി നഗരസഭകളെ ഏൽപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. ബഡ്ജറ്റിനെ എതിർത്ത് പ്രസംഗിച്ചവർ ആരും അതിനെപ്പറ്റി ഒറ്റയക്ഷരം പറഞ്ഞിട്ടില്ല. അതിനെ എതിർത്താൽ കേരളത്തിലെ ജനങ്ങൾ നിങ്ങളുടെ മുട്ടുകാൽ തല്ലിയൊടിക്കും. അതുകൊണ്ട് എ.ഡി.ബി.-യെപ്പറ്റി ഒന്നും പറയുന്നില്ല. എ.ഡി.ബി.-ക്ക് എതിരായി പ്രസംഗിച്ച് പ്രസംഗിച്ച് എവിടംവരെ എത്താമോ അവിടംവരെ എത്തിയ നിങ്ങൾ നഗരപരിഷ്കരണത്തിനുവേണ്ടി 1200 കോടി രൂപയുടെ എ.ഡി.ബി. പദ്ധതി വരുന്നു എന്നു പറഞ്ഞിട്ട് ഒരൊറ്റയക്ഷരംപോലും മിണ്ടുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ മേഖലയിലും മാറ്റങ്ങളും പുരോഗതിയുമാണ്. കാർഷിക മേഖലയിൽ വമ്പിച്ച പുരോഗതിയുണ്ടായിരിക്കുകയാണ്. നെല്ലിന്റെ വില വർദ്ധിച്ചത് ഇവർ കാണുന്നില്ല, നാളികേരത്തിന് വില വർദ്ധിച്ചത് കാണുന്നില്ല. റബ്ബറിന് വില വർദ്ധിച്ചത് കാണുന്നില്ല. നിങ്ങൾ ഈ കേരളത്തിൽത്തന്നെയാണോ ജീവിക്കുന്നത്? കേരളത്തിൽ ഭൂപരിഷ്കരണനിയമം നടപ്പിലാക്കിയ ശ്രീമതി ഗൗരിയമ്മ നാരീപൂജയ്ക്ക് പോയി എന്നാണ് ശ്രീ. ദേവകുമാർ പറയുന്നത്. മാർക്സിസ്റ്റ് പാർട്ടി ചെയ്യേണ്ട നാരീപൂജ മറ്റുള്ളവർ ചെയ്തു എന്നേയുള്ളൂ. മാർക്സിസ്റ്റ് പാർട്ടിയാണ് വാസ്തവത്തിൽ ആ നാരീപൂജ നടത്തേണ്ടിയിരുന്നത്. അത്രയും സേവനങ്ങൾ ഈ കേരളത്തിലെ ജനങ്ങൾക്കും, തൊഴിലാളി വർഗ്ഗത്തിനുംവേണ്ടി ശ്രീമതി ഗൗരിയമ്മ ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള ശ്രീമതി ഗൗരിയമ്മ ഭൂപരിഷ്കരണം ഏർപ്പെടുത്തിയതിനെ സംബന്ധിച്ചും, ആ പ്രഖ്യാപനത്തെ സംബന്ധിച്ചുമൊക്കെ ഇവിടെ ശ്രീ. ദേവകുമാർ പ്രസംഗിക്കുകയാണ്. ശ്രീ. ദേവകുമാർ അന്ന് പരിവർത്തനവാദി കോൺഗ്രസ്സിൽ ആയിരുന്നു. 1970-ൽ AKG പ്രസിദ്ധമായ അമ്പുകാട് പ്രഖ്യാപനം നടത്തുമ്പോൾ CPM-ൽ അംഗത്വം എടുക്കാനുള്ള പ്രായമൊന്നും അന്ന് അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല, പിന്നീട് പരിവർത്തനവാദി കോൺഗ്രസ് ആയി കടന്നുവന്ന ശ്രീ. ദേവകുമാർ ഈ അടുത്ത കാലത്തു മാത്രമാണ് CPM-ൽ എത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട ഷാജു, അങ്ങ് നേരത്തെ ഡി.വൈ.എഫ്.ഐ.-യുടെ നേതാവ് ആയിരുന്നല്ലോ, ഡി.വൈ.എഫ്.ഐ.-യിലും മാർക്സിസ്റ്റു പാർട്ടിയിലും ഉള്ളവരെല്ലാം അവർക്കുവേണ്ടിയുള്ള പൂജകളെല്ലാം ഭാര്യമാരെ കൊണ്ടാണ് നടത്തിക്കുന്നത് എന്നറിയാമോ?

(ബഹളം..... ബഹളം.....)

മി. ചെയർമാൻ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്ലീസ് കൺക്ലൂഡ്, പ്ലീസ് കൺക്ലൂഡ്, ദയവായിട്ട് നിർത്തു.

ശ്രീ. കെ. കെ. ഷാജു: ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതിനെപ്പറ്റി പറഞ്ഞാൽ പല CPM-കാർക്കും തലയിൽ മുണ്ടിടേണ്ടിവരും. കാർഷിക ഭൂപരിഷ്കരണവും ഇപ്പോൾ നിയമസഭയിൽ പറയുന്ന പാട്ടകൃഷിയും തമ്മിൽ എലിയും ഏലിയാമ്മയും തമ്മിലുള്ള ബന്ധമേയുള്ളൂ. അന്നത്തെ കാർഷിക ഭൂപരിഷ്കരണവും ഇന്നത്തെ പാട്ടകൃഷിയും തമ്മിൽ എന്താ ബന്ധം? പണ്ട് ജന്മിത്തവും നാടുവാഴിത്തവുമൊക്കെ നിലനിന്നപ്പോൾ ഭൂപരിഷ്കരണം നടപ്പിലാക്കിയതും, ഇപ്പോൾ തരിശായി കിടക്കുന്ന ഭൂമി വിട്ടു കൊടുക്കാൻ കൃഷിക്കാരൻ മടിക്കുന്നതിനും പരിഹാരം ഉണ്ടാക്കാൻവേണ്ടി അത്തരം ഒരു പദ്ധതി കേരളത്തിൽ വരുമ്പോൾ അതിനെ കാർഷിക ഭൂപരിഷ്കരണവുമായി ബന്ധപ്പെടുത്തുന്നത് ശരിയല്ല. ഇവിടെ നിരവധി ക്ഷേമപദ്ധതികൾ കാർഷികമേഖലയിലടക്കം ആസൂത്രണം ചെയ്ത ഈ ഗവൺമെന്റ് ആ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. അപ്പോൾ പ്രതിപക്ഷം ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനെ എതിർക്കുകയാണ്.

(ബഹളം.....ബഹളം....)

മി. ചെയർമാൻ: ശ്രീ. ദേവകുമാറിനെക്കുറിച്ച് വ്യക്തിപരമായി ഒരു ആക്ഷേപവും പറഞ്ഞതായിട്ട് ചെയറിന് മനസ്സിലായിട്ടില്ല.

ശ്രീ. കെ. കെ. ഷാജു: വികലാംഗ പെൻഷൻ 110 രൂപയിൽനിന്ന് 150 രൂപയാക്കി വർദ്ധിപ്പിച്ചതിനെ എന്തിനാണ് നിങ്ങൾ എതിർക്കുന്നത്?

മി. ചെയർമാൻ: ദയവായി നിർത്തൂ. ഈ സെന്റൻസോടുകൂടി അവസാനിപ്പിക്കൂ.

ശ്രീ. കെ. കെ. ഷാജു: ഞാൻ അവസാനിപ്പിക്കുകയാണ്. വികലാംഗ പെൻഷൻ 110 രൂപയിൽനിന്ന് 150 രൂപയായി വർദ്ധിപ്പിക്കുന്നതിനെ എന്തിനാണ് ഇവർ എതിർക്കുന്നത്? ജന്മനാ വികലാംഗരായി ജനിച്ചവരേക്കാൾ കൂടുതൽ ആളുകളെ വികലാംഗരാക്കി മാറ്റിയ മാർക്സിസ്റ്റ് പാർട്ടിക്ക് ഇത് കൊടുക്കുന്നതിനോട് അങ്ങേയറ്റം എതിർപ്പാണ്. കേരളത്തിന്റെ സാമൂഹികഘടനയിൽ വന്നിച്ച മാറ്റങ്ങൾക്ക് നിദാനമായിട്ടുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റിനെ കേരളത്തിലെ മൂന്നു കോടി മലയാളികൾ സ്നേഹിക്കുന്നതുപോലെ, അവർ അംഗീകരിക്കുന്നതുപോലെ ഞാനും പിന്തുണയ്ക്കുകയാണ്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ.....അദ്ദേഹം ഇവിടെ പരാമർശിച്ച ഒരു കാര്യം. ഞാൻ 1970-ൽ ആറാം ക്ലാസ് വിദ്യാർത്ഥിയായിരുന്നു. ചരിത്ര പുസ്തകം വായിച്ചതിന്റെ അടിസ്ഥാനത്തിൽ മഹാനായ എ.കെ.ജി.-യുടെ പ്രസംഗമാണ് ഞാൻ ഇവിടെ ഉദ്ധരിച്ചത്. പുസ്തകം വായിക്കാത്തതും വായനശാലയ്ക്ക് തീയിടുകയും ചെയ്യുന്ന സംസ്കാരത്തിന്റെ.....

(ബഹളം.....ബഹളം.....)

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ഇത് പോയിന്റ് ഓഫ് ഓർഡറിൽ വരുന്നതല്ലല്ലോ.

ശ്രീ. ടി. കെ. ദേവകുമാർ: എന്റെ പേരിൽ ഞാൻ അന്ന് ഏതോ രാഷ്ട്രീയ പാർട്ടിയിൽ ആയിരുന്നു എന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്.

മി. ചെയർമാൻ: അങ്ങേക്ക് റൂളും ചട്ടവും അനുസരിച്ച് പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് പറയാം, ഇത് പോയിന്റ് ഓഫ് ഓർഡറിൽപ്പെടുന്നതല്ല.

ശ്രീ. ടി. കെ. ദേവകുമാർ: വ്യക്തിപരമായി എന്നെക്കുറിച്ച് നടത്തിയ പരാമർശം സഭാരേഖകളിൽനിന്ന് നീക്കം ചെയ്യണം. പുസ്തകം വായിക്കാത്ത ഇദ്ദേഹം പറയുന്നത് പുസ്തകത്തിന് തീയിടുന്നതുപോലെ കൂടെ നടക്കുന്ന സംസ്കാരം വച്ച് പറയുന്നത് സഭാരേഖകളിൽ ഉണ്ടാകരുത്.

മി. ചെയർമാൻ: പ്ലീസ് റെസ്യൂം യുവർ സീറ്റ്, ശ്രീ. ദേവകുമാർ.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. 24,000 കോടി രൂപയുടെ പൊതുക്കടവും 3,500 കോടി രൂപയുടെ കൊടുത്തു തീർക്കേണ്ട കുടിശ്ശികയുമായി വിശ്വാസ്യത നഷ്ടപ്പെട്ട ഒരു ധനകാര്യ
12.00 Noon] മാനേജ്മെന്റിൽ നിന്നാണ് യു.ഡി.എഫ്. ഭരണം ഏറ്റെടുത്തത്. ഇതിൽനിന്ന് കേരളത്തെ കരകയറ്റുന്നതിനുവേണ്ടി ശക്തമായ നടപടികളിലൂടെ മുന്നോട്ടുപോകുന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ 2004-05 വർഷത്തെ ബഡ്ജറ്റിന് തീർച്ചയായും കേരളത്തിലെ നിഷ്പക്ഷമതികളായ ജനങ്ങൾക്കിടയിൽ സർവ്വാത്മനാ അംഗീകാരം ഉണ്ടാകും എന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനം 2002-03-ൽ ദേശീയ വളർച്ചാനിരക്കിനേക്കാൾ രണ്ടു ശതമാനം വർദ്ധിച്ചിരിക്കുകയാണ്. 6.1 ശതമാനം എന്നത് എടുത്തു പറയാവുന്ന അഭിമാനകരമായ നേട്ടമാണ്. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ വായ്പാ-നിക്ഷേപ അനുപാതം ഇത്രമാത്രം വർദ്ധിച്ച ഒരു കാലം ഉണ്ടായിട്ടില്ല. ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ കൃത്യമായും തുടർനടപടികൾ സ്വീകരിക്കും എന്ന് ഇവിടെ ഉറപ്പ് പറഞ്ഞിട്ടുണ്ട്. അതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയമിക്കുമെന്ന് പറഞ്ഞതിനെ അങ്ങേയറ്റം സ്വാഗതം ചെയ്യുകയാണ്. പലപ്പോഴും നമ്മുടെ ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ സാധാരണ അടുത്ത ബഡ്ജറ്റ് വരുമ്പോൾ മാത്രം സ്മരിക്കപ്പെടുന്ന രീതിയിലായി മാറാറുണ്ട്. അതിന് ഒരു മാറ്റം എന്ന നിലയിൽ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ കൃത്യമായും നടപ്പിലാക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ഉന്നതതല സമിതി രൂപീകരിക്കും എന്നുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം അങ്ങേയറ്റം സ്വാഗതാർഹമാണ്. ഇപ്പോൾ 4,707 കോടി രൂപയുടെ റവന്യൂ കമ്മിയാണ് നമുക്ക് ഇവിടെയുള്ളത്. റവന്യൂ കമ്മി കുറച്ചുകൊണ്ടുവരിക എന്നുള്ളതാണ് ശാസ്ത്രീയമായ ധനകാര്യ മാനേജ്മെന്റിന്റെ ഏറ്റവും വലിയ കഴിവ്. റവന്യൂ കമ്മി കൂടിവരുന്നത് ഒരു സംസ്ഥാനത്തിനും ഗുണകരമല്ല. ഓരോ വർഷവും റവന്യൂ കമ്മി കൂടിക്കൂടി വരികയാണ്. 2007 ആകുന്നതോടെ റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാകുന്ന സംസ്ഥാനമായി കേരളത്തെ മാറ്റും എന്ന് നമ്മൾ നേരത്തെ പ്രഖ്യാപിച്ചിരുന്നു. അതിനുവേണ്ടി നിയമസഭയിൽ പ്രത്യേകം ബില്ലും കൊണ്ടുവന്നു. അത് മാറി, ഈ വർഷം റവന്യൂ കമ്മി കൂടിയിരിക്കുകയാണ്. അതുകൊണ്ട് റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിന് നമ്മുടെ ധനകാര്യ മാനേജ്മെന്റിനെ ശാസ്ത്രീയമായ രീതിയിൽ ക്രമീകരിക്കണം എന്നഭ്യർത്ഥിക്കുകയാണ്. മൊത്തം റവന്യൂ വരുമാനത്തിന്റെ അമ്പതു ശതമാനത്തിൽ കൂടുതൽ

വിൽപ്പന നികുതിയിൽ നിന്നുള്ള വരുമാനമാണ്. 2002-03-ൽ 4440.85 കോടി രൂപ ഉണ്ടായിരുന്നത് 2003-04-ൽ 6,200 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. 2004-05-ൽ 7,123 കോടി രൂപയായി അത് പ്രതീക്ഷിക്കുകയാണ്. തീർച്ചയായും വിൽപ്പന നികുതി പിരിച്ചെടുക്കുന്നതിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കാണിച്ച ശുഷ്കാന്തിയും ധനകാര്യ ഡിപ്പാർട്ട്മെന്റ് കാണിച്ച ക്രിയാത്മകമായ പ്രവർത്തനങ്ങളും. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും അഭിമാനകരമാണെന്ന് ഞൻ ചൂണ്ടിക്കാണിക്കുകയാണ്. ഏറെ ക്ഷേമപദ്ധതികൾ ഉള്ള ബഡ്ജറ്റാണ് ഇത്. കുടുംബശ്രീ പദ്ധതി മുഖാന്തിരം ഇവിടെ അയ്യായിരം യൂണിറ്റുകളിലൂടെ അമ്പതിനായിരം പേർക്ക് തൊഴിലവസരം ഉണ്ടാകും എന്നു പറഞ്ഞിട്ടുണ്ട്. അതിനെ സ്വാഗതം ചെയ്യുകയാണ്. കുടുംബശ്രീയിലൂടെ സ്ത്രീകൾക്കാണ് കൂടുതൽ തൊഴിലവസരമുണ്ടാകുക. തൊഴിലില്ലാത്ത നിരവധി ചെറുപ്പക്കാർ നമ്മുടെ സംസ്ഥാനത്ത് ഉണ്ട്. മാറിമാറി വരുന്ന എല്ലാ ഗവൺമെന്റുകളും ചെറുപ്പക്കാരെ അവഗണിക്കുന്ന ഒരു സാഹചര്യമാണുള്ളത്. അതിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. വ്യത്യാസമില്ലെന്നുള്ള കാര്യം ഖേദത്തോടുകൂടി പറയട്ടെ. ചെറുപ്പക്കാർക്ക് കൂടുതൽ തൊഴിലവസരം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ക്രിയാത്മകമായ ഒന്നും ഈ ബഡ്ജറ്റിൽ കണ്ടില്ലെന്നുള്ളത് എടുത്തു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഇൻഡ്യക്ക് മാതൃകയായി, നമ്മുടെ സംസ്ഥാനത്ത് മംഗല്യ ഇൻഷ്വറൻസ് സ്കീം പ്രഖ്യാപിച്ചിരിക്കുകയാണ് എന്നതാണ്. പതിനാലു വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ പെൺകുട്ടികൾക്കും എട്ടു വർഷത്തിനുശേഷം ഈ ഇൻഷ്വറൻസിന്റെ പരിധിയിൽനിന്നുകൊണ്ട് പതിനായിരം രൂപ വിവാഹ ധനസഹായം ലഭിക്കുന്ന സാഹചര്യമുണ്ട്. രണ്ടു ശതമാനത്തോളം വരുന്ന സംസ്ഥാനത്തെ അവശ ജനവിഭാഗങ്ങൾക്ക് ലഭിക്കുന്ന ഈ വലിയ സഹായം ഏറെ മാതൃകാപരമാണ്. ഇതിനു വേണ്ടി ഏകദേശം 12 കോടി രൂപ പ്രതിവർഷം ആവർത്തനച്ചെലവ് വരുമെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം അപ്പുറത്തുമിപ്പുറത്തു മിരിക്കുന്ന ആളുകൾ അതിനെ പൂർണ്ണമായി അംഗീകരിക്കുമെന്നാണ് എന്റെ പ്രതീക്ഷ. ഇതിൽ വളരെ സങ്കടകരമായിട്ടുള്ള കാര്യം നമ്മുടെ ഫിഷറീസ് മേഖലയെ ഈ ബഡ്ജറ്റ് അപ്പാടെ അവഗണിച്ചിരിക്കുകയാണ് എന്നതാണ്. കേരളത്തിൽ 590 കിലോമീറ്റർ ദൈർഘ്യം വരുന്ന നമ്മുടെ കടലോരത്തിൽ ഏകദേശം പത്തു ലക്ഷത്തോളം പേരാണ് മൽസ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നത്. അത് നമ്മുടെ മൊത്തം ജനസംഖ്യയുടെ 2.53 ശതമാനമാണ്. മൽസ്യമേഖലയിൽ നിന്നുള്ള കയറ്റുമതി വരവ് 13.7 ശതമാനമാണ്. നമുക്ക് ഏറ്റവും കൂടുതൽ വിദേശ നാണ്യം നേടിത്തരുന്നത് ഈ മൽസ്യബന്ധന മേഖലയാണ്. ബഡ്ജറ്റ് വിഹിതമെടുത്ത് നോക്കിയാൽ ഏറെ ആശങ്കയാണ്. 2001-02-ൽ 7439.51 ലക്ഷം രൂപ ഉണ്ടായിരുന്നത് 2002-03-ൽ 6245 ലക്ഷം രൂപയായി ചുരുങ്ങി. 2003-04-ൽ അത് വീണ്ടും 5150 ലക്ഷം രൂപയായി ചുരുങ്ങിയിരിക്കുകയാണ്. ഓരോ വർഷവും നമ്മുടെ ബഡ്ജറ്റ് വിഹിതം ഫിഷറീസ് മേഖലയിൽ ഏറെ കുറഞ്ഞുവരികയാണ്. ഇത് അങ്ങേയറ്റത്തെ പ്രതിഷേധാർഹമായ കാര്യമാണെന്ന് എനിക്ക് പറയാതിരിക്കാൻ നിവൃത്തിയില്ല. ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലെ ഒരു വാചകമുണ്ട്. അത് ഞാനിവിടെ ആവർത്തിക്കുകയാണ്. കേരളത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് ഗണ്യമായ സംഭാവന നൽകുന്നത് മൽസ്യബന്ധന മേഖലയാണെങ്കിലും നമ്മുടെ മൽസ്യത്തൊഴിലാളികൾ ഇപ്പോഴും സമൂഹത്തിലെ അവശ ജനവിഭാഗമായി കഴിയുന്നത് ഒരു വിരോധാഭാസമാണെന്ന് മന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകം പറഞ്ഞിരിക്കുകയാണ്. എന്നാൽ ഫിഷറീസ് മേഖലയ്ക്ക് നൽകിയിട്ടുള്ള 80 ലക്ഷം രൂപ ഡിസ്പെൻസറിയുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ നമ്മുടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി രണ്ടരക്കോടി രൂപ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ മേഖലയിൽ ഉൾപ്പെടുത്തി. നമ്മുടെ തീരപ്രദേശത്തെ മൽസ്യത്തൊഴിലാളികൾ താമസിക്കുന്ന മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിലെ റോഡുകളുടെ സ്ഥിതിയും അവരുടെ അടിസ്ഥാന സൗകര്യങ്ങളുടെ സ്ഥിതിയും ആരെങ്കിലും പരിശോധിച്ചു നോക്കണം. 22 തീരദേശ നിയോജകമണ്ഡലമുള്ള സംസ്ഥാനമാണ് കേരളം. ആ തീരദേശ നിയോജകമണ്ഡലങ്ങളിലുള്ള മൽസ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ദുരിത പൂർണ്ണമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടും ഡിസ്പെൻസറികളുടെ സൗകര്യം വർദ്ധിപ്പിക്കാൻ 80 ലക്ഷം രൂപ നൽകിയെന്നുള്ളത്, മാത്രമാണ് എടുത്തു പറയാവുന്ന കാര്യം. അതു പോരാ, കഴിഞ്ഞ വർഷം നൽകിയ രണ്ടരക്കോടി രൂപ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ്. ഈ ബഡ്ജറ്റിന് മറുപടി പറഞ്ഞുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി പ്രസംഗിക്കുമ്പോൾ രണ്ടു കോടി രൂപയെങ്കിലും മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി വകയിരുത്തുമെന്ന് പ്രതീക്ഷിക്കുകയാണ്. മത്സ്യത്തൊഴിലാളി കുട്ടികളുടെ ലംപ്സംഗ്രാന്റ് കഴിഞ്ഞ കുറെ വർഷമായി കുടിശ്ശികയാണ്. 2000-01 വർഷത്തെ കുടിശ്ശിക മാത്രമേ കൊടുത്തിട്ടുള്ളൂ. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ഹോസ്റ്റലുകളിൽനിന്ന് പുറത്തേക്ക് വിടുകയാണ്. എസ്.സി./എസ്.ടി. വകുപ്പാണ് ഈ കുടിശ്ശിക കൊടുക്കുന്നത്. എസ്.സി./എസ്.ടി. വിഭാഗത്തിലെ കുട്ടികളുടെ ലംപ്സംഗ്രാന്റ് കൊടുത്തുകഴിഞ്ഞതിനുശേഷമാണ് മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സംഗ്രാന്റ് കൊടുക്കുന്നത്. ഇതിനുവേണ്ടി പ്രത്യേകമായി പണം മാറ്റിവച്ച് ഫിഷറീസ് ഡിപ്പാർട്ടുമെന്റുകൾവഴി മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സംഗ്രാന്റ് കൊടുക്കാനുള്ള നടപടി ഉണ്ടാകണം. നമ്മുടെ തുറമുഖങ്ങൾ, അഴിമുഖങ്ങൾ എന്നിവ മണ്ണ് മൂടിയിരിക്കുകയാണ്. കേരളത്തിന് ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന കയറ്റുമതി കേന്ദ്രങ്ങൾ മുഴുവൻ മണ്ണുമൂടി തകർന്നിരിക്കുകയാണ്. ഈ ബഡ്ജറ്റിൽ ഒരു രൂപപോലും അതിനുവേണ്ടി മാറ്റിവച്ചിട്ടില്ല. 1995-ലാണ് 15 ലക്ഷം രൂപ ഈ മേഖലയ്ക്ക് തന്നത്. അതിനുശേഷം നമ്മുടെ തുറമുഖങ്ങളും അഴിമുഖങ്ങളും മണ്ണ് നീക്കി ഡ്രഡ്ജ് ചെയ്യുന്നതിനുവേണ്ടി പത്തുപൈസപോലും ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല എന്നുള്ള കാര്യം എടുത്തുപറയേണ്ടതാണ്. ചേറ്റുവ, മുനമ്പം, നീണ്ടകര, പൊന്നാനി തുടങ്ങിയ തുറമുഖങ്ങൾ മണ്ണ് മൂടിയിരിക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് രണ്ടുകോടി രൂപയെങ്കിലും നമ്മുടെ അഴിമുഖങ്ങളും തുറമുഖങ്ങളും ഡ്രഡ്ജ് ചെയ്യുന്നതിനുവേണ്ടി ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അതിനെ സഹായിക്കണമെന്നാണ്. തീരദേശ മേഖലയിൽ പ്രതിഷേധമുണ്ടെങ്കിലും സന്തോഷകരമായ ഒരു കാര്യം ഉണ്ട്. മലയോര തീരദേശ വികസന അതോറിറ്റി രൂപീകരിക്കുന്നതിനുവേണ്ടി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുവാനും അതിനുവേണ്ടി ഏഴരക്കോടി രൂപവീതം ഓരോ അതോറിറ്റിക്കും മാറ്റിവച്ച സമീപനത്തെ അങ്ങേയറ്റം സ്വാഗതം ചെയ്യുകയാണ്. കേരളത്തിലെ മലയോരത്തെയും തീരദേശത്തെയും ആളുകളുടെ നിരവധി വർഷത്തെ ആഗ്രഹമാണ് ഒരു അതോറിറ്റി രൂപീകരിക്കണമെന്നുള്ളത്. നമ്മുടെ ചില വകുപ്പുകൾ ഇതിനിടയ്ക്കിടയ്ക്ക് പാര വയ്ക്കാറുണ്ട്. പല വകുപ്പുകൾക്കും തീരദേശ മലയോര

LIBRARY ARCHIVES Kerala Legislative Assembly

അതോറിറ്റികൾ വരുന്നതിൽ താല്പര്യമില്ല. മന്ത്രി പ്രത്യേകം താല്പര്യമെടുത്ത് ഏഴരക്കോടി രൂപവീതം തീരദേശ വികസന അതോറിറ്റിക്കും മലയോര വികസന അതോറിറ്റിക്കും ഈ ബഡ്ജറ്റിൽ മാറ്റിവച്ചതിനെ സഹർഷം സ്വാഗതം ചെയ്യുകയാണ്. ഞാനൊരു കാര്യം വിനയത്തോടുകൂടി പറയട്ടെ, പൊതുവിദ്യാഭ്യാസത്തിന് ഈ വർഷം മുൻവർഷത്തേക്കാൾ കൂടുതൽ പണം നീക്കിവച്ചിട്ടുണ്ട്. 55.19 കോടി രൂപയാണ് കഴിഞ്ഞ വർഷം തന്നത്, ഈ വർഷം 71.56 കോടി രൂപയായി ബഡ്ജറ്റ് വഹിതം ഉയർത്തിയതിനെ പ്രത്യേകമായി സ്വാഗതം ചെയ്യുകയാണ്. സ്വാശ്രയ മേഖലയിൽ ഇടയ്ക്കിടയ്ക്ക് പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നത് ഏറെ ഗുണകരമാണോയെന്ന് പരിശോധിക്കണം. ഇവിടെ എൻജിനീയറിംഗ് കോളേജും മെഡിക്കൽ കോളേജും ഉൾപ്പെടെയുള്ള നിരവധി പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചതുമൂലം ജനങ്ങളുടെയിടയിൽ ഏറെ ആശങ്ക ഉണ്ടായിരിക്കുന്ന കാലഘട്ടമാണിത്. ഈയിടെ അനുവദിച്ച ബി.എഡ്. കോളേജുകളും ഉണ്ട്. ഇപ്പോൾത്തന്നെ വളരെയധികം അദ്ധ്യാപകർ പ്രൊട്ടക്ടഡ് അദ്ധ്യാപകരായി നിൽക്കുകയാണ്. അദ്ധ്യാപകർക്ക് തൊഴിൽ സാദ്ധ്യതയില്ല, ഈ ഘട്ടത്തിൽ എന്തിനാണ് ഇത്രയധികം ബി.എഡ്. കോളേജുകൾ കൊടുക്കുന്നതെന്ന് ഒരു വിദ്യാർത്ഥി പ്രവർത്തകനായിരുന്നു എന്ന നിലയിൽ ആശങ്കയോടുകൂടി ഞാൻ ചോദിക്കുകയാണ്. ഒരുപാട് ആക്ഷേപങ്ങൾ വന്നിട്ടുണ്ട് എന്ന് പത്രങ്ങളിൽ കണ്ടു. ഇത്തരം ആക്ഷേപങ്ങൾ ഉണ്ടായ സ്ഥിതിക്ക് പുതിയ ബി.എഡ്. കോളേജുകൾ അനുവദിക്കുന്ന കാര്യം തീർച്ചയായും പുനഃപരിശോധിക്കണം; അത് പിൻവലിക്കണമെന്നാണ് ഒരു പഴയകാല വിദ്യാർത്ഥി പ്രതിനിധിയെന്ന നിലയിലുള്ള എന്റെ അഭിപ്രായം. കോടതിയിൽ ഗവൺമെന്റിന്റെ നയം പറഞ്ഞു എന്നു പറഞ്ഞു, പക്ഷെ അടിസ്ഥാനപരമായ തീരുമാനമെടുത്തില്ലെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞു, ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, നയപരമായ തീരുമാനമെടുക്കണം എന്നാണ്. നമ്മുടെ സംസ്ഥാനത്ത് ഇനി ബി.എഡ്. സ്ഥാപനങ്ങൾ ആവശ്യമുണ്ടോ? കൊടുത്ത ബി.എഡ്. സ്ഥാപനങ്ങളെപ്പറ്റി പരാതിയും ആക്ഷേപവും ഉണ്ടായിരിക്കുന്നു. അതുകൊണ്ട് ബി.എഡ്. സ്ഥാപനങ്ങളുടെ മേൽ എടുത്ത തീരുമാനം പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. മത്തായി ചാക്കോ:</u> ഈ ബി.എഡ്. കോളേജുകൾ അനുവദിച്ചത് സംബന്ധിച്ച് പ്രതിപക്ഷം ഉന്നയിച്ച അഴിമതി ആക്ഷേപങ്ങളെല്ലാം ശരിയാണെന്നാണോ അങ്ങയുടെ അഭിപ്രായം?

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> അങ്ങനെയല്ല, പ്രതിപക്ഷം ഉന്നയിച്ച അഴിമതി ആരോപണങ്ങളും ആക്ഷേപങ്ങളും ശരിയല്ല. പക്ഷെ അർഹതപ്പെട്ട ചില ആളുകൾക്ക് കിട്ടാതെ പോകുകയും അനർഹരായ ആളുകൾ കടന്നുവരികയും ചെയ്യുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തിലെ ന്യൂനപക്ഷ വിഭാഗങ്ങൾക്കും പിന്നോക്ക ജനവിഭാഗങ്ങൾക്കും പിന്നോക്ക പ്രദേശങ്ങൾക്കും അർഹതപ്പെട്ട പ്രാതിനിധ്യം കൊടുക്കണം. പക്ഷെ ഒരിക്കലും പ്രതിപക്ഷം ഉന്നയിച്ച ആരോപണം ശരിയല്ല. അങ്ങനെ ഒരു ആക്ഷേപമുള്ളത് തന്നെ ഒട്ടും ശരിയല്ല, അത് രാഷ്ട്രീയ പ്രേരിതമാണ്. പ്ലസ് ടു വിദ്യാലയങ്ങൾ കൊടുത്തത് പോലെയല്ലല്ലോ ഇത് കൊടുത്തത് എന്നു പരിശോധിച്ചാൽ മനസ്സിലാകും. ഞാൻ ഈ ബഡ്ജറ്റ് മുഴുവൻ വായിച്ചു. ഈ ബഡ്ജറ്റ് തൃശ്ശൂർ ജില്ലയോട് അവഗണന കാണിച്ചു എന്ന കാര്യം വളരെ ഖേദത്തോടുകൂടി പറയട്ടെ. ഞങ്ങൾ 14 എം.എൽ.എ.-മാർ ഉണ്ട്. ഞങ്ങൾക്ക് ഒരു മന്ത്രിയില്ല. കുഴപ്പമില്ല, ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

മുൻമന്ത്രിമാരായ മൂന്നുപേർ, ഒരു മുൻ നിയമസഭാ സ്പീക്കർ, മൂന്ന് മുൻ മന്ത്രിമാരിൽ ഒരാൾ ചീഫ് വിപ്പ്, ഒരു പ്രതിപക്ഷ പാർട്ടിയുടെ പാർലമെന്ററി പാർട്ടി ലീഡർ, ഒരു മുൻ എം.പി. ഇത്രയും സമ്പന്നമായ ജനകീയ പ്രാതിനിധ്യമുള്ള ജില്ലയാണ് തൃശ്ശൂർ ജില്ല. സാംസ്കാരിക തലസ്ഥാനം, ഇപ്പോൾ ആണെങ്കിൽ കേരളത്തിന്റെ വിദ്യാഭ്യാസ തലസ്ഥാനം; തൃശ്ശൂർ സാംസ്കാരിക കേന്ദ്രമായത് തൃശ്ശൂർക്കാരുടെ മനസ്സിന്റെ വികാസവും സാംസ്കാരിക സമ്പന്നതയുടെ നിറവുമാണ്. അത് മാത്രം പോരാ, ബഡ്ജറ്റിൽ തൃശ്ശൂർ ജില്ലയോട് കടുത്ത അവഗണനയാണ് കാണിച്ചിരിക്കുന്നത്. ഞങ്ങൾക്ക് അതിൽ ദുഃഖവും പ്രതിഷേധവുമുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ: തൃശ്ശൂർ ജില്ലയോടുള്ള അവഗണന നമ്മളിവിടെ പലപ്പോഴും ഉന്നയിച്ചിട്ടുള്ളതാണ്. ഇപ്പോൾ 12 പേർ ഭരണകക്ഷിയിൽ നിറഞ്ഞുനിൽക്കുകയാണ്. ഞങ്ങൾ ഇപ്പുറത്ത് രണ്ട് ആളുകളേയുള്ളൂ. 21-ാമത്തെ ആളായിട്ട് തൃശ്ശൂർ ജില്ലയിൽ നിന്നുള്ള ഒരാളെയാണോ പരിഗണിക്കുന്നത്? മുഖ്യമന്ത്രിയുമായിട്ടൊക്കെ ഏറ്റവും അടുത്ത ബന്ധമുള്ള ഒരു മെമ്പറെന്ന നിലയ്ക്ക് അങ്ങേക്ക് വല്ല അറിവും കിട്ടിയതായി പറയാമോ?

ശ്രീ. ടി. എൻ. പ്രതാപൻ: കോൺഗ്രസ് ഹൈക്കമാൻഡ് തീരുമാനിച്ചാൽ 21 അല്ല 22-ാമത്തെ ആൾ വരും. അദ്ദേഹത്തെ കേരളത്തിലെ കോൺഗ്രസ്സുകാരും യു.ഡി.എഫ്.-ഉം ഒരുമിച്ച് സ്വീകരിക്കും. അത് തൃശ്ശൂർ ജില്ലയിൽനിന്നായാൽ അതിലേറെ സന്തോഷത്തോടുകൂടി നമ്മൾ ഭരണകക്ഷിയും പ്രതിപക്ഷവും എന്നില്ലാതെ അങ്ങ് ഉൾപ്പെടെ സ്വീകരിക്കുമെന്നറിയാം.

ശ്രീ. കെ. രാധാകൃഷ്ണൻ: ശ്രീ. പ്രതാപൻ, തൃശ്ശൂർ ജില്ലയുടെ അവഗണനയെ കുറിച്ചാണ് ഇവിടെ പറയുന്നത്. നല്ല കാര്യം തന്നെയാണ്. തൃശ്ശൂർ ജില്ലയോട് ഇത്രയേറെ അവഗണന കാണിക്കാൻ കാരണം ലീഡർ തൃശ്ശൂർ ജില്ലയിൽ നിന്നായതു കൊണ്ടാണെന്ന് അങ്ങ് സംശയിക്കുന്നുണ്ടോ?

ശ്രീ. ടി. എൻ. പ്രതാപൻ: ബഹുമാനപ്പെട്ട ലീഡർ ജന്മംകൊണ്ട് കണ്ണൂർക്കാരനും കർമ്മംകൊണ്ട് തൃശ്ശൂർക്കാരനുമാണ്. ബഹുമാന്യനായ മെമ്പർ കെ. രാധാകൃഷ്ണൻ മന്ത്രിയായിരുന്നപ്പോഴും തൃശ്ശൂർ ജില്ലയുടെ സ്ഥിതി ഏറെ ഗുണകരമായിരുന്നില്ല എന്ന കാര്യം ഞാൻ പറയേണ്ടതില്ലല്ലോ. അതുകൊണ്ട് ഈ ബഡ്ജറ്റിൽ സപ്ലിമെന്ററി ഡിമാന്റ് വരുമ്പോൾ തൃശ്ശൂർ ജില്ലയുടെ കാര്യത്തിൽ ഗൗരവമായ പരിഗണന വേണമെന്ന് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ സാംസ്കാരിക വകുപ്പുമന്ത്രി തൃശ്ശൂർ ജില്ലയോട് ഒരു കനിവ് കാണിച്ചിട്ടുണ്ട്. സാഹിത്യ അക്കാദമിയുടെയും അപ്പൻ തമ്പുരാൻ സ്മാരക വായനശാലയുടെയും വികസനത്തിന് ഒരു കോടി രൂപയും കലാമണ്ഡലത്തിന്റെ വികസനത്തിന് ഒരു കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഞാൻ നേരത്തേ ഇവിടെ പറഞ്ഞതുപോലെ സാംസ്കാരിക തലസ്ഥാനം എന്ന നിലയിൽ നൽകിയ ആ അംഗീകാരത്തിന് പ്രത്യേകിച്ചും സാംസ്കാരിക വകുപ്പുമന്ത്രിയോട് നന്ദി പറയുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, കേരളത്തിലെ ആദ്യത്തെ ഗ്രാമീണ ഇൻഡോർ സ്റ്റേഡിയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശിലാസ്ഥാപനം നടത്തി പണി നടന്നുകൊണ്ടിരിക്കുന്നത് തൃശ്ശൂരിലാണ്. സർവ്വശ്രീ എ. സി. ജോസ്, സി. ഒ. പൗലോസ്, വി. വി. രാഘവൻ, തെന്നല ബാലകൃഷ്ണപിള്ള തുടങ്ങിയ എം. പി.-മാരുടെയും എം.എൽ.എ.-മാരുടെയും ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ആദ്യത്തെ ഗ്രാമീണ ഇൻഡോർ സ്റ്റേഡിയം ആണ് മുഖ്യമന്ത്രി ശിലാ സ്ഥാപനം നടത്തി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത്. ഈ ബഡ്ജറ്റിൽ അതിനൊരു പൈസപോലും മാറ്റിവച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കുള്ള അഭ്യർത്ഥന, ഈ ബഡ്ജറ്റിൽ അതിനുവേണ്ടിയുള്ള സഹായംകൂടിചേർത്ത് തരണമെന്നതാണ്. ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് ഒരിക്കൽക്കൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തൃശ്ശൂരിന്റെ കാര്യത്തിൽ പ്രത്യേകമായ ഒരു പരിഗണന ധനകാര്യ വകുപ്പുമന്ത്രിയുടെ അവസാന മറുപടി പ്രസംഗത്തിൽ ഉണ്ടാകുമെന്ന പ്രതീക്ഷയോടുകൂടി തീരദേശ മേഖലയ്ക്ക് നിർബന്ധമായും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് രണ്ട് കോടി രൂപയെങ്കിലും അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ഗവർണ്ണർ പ്രസംഗം നടത്തിയപ്പോൾ നിങ്ങൾ പറഞ്ഞു, എന്തുകൊണ്ടാണ് കേന്ദ്ര സർക്കാരിനെയും വർഗ്ഗീയതയെയും എതിർത്തില്ല എന്ന്. ഗവർണ്ണറെക്കൊണ്ട് ഞങ്ങൾ രാഷ്ട്രീയം പറയിക്കില്ല എന്നതാണ് അതിന്റെ ശക്തമായ മറുപടി. പക്ഷേ രാഷ്ട്രീയക്കാരിൽ രാഷ്ട്രീയക്കാരനായ ധനകാര്യ വകുപ്പുമന്ത്രി എന്താണ് യു.ഡി.എഫ്.-ന്റെ രാഷ്ട്രീയ നയമെന്ന് വ്യക്തമാക്കിയിരിക്കുകയാണ്. കേന്ദ്രത്തിൽ വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ ഒരു വർഗ്ഗീയ ഫാസിസ്റ്റ് മുന്നണി അധികാരത്തിൽ വരാൻ പാടില്ല എന്ന ദൃഢനിശ്ചയത്തോടുകൂടിയാണ് അദ്ദേഹത്തിന്റെ പ്രസംഗം ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും. അതുകൊണ്ട് യു.ഡി.എഫ്. സർക്കാർ വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഒരു വർഗ്ഗീയ വിരുദ്ധമുന്നണി, ഒരു ജനകീയ ജനാധിപത്യ സർക്കാരുണ്ടാവണം എന്ന കാഴ്ചപ്പാടോടുകൂടി തന്നെയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഗവൺമെന്റിന്റെ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ പ്രധാനമായുള്ളത് ഗവൺമെന്റ് എന്തിനാണ് ഊന്നൽ നൽകുന്നത് എന്നതാണ്. 11-ാം ധനകാര്യ കമ്മീഷൻ നമ്മളോട് നീതി കാണിച്ചില്ല. ആയിരക്കണക്കിന് കോടി രൂപയുടെ നഷ്ടം നമുക്കുണ്ടായി. അതിന്റെ പ്രധാന കാരണം, അന്നത്തെ മുഖ്യമന്ത്രി തന്നെയായിരുന്നു. അന്നു വന്ന ധനകാര്യ കമ്മീഷൻ അംഗങ്ങൾക്ക് അദ്ദേഹം 7 മണിക്ക് ഡിന്നർ ഏർപ്പാടു ചെയ്തു. അദ്ദേഹം അവിടെ എത്തുന്നത് 8 മണിക്ക്. അവരുമായി വഴക്കുണ്ടാക്കി. അങ്ങനെയൊക്കെ അവരെ antoganize ചെയ്ത് അപമാനിച്ച് വിട്ടതിന്റെ ഫലം കൂടിയായിട്ടാണ് അന്നത്തെ ധനകാര്യ കമ്മീഷൻ തരേണ്ടത് പോലും തരാതിരുന്നത് എന്ന് ഞാൻ വിശ്വസിക്കുകയാണ്. അങ്ങനെ ചെയ്തതാണെങ്കിൽപ്പോലും അതിന് ന്യായീകരണമില്ല. പക്ഷേ അപ്പോൾ ധനകാര്യ കമ്മീഷൻ അംഗങ്ങളും പ്രധാനമാണല്ലോ! അങ്ങനെ പറഞ്ഞിട്ട് കാര്യമില്ലല്ലോ. അതൊക്കെ പ്രശ്നമുണ്ടാക്കി. ഇവിടെ ധനകാര്യ കമ്മീഷൻ വന്നപ്പോൾ ഗവൺമെന്റ് ശരിക്കും ഹോംവർക്ക് ചെയ്തു. ഗവൺമെന്റ് അസ്സലായി ഹോംവർക്ക് ചെയ്ത് ഏതൊക്കെ മേഖലയിലാണ് കേരളത്തിന് നഷ്ടമുണ്ടായിരിക്കുന്നതെന്നുള്ളത് കാര്യകാരണസഹിതം ധനകാര്യ മെമ്മോറാണ്ടം കൊടുത്താണ് നമ്മുടെ കേസ് വാദിച്ചിരിക്കുന്നത്. തീർച്ചയായിട്ടും നീതി കിട്ടുമെന്ന വിശ്വാസത്തിലാണ്. അതുപോലെത്തന്നെ പ്രാദേശിക ഗവൺമെന്റുകളോട് ഈ സർക്കാരിന്റെ നയം വളരെ വ്യക്തമല്ലേ? 1,350 കോടി രൂപ മാത്രമല്ല അതുകൂടാതെ നമ്മുടെ തനത് നികുതിയുടെ 325.79 കോടി രൂപയും അവർക്കുവേണ്ടി വകയിരുത്തിയിരിക്കുകയാണ്. ഒരു കാര്യം നാം ആലോചിക്കേണ്ടേ? പഞ്ചായത്തുകൾക്ക് കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പണം അവർ എങ്ങനെ ചെലവിടുന്നു എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് ഇപ്പോൾ ആർക്കുമില്ല. പ്ലാനിംഗ് ബോർഡ് ഇയർമാർക്ക് ചെയ്താണ് പണം താഴേക്ക് കൊടുക്കുന്നത്. ഇന്നത് ഇന്നതൊക്കെ ചെയ്യണമെന്ന് പറഞ്ഞാണ് കൊടുക്കുന്നത്. ഒട്ടും കൃഷിയില്ലാത്ത കൊച്ചി നഗരസഭയിൽപോലും നമ്മൾ പ്ലാൻ ചെയ്തു വിടുന്നത് എന്താണ്? പത്ത്, ഇരുപത് ശതമാനത്തോളം കൃഷിക്ക് വേണ്ടി മുടക്കണമെന്നാണ്. അവിടെ വൻ അഴിമതി നടക്കുകയാണ്. അവിടെ കൃഷിയില്ലാതെ കൃഷിക്ക് വേണ്ടി കണക്കെഴുതി ഉണ്ടാക്കുകയാണ്. കൃഷി ഉണ്ടാകാറില്ല. പക്ഷേ ഇല്ലാത്ത കൃഷിക്കു വേണ്ടി കൊടുക്കുന്ന പണം പല വഴിക്ക് പോകുന്നു. അതൊന്ന് മാറ്റണ്ടേ? അപ്പോൾ എനിക്കുള്ള ഒരു നിർദ്ദേശം നമ്മൾ ഈ ത്രിതല പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് പാസ്സാക്കിക്കൊടുക്കുമ്പോൾ മുകളിൽനിന്ന് നമ്മുടെ പ്ലാനിംഗ് ബോർഡ് കൊടുക്കുന്ന സ്റ്റീരിയോടൈപ്പ് സംവിധാനത്തിന് മാറ്റം വരുത്തണ്ടേ? ഓരോ പ്രദേശത്തേക്കും അവിടത്തെ ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിലുള്ള പദ്ധതികൾ മുന്നോട്ടുവന്നാൽ പലപ്പോഴും ഡി.പി.സി.-കൾക്ക് സാംഗ്ഷൻ കൊടുക്കാൻ കഴിയാതെ വരും. ഇവിടെ നിന്നുള്ള നിയന്ത്രണമാണ് ഡി.പി.സി.-ക്കുള്ളത്. ഇവിടെ ഇങ്ങനെയുള്ള സ്റ്റീരിയോടൈപ്പ് സംവിധാനം അങ്ങോട്ടേക്ക് കൊടുക്കുന്നു. അതുകൊണ്ട് പലപ്പോഴും ഡി.പി.സി.-കൾ പഞ്ചായത്തുകളുടെ നിർദ്ദേശം തള്ളിക്കളയുന്നു. അതുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം പ്രഖ്യാപിക്കുമ്പോൾ ഓരോ പ്രദേശത്തിനും യോജിക്കുന്ന പദ്ധതികളുണ്ടെങ്കിൽ അതിന് സാംഗ്ഷൻ കൊടുക്കാൻ കഴിയാവുന്ന ഒരു സംവിധാനമുണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. എം.ജി.പി.-യെക്കുറിച്ച് നിങ്ങൾക്കെന്താണ് ഇത്ര വലിയ ദേഷ്യം? ലോകത്തെമ്പാടുമുള്ള പുതിയ മാറ്റങ്ങൾ ഗവൺമെന്റ് ഉൾക്കൊള്ളുകയാണ്. മഹാനായ ആർ. ശങ്കർ അമേരിക്കയിൽ പോയിട്ട് ഇവിടെ വന്ന് പ്രസംഗിച്ചത് പത്രത്തിൽ വായിച്ചത് ഞാൻ ഓർക്കുന്നു. അദ്ദേഹം പറഞ്ഞത് അമേരിക്കയിൽ പല സംസ്ഥാനങ്ങളിലും ഫയൽ സിസ്റ്റമില്ല, ഡിസ്ക്ഷനാണ്. കാലത്ത് മന്ത്രിമാരോ അല്ലെങ്കിൽ ഉന്നത ഉദ്യോഗസ്ഥരോ ഒരുമിച്ച് കൂടുന്നു, തീരുമാനമെടുക്കുന്നു, നടപ്പിലാക്കുന്നു. നമ്മുടേത് ഫയൽ സിസ്റ്റമാണ്. എത്ര സ്ഥലത്താണ് ഫയൽ പോകുന്നത്. പത്ത്, പന്ത്രണ്ട് പേർ കണ്ടിട്ടാണ് ഒരു ഫയൽ വരുന്നത്. അവസാനമെന്താണ് തീരുമാനം? താങ്കളുടെ അപേക്ഷ നിരസിച്ചിരിക്കുന്നു. കത്തിന്റെ കോപ്പി നമുക്കും കിട്ടും. അങ്ങനെ മതിയോ? നമ്മുടെ ഡിപ്പാർട്ടുമെന്റിനെ മോഡണൈസ് ചെയ്യുക എന്നുള്ളതിന് പരമപ്രധാനമായ സ്ഥാനം ഈ സർക്കാർ കൊടുത്തിരിക്കുകയാണ്. നിങ്ങൾ പറഞ്ഞല്ലോ, ഡോക്ടർ എബ്രഹാമാണ് ഇത് ഉണ്ടാക്കിയതെന്ന്. ഡോക്ടർ എബ്രഹാം ആരാണ്? He is an upright officer. അദ്ദേഹം എറണാകുളം ജില്ലാ കളക്ടറായിരുന്നു. കാലാവധി തീരുന്നതിനുമുമ്പ് ശ്രീ. ടി. ശിവദാസമേനോൻ അദ്ദേഹത്തെ ഇങ്ങോട്ട് കൊണ്ടുവന്നു. എന്തു കൊണ്ടാണ്? അദ്ദേഹത്തിന്റെ സേവനം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടല്ലേ? പക്ഷേ അദ്ദേഹത്തിന്റെ സേവനം ശരിയായ രീതിയിൽ നിങ്ങൾ ഉപയോഗിച്ചിരുന്നുവെങ്കിൽ മുൻ ഗവൺമെന്റിന് അത്രയും ബുദ്ധിമുട്ടുണ്ടാകുമായിരുന്നില്ല. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ എ.കെ.ജി. സെന്ററിൽവച്ച് തള്ളപ്പെട്ടിരുന്നു. മറിച്ച് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ സേവനം ശരിയായിട്ട് ഉപയോഗിക്കുന്നു. അതിന്റെ പ്രതിഫലനമാണ് നിങ്ങൾപോലും പറഞ്ഞില്ലേ, ഇതൊരു ഇലക്ഷൻ ബഡ്ജറ്റാണെന്ന്. അതിന്റെ അർത്ഥമെന്താണ്? ജനക്ഷേമകരമായ നിരവധി കാര്യങ്ങൾ ബഡ്ജറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുണ്ട്. അതുകൊണ്ടാണ് നിങ്ങൾ അങ്ങനെ പറഞ്ഞത്. ദേശാഭിമാനി പത്രം എന്താണ് പറഞ്ഞത്? ജനങ്ങളെ പറ്റിക്കാൻ, ജനകീയ ബഡ്ജറ്റെന്ന്. ജനകീയ ബഡ്ജറ്റ് തന്നെയാണിത്. അതുകൊണ്ട് മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാമിനെ നിങ്ങൾ അധിക്ഷേപിക്കുന്നത് ശരിയല്ല എന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. എം.എൽ.എ.-മാർക്ക് ഓരോ കമ്പ്യൂട്ടർ കൊടുക്കണ്ടേ? എം.എൽ.എ.-മാർക്ക് ഓരോ കമ്പ്യൂട്ടർ കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. വലിയ കാശൊന്നുമില്ല. 25,000 രൂപ കൊടുത്താൽ കമ്പ്യൂട്ടർ കിട്ടും. ഇത് കമ്പ്യൂട്ടർ യുഗമല്ലേ? കാര്യങ്ങളൊക്കെ അറിയണ്ടേ? നമ്മുടെ നിയമസഭയുടെ വെബ്സൈറ്റിൽകൂടി ഓരോ കാര്യവും നമുക്ക് അറിയാൻ കഴിയും. ലോകത്തുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും ഒരു സാമാന്യ വിവരം നമ്മുടെ മുറിയിലെത്തിക്കുന്ന ഒരു സംവിധാനം വേണം. ഇപ്പോൾ എം.പി.-മാർക്കെല്ലാം കമ്പ്യൂട്ടറുണ്ട്. അതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്ന് ഞാൻ പറയുകയാണ്. കേരളത്തിന്റെ മറ്റൊരു വികസന മേഖലയായി പറയാൻ കഴിയുന്നത് ടൂറിസമാണ്. 74.25 കോടി രൂപ അതിനായി വച്ചിട്ടുണ്ട്. പരിസ്ഥിതിയുമായി ഇണങ്ങുന്ന ടൂറിസം പദ്ധതികൾ കേരളത്തിൽ വിജയിക്കും. അതിന്റെ വലിയ തെളിവാണ് നമ്മുടെ യു.എൻ.ഡി.പി. സംഘം കുമ്പളങ്ങി സന്ദർശിച്ചപ്പോൾ പരിസ്ഥിതിയുമായി ഒത്തിണങ്ങി പോകുന്ന സംവിധാനങ്ങൾ കേരളത്തിലുണ്ടാകുമെന്ന് അവർ അംഗീകരിച്ചു. അതനുസരിച്ച് വരുമാനവും തൊഴിൽ സാദ്ധ്യതകളും വർദ്ധിക്കും. അതുകൊണ്ട് ടൂറിസത്തെക്കുറിച്ചുള്ള ഗവൺമെന്റിന്റെ കാഴ്ചപ്പാട് ശരിയായിട്ട് പോകുന്നു എന്ന് വിശ്വസിക്കുകയാണ്. ഇവിടെ മത്സ്യത്തൊഴിലാളികളുടെ കാര്യം ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞു. എനിക്ക് തോന്നുന്നു പഴയ ഗവൺമെന്റുമായി താരതമ്യപ്പെടുത്തി പറഞ്ഞതായിരിക്കുമെന്ന്. ഈ ഗവൺമെന്റിനെ പഴയ ഗവൺമെന്റുമായി താരതമ്യപ്പെടുത്തുമ്പോൾ എത്രയോ സഹായം ഈ ഗവൺമെന്റ് കൊടുത്തുകഴിഞ്ഞു. അടിസ്ഥാന സൗകര്യം കുറച്ച് കുറഞ്ഞുപോയി എന്നത് ശരിയാണ്. 50 ലക്ഷം രൂപയേയുള്ളൂ. ഒരു പുതിയ ദിശാബോധം, സംരക്ഷണബോധം കേരളത്തിലെ തീരപ്രദേശങ്ങളിൽ ഉണ്ടാക്കിയത് ഈ ഗവൺമെന്റല്ലേ? ഞാൻ ചോദിക്കട്ടെ, ഇന്നുവരെ സാധാരണ തൊഴിലാളികളുടെ, മത്സ്യത്തൊഴിലാളികളുടെ വീട് നന്നാക്കാൻ ഏതെങ്കിലും ഗവൺമെന്റ് കാൾ കൊടുത്തിട്ടുണ്ടോ? അഭിമാനത്തോടുകൂടി ഞാൻ പറയുന്നു, മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെയും ഫിഷറീസ് വകുപ്പുമന്ത്രി ശ്രീ. തോമസ് മാഷിന്റെയും കാലത്താണ് കേരളത്തിൽ ഏകദേശം 15 കോടി രൂപ ഈ ആവശ്യത്തിനായി കൊടുത്തത്. ഇപ്പോൾ വീട് റിപ്പയർ നടന്നുകൊണ്ടിരിക്കുകയാണ്. 20,000 രൂപ വീതം സൗജന്യമായി കൊടുത്ത ഗവൺമെന്റാണിത്. അത് ഇനിയും തുടരണം. അതുപോലെത്തന്നെ പഞ്ചമാസങ്ങളിൽ ധനസഹായത്തിനുവേണ്ടി, സർക്കാരിന്റെ വിഹിതം കൊടുക്കുന്നതിനായി മൂന്നരക്കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഭവനനിർമ്മാണത്തിനുവേണ്ടി വേറെ 3 കോടി രൂപയുമുണ്ട്, ശ്രീ. പ്രതാപൻ പറഞ്ഞത് കുറച്ചുകൂടി കൂട്ടണമെന്ന ആഗ്രഹമാണ്. കഴിഞ്ഞ സർക്കാരുമായി കമ്പയർ ചെയ്ത് അദ്ദേഹം പറഞ്ഞതാണ്. ഞാൻ കഴിഞ്ഞ സഭയിലും ഈ സഭയിലും ഉണ്ടായിരുന്ന ആളാണ്. ഞാൻ അവിടെ നിന്ന് അതിനെക്കുറിച്ച് സംസാരിച്ചിട്ടുമുണ്ട്. അതുകൊണ്ട് എനിക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. കഴിഞ്ഞകാലത്ത് അവഗണിക്കപ്പെട്ട ഈ സമൂഹത്തോട് സർക്കാർ നീതി കാണിക്കുന്നു എന്ന വിശ്വാസമാണ് എനിക്കുള്ളത്. പെൻഷൻ കുടിശ്ശിക കുറെ കൊടുത്തു; ഇനിയും കൊടുക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വെള്ള മണ്ണെണ്ണയുടെ ടാക്സ് കൂട്ടിയതിൽ എനിക്ക് എതിർപ്പില്ല. പക്ഷേ തീരപ്രദേശത്ത് മെക്കനൈസ്ഡ് വഞ്ചികളുണ്ട്. അവർ ഉപയോഗിക്കുന്നത് 50 ശതമാനവും ഈ മണ്ണെണ്ണയാണ്. അതിന് ഇപ്പോൾ ലിറ്ററിന് 28 രൂപയാണ്. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഫിഷർമെൻ വാങ്ങുന്ന മണ്ണെണ്ണയ്ക്ക് ഒരു കാട്ട കൊടുത്ത് അതിന് ടാക്സ് പഴയ രീതിയിൽ ആക്കണം, ഞാൻ മുഴുവൻ വേണമെന്നു പറയുന്നില്ല. നമ്മുടെ നാടൻ വഞ്ചിക്കാർ ഉപയോഗിക്കുന്ന ഒരു നിശ്ചിത ശതമാനം മണ്ണെണ്ണയ്ക്ക് ടാക്സ് കുറയ്ക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതുപോലെ ലംപ്സംഗ്രാന്റ് കൊടുക്കാനുണ്ട്. അതൊക്കെ യഥാസമയം കൊടുക്കണം. പിന്നെ എറണാകുളത്തെ പൊക്കാളി പാടശേഖര കൃഷിക്കുവേണ്ടി 1.25 കോടി രൂപ വച്ചിട്ടുണ്ട്. ഒരു പുതിയ പരിഷ്ക്കാരത്തിന്റെ ഭാഗമായി, പൊക്കാളി നെൽപ്പാടങ്ങളിൽ മൽസ്യകൃഷി നടത്തുന്നുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, മത്സ്യത്തൊഴിലാളി മേഖലയിൽ ഭവനനിർമ്മാണ പദ്ധതിക്ക് വച്ചിരിക്കുന്ന ഫണ്ട് അപര്യാപ്തമാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: പണ്ട് ഇത് വച്ചിരുന്നോ ശ്രീ. ദേവകുമാറേ. ഇപ്പോൾ ഫണ്ട് ഇത്രയെങ്കിലും വച്ചില്ലേ? അതുപോലെ റോഡുകളുടെ വികസനത്തിനു വേണ്ടിയുള്ള തുക കുറച്ചുകൂടി കൂട്ടണം. കൊച്ചിയിൽ തമ്മനം റോഡ്, എയർപോർട്ട് സീപോർട്ടുമായി ബന്ധപ്പെടുന്ന പുതിയ റോഡിനുള്ള നിർദ്ദേശമുണ്ട്. പണ്ടേയുള്ള പദ്ധതിയാണ്. ശ്രീ. ബാബു നിർദ്ദേശിച്ചതാണ്. രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഞാൻ അംഗീകരിക്കുന്നു. സന്തോഷമുണ്ട്. പക്ഷേ കൊച്ചിയുടെ സമഗ്രമായ പുരോഗതിക്ക് അവിടത്തെ ട്രാഫിക് പരിഷ്കാരത്തിനുവേണ്ടി ഗോശ്രീ പാലങ്ങൾ പൂർത്തിയാകുമ്പോൾ നഗരത്തിലുണ്ടാകാവുന്ന അധിക ട്രാഫിക്കിന്റെ ജാം ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം ഉണ്ടാകണമെന്നഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് 110 കെ. വി. സബ്സ്റ്റേഷനുകൾക്ക് തീരുമാനമെടുത്തിട്ടുണ്ട്. അത് എത്രയും പെട്ടെന്ന് ആരംഭിക്കണം. എറണാകുളത്തെ ഏറ്റവും കൂടുതൽ വികസിക്കുന്ന മേഖലയാണ് ബൈപ്പാസ് മേഖല, അവിടെ ഈ പദ്ധതി നടപ്പിലാക്കണമെന്നാവശ്യപ്പെടുകയാണ്. എനിക്ക് ഒരു പരാതിയുള്ളത് കടലാക്രമണത്തിന് വേണ്ടി നീക്കിവച്ചിരിക്കുന്ന തുക വളരെ കുറവാണ്. 600 കിലോമീറ്ററോളം തീരപ്രദേശമുള്ള കേരളത്തിൽ മിക്കവാറും പ്രദേശങ്ങളിൽ ഇന്ന് കടലാക്രമണമുണ്ട്. കിലോമീറ്ററുകളോളം ഞങ്ങളുടെ മേഖലയിലൊക്കെ കടൽ എടുത്തുപോയിട്ടുണ്ട്. പള്ളികൾ പോയിട്ടുണ്ട്, ആയിരക്കണക്കിന് ഏക്കർ ഭൂമി പോയിട്ടുണ്ട്. പക്ഷേ ഇന്നുള്ള ഭൂമി സംരക്ഷിക്കാൻ നീക്കിവച്ച പണം വളരെ കുറവാണ്. അതുകൊണ്ട് ഇത് കൂട്ടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്നലെ ഞാൻ പത്രത്തിൽ ഒരു പടം കണ്ടു. ഫ്രീസോഫ്ട് വെയറിന്റെ റിച്ചാർഡ് സ്റ്റാൾമാനും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും മൊരുമിച്ച് നിൽക്കുന്ന പടം. പ്രഖ്യാപനവും സമരവും ഒരുമിച്ച്. എന്തിനാണ് സമരം? ഈ സ്റ്റാൾമാൻ എവിടെനിന്നാണ് വരുന്നതെന്നറിയാമോ? ബോംബെയിലെ വേൾഡ് സോഷ്യൽ ഫോറത്തിൽ പങ്കെടുത്തിട്ടാണ് അദ്ദേഹം വരുന്നത്. അദ്ദേഹം സൗത്ത് ആഫ്രിക്കൻ ജഡ്ജിയുടെ കൂട്ടുകാരനാണോ എന്നറിയില്ല. അങ്ങനെയാവാതെയിരിക്കട്ടെയെന്നു പ്രാർത്ഥിക്കുകയാണ്. കേരള സർക്കാരിന്റെ ഐ. ടി. നയത്തെ എതിർക്കാൻ സ്റ്റാൾമാൻ ആരാണ്? അതും പ്രതിപക്ഷ നേതാവിന്റെ വീട്ടിൽ വന്നിട്ട്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ഐ. ടി. നയത്തെ അയാൾ എതിർക്കുമെന്ന് പ്രഖ്യാപിക്കുകയാണ്. അതൊന്നും ശരിയല്ല. വിദേശത്തുള്ളതിനെ അനുകൂലിക്കുക നിങ്ങളുടെ സ്ഥിരം പണിയാണല്ലോ. പെപ്സി, കൊക്കക്കോള ഇതിനൊക്കെ ആരാണ് അനുവാദം കൊടുത്തത്? അതിനെയൊക്കെ ക്ഷണിച്ചുവരുത്തി ഉദ്ഘാടനം നിർവ്വഹിക്കുക. എന്നിട്ട് ഇപ്പോൾ സമരം നടത്തുക. ഞാൻ ചോദിക്കട്ടെ, പ്ലാച്ചിമടയിൽ നടന്ന സമ്മേളനത്തിന്റെ കാർഡ് ഉണ്ടല്ലോ, ഒരു കാർഡിന് 250 രൂപ വരില്ലേ. എവിടെ നിന്നു കിട്ടി ഈ പണം? അതിന്റെ കാർഡ് നിങ്ങൾ കണ്ടോ. പ്ലാച്ചിമടയിലെ ജല സംരക്ഷണത്തിന്റെ കാർഡ്. നിങ്ങൾ ഒരു മൾട്ടിനേഷണലിനെ എതിർക്കാൻവേണ്ടി വേറെ മൾട്ടിനേഷണലിനെ കൂട്ടുപിടിക്കുകയല്ലേ. അതേക്കുറിച്ചൊക്കെ അന്വേഷിക്കണം. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ഒരുവാക്ക്—കേരളത്തിലെ പിന്നോക്ക ജന വിഭാഗങ്ങളൊക്കെ വലിയ ആശങ്കയിലാണ്. ലത്തീൻ കത്തോലിക്കരും മുസ്ലീങ്ങളും ധീവരരും അതുപോലെ ഈഴവരും ഈഴവർക്ക് മിക്കവാറും കാട്ട കിട്ടിയിട്ടുണ്ട്. ലത്തീൻ സമുദായത്തിനും മുസ്ലീങ്ങൾക്കുമാണ് ഏറ്റവും വലിയ കുറവ്. അതുകൊണ്ട് അടിയന്തിരമായി ഗവൺമെന്റ് അതേക്കുറിച്ച് തീരുമാനം എടുക്കണം. റിപ്പോർട്ട് നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും യു.ഡി.എഫ്. ഗവൺമെന്റും തയ്യാറാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്താങ്ങുകയാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ തുടങ്ങിവച്ച പൊതുചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഭരണപക്ഷം ഒളിഞ്ഞും തെളിഞ്ഞും ഇതിനെ എതിർക്കുന്നതാണ് കണ്ടത്. ഇവിടെ ബഹുമാനപ്പെട്ട ബി. വിജയകുമാറും പ്രതാപനും ഇതിനെ എതിർത്തുകൊണ്ടാണ് പ്രസംഗിച്ചത്. അവർ എന്താണ് പറഞ്ഞത്? കൂട്ടുത്തരവാദിത്തം വേണമെന്നാണ്. ഇവിടെ കൂട്ടുത്തരവാദിത്തമില്ല എന്നു പറഞ്ഞുകൊണ്ടാണ് ബഹുമാനപ്പെട്ട ബി. വിജയകുമാർ അവസാനിപ്പിച്ചത്. കൂട്ടുത്തരവാദിത്തത്തിന്റെ കാര്യം പറഞ്ഞ് ഇവിടെ പാവപ്പെട്ടവരെ ദ്രോഹിക്കുന്ന രീതി ശരിയല്ല. അവരോട് ആത്മാർത്ഥത കാണിക്കണം. ഈ ബഡ്ജറ്റ്കൊണ്ട് ആർക്കാണ് ഗുണം? ഇന്നലെ ശ്രീ. ഇസ്ഹാക് കുരിക്കൾ പറഞ്ഞു. 5 സ്റ്റാർ ജനങ്ങൾക്ക് മാത്രമേ ഗുണമുണ്ടായിട്ടുള്ളൂ എന്ന്. അത് പാടില്ല. അത് മാറ്റണം. അംഗൻവാടിയിൽനിന്ന് പിരിയുന്ന ഹെൽപ്പർമാർക്കും വർക്കർമാർക്കും 58 വയസ്സ് കഴിഞ്ഞാൽ പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കുമെന്ന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. അതേക്കുറിച്ച് ഈ ബഡ്ജറ്റിൽ യാതൊന്നുംതന്നെ പ്രതിപാദിച്ച് കണ്ടില്ല. കേരളത്തിലെ ഖാദി വ്യവസായത്തിന്റെ സ്ഥിതി എന്താണ്? നമ്മളൊക്കെതന്നെ ഖാദി ഉപയോഗിക്കുന്നവരാണ്. പ്രത്യേകിച്ച് കോൺഗ്രസ്സുകാർ മുഴുവൻതന്നെ ഖാദി ഉപയോഗിക്കുന്നതായാണ് കാണുന്നത്. ഖാദി വ്യവസായത്തെ പ്രോൽസാഹിപ്പിക്കാൻ എന്താണ് ചെയ്യുന്നത്? ഇവിടെ 25 ലക്ഷത്തിൽപ്പരം രൂപയുടെ മുതൽമുടക്കുള്ള ഗ്രാമ വ്യവസായങ്ങളെ നികുതിയിൽനിന്ന് ഒഴിവാക്കുന്നു. മുഴുവൻ ഗ്രാമ ഖാദി വ്യവസായങ്ങൾക്കും നികുതി ഒഴിവാക്കിക്കൊണ്ട് ഖാദി വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികളുണ്ടാകണം. പാലക്കാട് കൊക്കക്കോള സമരത്തെക്കുറിച്ച് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഇവിടെ സൂചിപ്പിച്ചു. ആ സമരം ലോക ജലസമ്മേളനം തന്നെ നടത്തി. ആ സമരം നടക്കുന്ന സമയത്ത് നമ്മുടെ ചിറ്റൂർ എം.എൽ.എ. അവിടെ പോയതായി അറിഞ്ഞില്ല. ആ പ്രദേശത്ത് അദ്ദേഹം പോയിട്ടില്ല. ഇപ്പോൾ വെള്ളം

LIBRARY ARCHIVES Kerala Legislative Assembly

തീരെ കിട്ടുന്നില്ല. വെള്ളം കിട്ടാത്തതുകൊണ്ട് ശ്രീമതി ജയലളിതയുടെ കാല് പിടിക്കാൻ പോയിരിക്കുകയാണ്. ഒരുഭാഗത്ത് എതിർക്കുകയും അതേസമയം അതിനുവേണ്ടി തമിഴ്നാട്ടിൽ പോയി കാല് പിടിക്കുന്ന രീതിയുമാണുള്ളത്. ഇവിടെ മൈനർ ഇറിഗേഷൻ എന്നൊരു വകുപ്പുണ്ട്. കഴിഞ്ഞ രണ്ടര വർഷമായി ഇറിഗേഷനുവേണ്ടി ഒരു പൈസ പോലും നീക്കിവച്ചിട്ടില്ല. പുഴയോരങ്ങൾ ഇടിഞ്ഞുപോവുകയാണ്. പുഴയോരങ്ങളെ സംരക്ഷിക്കാനും അതുപോലുള്ള കാര്യങ്ങൾ ചെയ്യാനും കഴിയുന്നില്ല. ചെറിയ ചെറിയ ഡാമുകൾ മൈനർ ഇറിഗേഷന്റെ വകുപ്പിൽ വരുന്നതാണ്. വെള്ളം തീരെ കിട്ടാത്ത പ്രദേശങ്ങളിൽ ചെക്ക് ഡാമുകൾകെട്ടി ജനങ്ങൾക്കു ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്യണം. ശുദ്ധജലക്ഷാമം പരിഹരിക്കാൻ ക്രോസ് ബാറുകൾ നിർമ്മിച്ച് വെള്ളം കെട്ടി നിർത്തുന്ന രൂപത്തിലുള്ള പ്രവർത്തനങ്ങൾ നടത്തണം. ശുദ്ധജല പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി ഫണ്ട് നീക്കിവച്ചിട്ടില്ല. ഇന്ന് അതെല്ലാം അനാഥാവസ്ഥയിലാണ്. സാധാരണക്കാർ ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്.

ശ്രീ. പി. സി. ജോർജ്ജ്: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. 1980-ലാണ് ഞാൻ ആദ്യമായി നിയമസഭയിൽ വരുന്നത്. ഇന്നുവരെയുള്ള ബഡ്ജറ്റ് പ്രസംഗങ്ങൾ പരിശോധിക്കുമ്പോൾ ഇത്രമാത്രം കാർഷിക ദ്രോഹ നടപടി സ്വീകരിച്ചിട്ടുള്ള ഒരു ബഡ്ജറ്റ് പ്രസംഗം ഞാൻ കേട്ടിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. അദ്ദേഹം വ്യക്തിപരമായി ഒരു നല്ല മനുഷ്യനാണെന്നാണ് എന്റെ അഭിപ്രായം. കോഴിയുടേയും സ്പിരിറ്റിന്റേയും അല്പം മണം ഉണ്ടെങ്കിൽപ്പോലും അദ്ദേഹം പാവമാണ്. അദ്ദേഹത്തെ ഞാൻ കുറ്റപ്പെടുത്താത്തത് ഇത് അദ്ദേഹം എഴുതിയ ബഡ്ജറ്റല്ല. ഇവിടുത്തെ ബ്യൂറോക്രാറ്റ്സ് എഴുതിക്കൊടുത്ത ബഡ്ജറ്റ് അതേപടി വായിച്ചുവെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇവിടുത്തെ കർഷകരുടെ കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. കാളീശ്വരൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാർഷിക മേഖലയിൽ കൃഷിക്കാർക്ക് ടാക്സ് ഒഴിവാക്കിക്കൊടുത്തതാണ്. ദീപിക, മലയാള മനോരമ, മാതൃഭൂമി, ഇൻഡ്യൻ എക്സ്പ്രസ്സ് തുടങ്ങിയ പത്രങ്ങൾ അങ്ങ് കർഷകരോട് ചെയ്ത ദ്രോഹത്തിനെതിരായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അങ്ങ് ഇതിനെ ന്യായീകരിക്കാൻ ശ്രമിക്കുകയാണ്. ഇതിനെ ന്യായീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇറക്കിയ പത്രക്കുറിപ്പ് എന്റെ കൈവശമുണ്ട്. ആ പത്രക്കുറിപ്പിൽ എന്താണ് പറയുന്നത്? 5 ഹെക്ടർ മുതൽ 500 ഹെക്ടർ വരെയുള്ളവർക്ക് വീണ്ടും ആനുകൂല്യം കൊടുത്തു. വൻകിട കൃഷിക്കാർക്ക് ആനുകൂല്യം കൊടുക്കാൻ സൻമനസ്സ് കാണിച്ച അങ്ങ് ഒരു ഏക്കർ ഭൂമിയുള്ള പാവപ്പെട്ട കൃഷിക്കാരന്റെ മുതുകത്ത് നികുതി ഭാരം അടിച്ചേല്പിച്ച് നികൃഷ്ടൻ എന്ന പേര് വാങ്ങിയെടുക്കാൻ പോകുകയാണ്. നാളെ ഈ നികുതി നിർദ്ദേശം പിൻവലിക്കാതെ പോകാമെന്നാണോ അങ്ങ് വിചാരിക്കുന്നത്? നാളെ ഇത് പിൻവലിക്കുമെന്ന് എനിക്കറിയാം. പിൻവലിച്ചില്ലെങ്കിൽ കേരളത്തിലെ കർഷക മക്കൾ പിൻവലിപ്പിച്ച് അങ്ങയെ റോഡിലിറക്കും. ഞാൻ തന്റേടത്തോടുകൂടി പറയുകയാണ്. ഒരു ഏക്കർ റബ്ബർ ഭൂമി ഉണ്ടെങ്കിൽ ഒരു കൃഷിക്കാരന് 120 ദിവസം വെട്ടാം. അവൻ തന്നെയാണ് വെട്ടുന്നതെങ്കിൽ ഒരു ഏക്കർ റബ്ബർതോട്ടത്തിൽനിന്ന് 120 ദിവസം വെട്ടുമെങ്കിൽ 10 കിലോഗ്രാം കിട്ടും. അങ്ങനെയെങ്കിൽ 120 ഏക്കറിൽനിന്നും 1200 കിലോഗ്രാം കിട്ടും. കിലോഗ്രാമിന് 50 രൂപ വച്ച് നോക്കിയാൽ 50,000 രൂപകിട്ടും. കോമ്പൗണ്ടിംഗ് സംവിധാനവും ബഡ്ജറ്റ് നിർദ്ദേശവും തമ്മിൽ

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു ബന്ധവുമില്ലായെന്നതിന് സംശയമുണ്ടോ? കോമ്പൗണ്ടിംഗ് സംവിധാന മുണ്ടെങ്കിൽ 40,000 രൂപ മുതൽ 50,000 രൂപവരെ എന്തിനാണ് നികുതി ഏർപ്പെടു ത്തിയത്? ഇക്കാര്യം ബഡ്ജറ്റ് പ്രസംഗത്തിൽ 44, 45 പേജുകളിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. 40,000 രൂപവരെ നികുതിയില്ല. 5 ഹെക്ടറാണ് അംഗീകരിച്ചിരിക്കുന്നത്. ഇവിടെ 40,000 രൂപ കണക്കാക്കേണ്ട കാര്യമുണ്ടോ? പന്ത്രണ്ടര ഏക്കർ ഭൂമിയുള്ള റബ്ബർ അല്ലെങ്കിൽ കാപ്പി കൃഷിക്കാരന് ടാക്സ് എക്സംപ്റ്റ് ചെയ്യാൻ 40,000 രൂപയുടെ കണക്ക് പറയുന്നു. നാലു ലക്ഷം രൂപ കിട്ടുമല്ലോ! പിന്നെ 40,000 രൂപയുടെ കണക്ക് പറയണമോ? ആ ഒറ്റ കാരണംകൊണ്ട് ഈ നികുതി നിർദ്ദേശങ്ങൾ അങ്ങ് അറിയാതെ കൊണ്ടുവന്നതാണെന്ന് തെളിയുകയാണ്. ഈ നിർദ്ദേശം കറപ്ട് ആണെന്ന് ഇവിടെ തെളിയുകയാണ്. 40,000 രൂപ മുതൽ 60,000 രൂപവരെ 10%. അതിന്റെ അർത്ഥ മെന്താണ്? ഒരു ഏക്കർ ഭൂമിയുള്ള കൃഷിക്കാരൻ 2,000 രൂപ നികുതി കൊടുക്കണം. നികുതി കൊടുക്കുന്നതിലും കടുംകയ്യാണ് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇൻകം ടാക്സ് ഉദ്യോഗസ്ഥരുടെ ഹരാസ്മെന്റ്. പാവപ്പെട്ട കൃഷിക്കാരന് ഇവിടെ ജീവിക്കണ്ടേ? ഒരു ഏക്കറോ രണ്ട് ഏക്കറോ ഭൂമിയുണ്ടെങ്കിൽ സ്വന്തമായി കൃഷി ചെയ്താൽ പോരേ? അങ്ങനെ കൃഷി ചെയ്താൽപ്പോലും ഉല്പാദനച്ചെലവുപോലും കണക്കാക്കാതെ ഉദ്യോഗസ്ഥർ വീട്ടിൽക്കയറി ഹരാസ് ചെയ്യുന്ന നാണംകെട്ട നടപടി ഉണ്ട്. ശ്രീ. തച്ചടി പ്രഭാകരനാണ് ഇത് നിർത്തുന്നതിന് ആരംഭം കുറിച്ചത്. അതു കഴിഞ്ഞ് ബഹുമാന്യനായ ശിവദാസമേനോൻ വ്യക്തമായ നിയമം കൊണ്ടുവന്ന് കൃഷിക്കാരെ രക്ഷിച്ചു. അങ്ങ് കൃഷിക്കാരന്റെ അന്തകനായി മാറുന്ന നടപടി അംഗീകരിക്കാൻ കഴിയുകയില്ല. ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ മുഴുവൻ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുക യാണ്. വർത്തമാനകാല കേരളത്തിന്റെ ആവശ്യങ്ങളിൽ അധിഷ്ഠിതമായ ഒരു ബഡ്ജറ്റാണ് ഇത് എന്നുപറയുന്നതിൽ അതിയായ സന്തോഷമുണ്ട്. ആനുകൂല്യം ലഭിച്ചവർക്ക് ആഘോഷിക്കാനും വിദ്വേഷം ഉള്ളവർക്ക് വിമർശിക്കാനും വക കണ്ടെത്തു ന്നതിന് ഈ ബഡ്ജറ്റിൽ അവസരമുണ്ട്. കേരളത്തിന്റെ സമസ്ത മേഖലകളിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മൃദുലമായ കരപങ്കജം തലോടിപ്പോകുന്ന ചിത്രമാണ് ഈ ബഡ്ജറ്റിൽ കാണാൻ കഴിയുന്നത്. ഇത്ര നല്ല ജനപ്രിയ ബഡ്ജറ്റ് അവതരിപ്പിക്കാൻ മറ്റാർക്കും കഴിയുകയില്ലെന്ന ഒരു സർവ്വകാല റിക്കോർഡ് ഇവിടെ സ്ഥാപിച്ചിരിക്കുകയാണ്. പ്രതിപക്ഷത്തുനിന്ന് എതിർക്കാൻ മറ്റൊന്നുമില്ലാത്തതുകൊണ്ട് ഈ ബഡ്ജറ്റിനെ തെരഞ്ഞെടുപ്പ് ബഡ്ജറ്റ് എന്നുപറഞ്ഞ് ആക്ഷേപിക്കാൻ മാത്രമാണ് കഴിഞ്ഞിട്ടുള്ളത്. അത് അവരുടെ രാഷ്ട്രീയ പാപ്പരത്തമാണ് കാണിക്കുന്നത്. സി.പി.ഐ. (എം)-ന്റെ പരമ്പരാഗത ശൈലി മാറിയോയെന്ന് ഞാൻ സംശയിക്കുകയാണ്. പണ്ടൊക്കെ ബഡ്ജറ്റ് വരുമ്പോൾ സമരമുഖങ്ങൾ അഴിച്ചുവിടാറുണ്ട്. ഇപ്പോൾ ആ പരമ്പരാഗത സമരപരിപാടികൾ കാണുന്നില്ല. ബഡ്ജറ്റ് വരുമ്പോൾ വിലവർദ്ധന വാണെന്നു പറഞ്ഞ് സമരം ചെയ്യാറുണ്ട്. അവരുടെ മുദ്രാവാക്യം ഇന്ന് കേൾക്കുന്നില്ല. 'ഉപ്പിനുമുളകിനുകൊത്തംപാലിനു തൊട്ടതിനൊക്കെ തീവിലയായേ' എന്നു പറഞ്ഞുകൊണ്ട് സെക്രട്ടേറിയേറ്റിന്റെ നടയിൽപ്പോലും നിരന്തര സമരങ്ങൾ നടത്തുന്ന വർക്ക് ഇപ്പോൾ ബഡ്ജറ്റിനെക്കുറിച്ച് ഒന്നും പറയാൻ കഴിയാത്ത സ്ഥിതിയാണ്. ഈ കാലഘട്ടങ്ങളിൽ ഡി.എ.-യ്ക്കുവേണ്ടി നട്ടുച്ചയ്ക്ക് പന്തം കൊളുത്തി പ്രകടനം നടത്തിയ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഉദ്യോഗസ്ഥരായ സി.പി.ഐ. (എം.)-കാരെ ഇപ്പോൾ കാണുന്നില്ല. ഡി.എ. സമരത്തെക്കുറിച്ച് കേൾക്കുന്നില്ല. ചൂഷിത ചൂഷക വർഗ്ഗ സമരങ്ങൾ ഇന്ന് കേൾക്കുന്നില്ല. വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ബസ് ചാർജ്ജ് വർദ്ധനവ് എന്നിവക്കെതിരെ ഇപ്പോൾ സമരമില്ല. അതിൽനിന്നെല്ലാം മാർക്സിസ്റ്റ് പാർട്ടിക്ക് മാറി നിൽക്കേണ്ട സ്ഥിതിയിലേയ്ക്ക് കേരളത്തിന്റെ ബഡ്ജറ്റിനെ കൊണ്ടെത്തിച്ചിരിക്കുകയാണ്. കേരളത്തിന്റെ തൊഴിലില്ലാപടയ്ക്ക് തൊഴിൽ നൽകാൻ ബഡ്ജറ്റിൽ വക കണ്ടെത്തിയിരിക്കുകയാണ്. തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിൽ നൽകാൻ തൊഴിൽ ഭദ്രതാ പരിപാടി കൊണ്ടുവന്നിരിക്കുകയാണ്. തൊഴിൽ നഷ്ടപ്പെടാൻ സാദ്ധ്യതയുള്ള പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കാൻ പരമ്പരാഗത വ്യവസായ സഹായനിധി ഏർപ്പെടുത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വികസന രംഗത്താണെങ്കിൽ പാറശ്ശാല മുതൽ കാസർഗോഡ് വരെയുള്ള വിവിധ പിന്നോക്ക പ്രദേശങ്ങളെ വികസനത്തിന്റെ പാതയിലേയ്ക്ക് കൊണ്ടുവരാൻ മേഖലാ വികസന പദ്ധതി രൂപപ്പെടുത്തിയിരിക്കുകയാണ്. അതിൽ എന്റെ മണ്ഡലമായ കഴക്കൂട്ടവും ഉൾപ്പെട്ടിട്ടുണ്ട്. കഴക്കൂട്ടത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ സഹായത്തിന് അവിടത്തുകാർ നന്ദിയുള്ളവരാണ്. കഴക്കൂട്ടം പാർക്കുകളുടെ കേന്ദ്രമാണ്. ടെക്നോപാർക്ക്, അപ്പാരൽ പാർക്ക്, വീഡിയോ പാർക്ക്, ബയോടെക്നോളജി പാർക്ക്, ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങിയ പാർക്കുകളുടെ കേന്ദ്രമാണ്. ഇങ്ങനെ വ്യവസായ സംരംഭങ്ങളും സ്ഥാപനങ്ങളുമുള്ള കഴക്കൂട്ടത്ത് വ്യാപാരകേന്ദ്രത്തിന് അനുവദിച്ച തുക കുറവാണെന്നുള്ള ആക്ഷേപം ഉണ്ട്. കൂടുതൽ ആനുകൂല്യങ്ങൾ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയിൽനിന്ന് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴക്കൂട്ടത്തെ ചെമ്പഴന്തി ഗുരുകുലത്തിന് പണം അനുവദിച്ച സർക്കാരിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടും ഈ ബഡ്ജറ്റിനെ അനുകൂലിച്ചുകൊണ്ടും എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, പൊള്ളുന്ന യാഥാർത്ഥ്യങ്ങൾ മറച്ചുവയ്ക്കാതെ ബഹുമാനപ്പെട്ട ശങ്കരനാരായണൻ അവതരിപ്പിച്ച 2004-05-ലെ ബഡ്ജറ്റിനെ ഞാൻ പിന്താങ്ങുകയാണ്. സമൂഹത്തിലെ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് അനേകം ക്ഷേമ ജീവകാരുണ്യ പദ്ധതികൾ കൊണ്ടുവന്ന ഒരു ദയാ ബഡ്ജറ്റാണ് ഇത്. മാനുഷിക മുഖങ്ങൾ നൽകിയ ഈ ബഡ്ജറ്റിന് എല്ലാംകൊണ്ടും പ്രത്യേകതയുണ്ട്. കാലിക സാമ്പത്തിക രാഷ്ട്രീയ ചുറ്റുപാടുകൾ വച്ചുനോക്കുമ്പോൾ ഇതിനേക്കാൾ മെച്ചപ്പെട്ട ബഡ്ജറ്റ് ധനകാര്യ വിശാരദൻമാർക്കാർക്കും അവതരിപ്പിക്കാൻ കഴിയുകയില്ല. ഈ അവസരത്തിൽ എല്ലാ സാമ്പത്തിക പ്രതിസന്ധിയിലും അദ്ദേഹം അവതരിപ്പിച്ചത് ജനോപകാരപ്രദമായ ബഡ്ജറ്റ് ആണ്. "ഊമപ്പെണ്ണിന് ഉരിയാടാപയ്യൻ" എന്നു പറഞ്ഞതുപോലെ ഇന്നത്തെ സാഹചര്യത്തിൽ ഇതിനേക്കാൾ നന്നായി വേറൊരു ബഡ്ജറ്റ് കൊണ്ടുവരാൻ കഴിയുകയില്ല. ഗവൺമെന്റിന് ലഭിക്കേണ്ട പണം കൃത്യമായി പിരിച്ചെടുക്കുന്നതിൽ അദ്ദേഹം വളരെ വിദഗ്ദ്ധനാണ്. 360 കോടി രൂപയിൽനിന്ന് 446 കോടി രൂപയായി ഉയർത്തി പിരിച്ചെടുക്കേണ്ട തുക നടപ്പുസാമ്പത്തിക വർഷം 510 കോടി രൂപയിലെത്തുമെന്ന് പ്രതീക്ഷിക്കുകയാണ്. മാത്രമല്ല, 12-ാം ധനകാര്യ കമ്മീഷന്റെ ചെയർമാനായിരുന്ന ശ്രീരംഗരാജൻ, അവർക്ക് കിട്ടിയ നിവേദനങ്ങളിൽ ഏറ്റവും മികച്ചത് കേരളത്തിൽനിന്ന് സമർപ്പിച്ചതായിരുന്നുവെന്ന് പറയുകയുണ്ടായി. ധനകാര്യ കമ്മീഷൻ അതിന് വളരെയധികം വില കല്പിക്കുകയാണ്. 11-ാം ധനകാര്യ കമ്മീഷന്റെ അപാകതയെല്ലാം തീർത്തുകൊണ്ട് കേരളത്തിന് ആനുപാതികമായ

മെച്ചമുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. തൊഴിൽരഹിതരായ ചെറുപ്പക്കാരേയും കഷ്ട പ്പെടുന്ന കർഷകരേയും നിരാലംബരായ അധഃസ്ഥിത വർഗ്ഗത്തേയും മുന്നിൽ കണ്ടു കൊണ്ട് വളരെ അവധാനതയോടുകൂടിയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഇവിടെ നാല്പത്തിരണ്ടര ലക്ഷം തൊഴിൽരഹിതരായ ചെറുപ്പക്കാർ രജിസ്റ്റർ ചെയ്ത സ്ഥാനത്ത് ഇപ്പോൾ മുപ്പത്തിയെട്ടര ലക്ഷമായി കുറഞ്ഞിരിക്കുകയാണ്. ഇത് എങ്ങനെ യാണ് കുറഞ്ഞതെന്ന് പലരും ചോദിക്കും? തൊഴിൽ കിട്ടിപോകുന്നത് കൊണ്ടാണ് കുറഞ്ഞത്. ഓരോ വർഷവും രജിസ്ട്രേഷൻ നടക്കുമ്പോൾത്തന്നെ ആനുപാതിക വർദ്ധനവ് ഉണ്ടാകുമ്പോഴും ഇത്തരത്തിൽ കുറഞ്ഞത് നിസ്സാര സംഭവമല്ല. ഇത്തര ത്തിലുള്ള കുറവ് ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇത് ഏറ്റവും വലിയ നേട്ടമാണ്. കാലിയായ ഖജനാവുമായി അധികാരം ഏറ്റെടുത്ത ഗവൺമെന്റ് അത്ഭുതം സൃഷ്ടിച്ചു എന്ന പറയുന്നില്ല. കേരളത്തെ സംബന്ധി ച്ചിടത്തോളം സ്വപ്നങ്ങൾ സാക്ഷാൽകരിക്കാനുള്ള കഠിനപ്രയത്നവുമായി മുന്നോട്ടു പോകുന്ന ഗവൺമെന്റാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. കുടുംബശ്രീയുടെ പുതിയ യൂണിറ്റു മുഖേന 50,000 പേർക്ക് തൊഴിൽ കൊടുക്കുമെന്ന് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. കുടുംബശ്രീയെന്നു പറയുമ്പോൾ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ യൂണിറ്റുകൾ നടപ്പിലാക്കുന്ന പദ്ധതിയാണ്. ഇത് തീർച്ചയായും അഭിനന്ദനാർഹമാണ്. പിന്നോക്ക പ്രദേശങ്ങളിലെ എല്ലാ കുടുംബ അംഗത്തിനും തൊഴിൽ ഉറപ്പുവരുത്തുന്ന പദ്ധതി യാണ്. ഇതുവരെ ആർക്കും ഇത് കൊണ്ടുവരാൻപോലും കഴിഞ്ഞിട്ടില്ല. കാർഷിക-വ്യാവസായിക മേഖലയിൽ 127 കോടി രൂപയുടെ പ്രത്യേക പദ്ധതി ബഡ്ജറ്റിൽ വിഭാവന ചെയ്തിട്ടുണ്ട്. പാട്ടക്കൃഷി ഭൂമി ഏറ്റെടുക്കുന്ന സംവിധാനം ഏർപ്പെടുത്തുമ്പോൾ അത് ദോഷകരമായി ബാധിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കു കയാണ്. ഇൻഡ്യയിൽ ആദ്യമായി മംഗല്യ ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവന്നു. ഒരു മകൾ മാത്രമേ ഉള്ളുവെങ്കിലും പുരനിറഞ്ഞുനിൽക്കുന്ന പെൺകുട്ടിയുടെ വിഷമവും വേദനയും അറിയുന്ന ഒരു ധനകാര്യ വകുപ്പുമന്ത്രിയാണ് ഇവിടെ ഉള്ളത്. ഒരു അച്ഛന്റെ വേദന അറിയുന്ന അദ്ദേഹം ഇവിടെ പ്രഖ്യാപിച്ച പദ്ധതിയിൽ 14 വയസ്സു മുതൽ എന്നുള്ളത് ഒരു ചെറിയ ഭേദഗതി വരുത്തണം. 14 വയസ്സു മുതൽ എട്ടു വർഷംകൊണ്ട് 10,000 ഉറുപ്പിക കൊടുക്കുമെന്ന് പറയുമ്പോൾ 22 വയസ്സ് ആയാലേ കിട്ടുകയുള്ളു. 18 വയസ്സായി കഴിഞ്ഞാൽ വിവാഹപ്രായമെത്തും. അത് 10 വയസ്സിനുമേൽ എന്നാക്കി ഭേദഗതി വരുത്തണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുക യാണ്. അടച്ചുപൂട്ടിയ തോട്ടം തൊഴിലാളികളുടെ മക്കൾക്ക് പ്രത്യേക പദ്ധതിയെന്നു പറഞ്ഞാൽ നിസ്സാരമായ സംഭവമല്ല. വയനാട്, ഇടുക്കി അടക്കമുള്ള ജില്ലകളിലെ അടച്ചു പൂട്ടിയ തോട്ടം തൊഴിലാളികളുടെ മക്കളെക്കുറിച്ച് അറിയുന്നവർക്ക് അറിയാം. പട്ടിണിയിൽ കഴിയുന്ന അവർക്ക് നേരത്തെ സൗജന്യ റേഷൻ കൊടുത്തു; ഇപ്പോൾ വിദ്യാഭ്യാസവും ഏറ്റെടുത്തു. അവർക്ക് എല്ലാവിധ ക്ഷേമപ്രവർത്തനങ്ങളും നടത്തുന്ന ഈ ഗവൺമെന്റിന്റെ ബഡ്ജറ്റിനെ ഞാൻ അനുമോദിക്കുകയാണ്. അതുപോലെ ആശ്രയ പദ്ധതിക്ക് 50 കോടി രൂപ കൊടുത്തത് ഗ്രാമ പഞ്ചായത്തു മുതൽ നടപ്പിലാക്കുകയാണ്. അതിൽ രാഷ്ട്രീയമില്ല. അഗതി അവശ സംരക്ഷണത്തിനും ദാരിദ്ര്യ നിർമ്മാർജ്ജന ത്തിനും വേണ്ടിയുള്ള ഒരു പദ്ധതിയാണ്. വികലാംഗ പെൻഷൻ കൊടുത്തതിനെപ്പോലും വിമർശിച്ചു. വികലാംഗ പെൻഷൻ 110 രൂപ എന്നുള്ളത് 150 രൂപയാക്കണമെന്ന് അനേക വർഷങ്ങളായി ആവശ്യപ്പെടുന്ന കാര്യമാണ്. അതിനെ അംഗീകരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

അഭിനന്ദിക്കുകയും ചെയ്യുന്നതിനുപകരം അതിനെപ്പോലും വിമർശിച്ചവരാണ് അപ്പുറത്തിരിക്കുന്നവർ. ഇത് ഈ സമൂഹത്തിനുതന്നെ നാണക്കേടാണ്. അലക്ക്, ബാർബർ തുടങ്ങിയ ഒട്ടേറെ അവശതയനുഭവിക്കുന്ന പീഡിത തൊഴിലാളികൾക്കുള്ള ബഡ്ജറ്റ് പ്രഖ്യാപനം ഈ ഗവൺമെന്റിന്റെ മാറ്റ് വർദ്ധിപ്പിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പീഡിത തൊഴിലാളികൾക്കും മറ്റ് കർഷക തൊഴിലാളികൾക്കും പെൻഷൻ കൊടുക്കുമെന്ന് പറഞ്ഞു. അതിനെയെങ്കിലും അഭിനന്ദിക്കാനുള്ള പ്രത്യേക ആർജ്ജവം കാണിക്കേണ്ടിയിരുന്നു. അത് കാണിച്ചില്ല. ജീവനക്കാർക്ക് 10% ക്ഷാമബത്ത കൊടുക്കുമെന്ന കാര്യത്തിലും ഒന്നും പറഞ്ഞില്ല. അതിനെ അഭിനന്ദിച്ചില്ലെങ്കിലും എതിർക്കാതിരുന്നാൽ മതിയായിരുന്നു. അതും ചെയ്തില്ല. വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ് കാർഷിക മേഖല. ജൈവകൃഷിക്ക് പുതിയ ലബോറട്ടറി കൊടുത്തു. ആധുനിക മേഖലയിൽ കയറ്റുമതി വർദ്ധിപ്പിക്കാനുള്ള പ്രഖ്യാപനങ്ങൾ നടത്തുന്നതോടൊപ്പം അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് നടപ്പിലാക്കുന്നതിനെക്കുറിച്ചുകൂടി ഒരു പ്രധാനപ്പെട്ട കാര്യം ചൂണ്ടിക്കാണിക്കാനുണ്ട്. കഴിഞ്ഞ രണ്ടു വർഷമായി അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് കമ്പനികൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. ഇപ്പോൾ കമ്പനികളിൽ നിന്ന് മാറ്റി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആകുമ്പോഴേക്കും സാധാരണക്കാരായ ഇടത്തരം കർഷകരെ സംബന്ധിച്ചിടത്തോളം കണക്കു പുസ്തകവുമായി ഉദ്യോഗസ്ഥരെ സമീപിക്കേണ്ട ഒരു ദുഃസ്ഥിതി ഉണ്ട്. കാരണം കിലോഗ്രാമിന് 125 രൂപ കിട്ടിക്കൊണ്ടിരുന്ന കാപ്പിക്ക് ഇപ്പോഴും 20 രൂപയാണ് കിട്ടുന്നത്. അതുപോലെ കുരുമുളകിന് കിലോഗ്രാമിന് 270 രൂപ കിട്ടിക്കൊണ്ടിരുന്ന സ്ഥാനത്ത് ഇപ്പോൾ 80 രൂപയാണ് കിട്ടുന്നത്. കിലോഗ്രാമിന് 1,000 രൂപ കിട്ടിക്കൊണ്ടിരുന്ന ഏലത്തിന് ഇപ്പോൾ 250 രൂപയാണ് കിട്ടുന്നത്. അതുകൊണ്ട് അഗ്രികൾച്ചറൽ ഇൻകംടാക്സ് കഴിഞ്ഞ വർഷം ചെയ്തതുപോലെ കമ്പനികൾക്കു മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ട് ഇടത്തരം കർഷകരെ അതിൽനിന്ന് ഒഴിവാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ വിദ്യാഭ്യാസ മേഖലയുടെ നിലവാരം മെച്ചപ്പെടുത്തുകയാണ് നമ്മുടെ ഏറ്റവും പുതിയ ആവശ്യം. വിദ്യാഭ്യാസ മേഖലയ്ക്ക് അനുവദിച്ചിട്ടുള്ള 55 കോടി രൂപ 75 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. അത് സ്വാഗതാർഹമാണ്. അതോടൊപ്പംതന്നെ വിദ്യാഭ്യാസ മേഖലയിൽ ഇപ്പോഴും അസന്തുലിതാവസ്ഥ നിലനിൽക്കുകയാണ്. അൺഇക്കണോമിക് ആണെന്നു പറഞ്ഞ് സ്കൂളുകൾ അടച്ചുപൂട്ടുമ്പോഴും വയനാട്, കോഴിക്കോട് ജില്ലകളിലടക്കം ആദിവാസി-ഗിരിവർഗ്ഗ പിന്നോക്ക മേഖലകളിലെ കുട്ടികൾക്ക് സ്കൂളിൽ പോകാൻ ആറും ഏഴും കിലോമീറ്റർ നടക്കണം. അതുകൊണ്ട് അടച്ചുപൂട്ടാതെ ആവശ്യമുള്ള സ്ഥലങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യാനുള്ള തീരുമാനമുണ്ടാകണം. സാമ്പത്തിക നഷ്ടമോ മറ്റ് ബുദ്ധിമുട്ടുകളോ ഇല്ല. പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കിയ ഈ സാഹചര്യത്തിൽ സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുപകരം ആവശ്യമുള്ള സ്ഥലങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെൻറ് പ്ലസ് ടു സ്കൂളുകൾ വാരിക്കോരി കൊടുത്തു. ഒരു ഭാഗത്ത് 210 മാർക്കുള്ള കുട്ടികൾക്ക് സീറ്റ് കിട്ടുമ്പോൾ 525-ഉം 550-ഉം മാർക്കുള്ള കുട്ടികൾക്ക് ചിലയിടങ്ങളിൽ സീറ്റ് കിട്ടുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് മേഖലയിൽ കൂടുതൽ പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്നതിനുള്ള നടപടി ഉണ്ടാകണം. നിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം തന്നെ വൈദ്യുത മേഖലയിൽ കടബാധ്യത ഏറ്റെടുത്തുകൊണ്ട് ജനങ്ങളുടെ മേൽ വൈദ്യുതി ചാർജ്ജ് അടിച്ചേൽപ്പിക്കുന്ന നടപടി ഒഴിവാക്കിയ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. 1150 കോടി രൂപയുടെ കമ്മി വരുത്തിയ ഈ തീരുമാനത്തോടൊപ്പംതന്നെ ഇനിയുള്ള കാലങ്ങളിലും പ്രസരണ നഷ്ടംപോലുള്ള നടപടികൾ സുതാര്യമാക്കുന്നതിന് ശക്തമായ നടപടി ഉണ്ടാകണം. 23% വരുമാനം ഉണ്ടാക്കിത്തരുന്ന ഒരു വിഭാഗമാണ് പ്രവാസി മലയാളികൾ. അവർ ആവശ്യത്തിന് പണം തരാൻ തയ്യാറാണ്. 600-ഉം 700-ഉം ദിർഹം ശമ്പളം വാങ്ങിക്കുന്ന സാധാരണക്കാരായ ആളുകൾ മാസം 300 റിയാൽവച്ച് ഡെപ്പോസിറ്റ് ചെയ്യാൻ തയ്യാറാണ്. ലക്ഷക്കണക്കിന് ആളുകളുണ്ട്. അവർക്ക് ക്ഷേമപ്രവർത്തനം നടത്താനും വായ്പ കൊടുക്കാനും ഡെപ്പോസിറ്റ് വാങ്ങി ഡിവിഡന്റ് കൊടുക്കത്തക്കവിധത്തിൽ കാശ് വിനിയോഗിക്കാൻ കഴിയുന്ന ഒരു ധനകാര്യ കോർപ്പറേഷൻ പ്രവാസി മലയാളികൾക്കുവേണ്ടി ആവിഷ്കരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ മുസ്ലീം, നാടാർ, ലാറ്റിൻ കാത്തലിക്, ഈഴവ എന്നീ സമുദായങ്ങളിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന അവശ വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവർക്കായി നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കുന്നതിനുവേണ്ടി ക്യാബിനറ്റ് ഡിസിഷൻ എത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. അതിന്റെ നടപടികൾ ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെട്ട്, ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ നിറഞ്ഞ മനസ്സോടുകൂടി സ്വാഗതം ചെയ്യുകയാണ്. കേരളത്തിന്റെ പുരോഗതിക്ക് പ്രത്യേകിച്ച് മലയോര മേഖലയുടെ സമഗ്രമായ വികസനത്തിന് മുൻഗണന നൽകിക്കൊണ്ട് അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ അഭിനന്ദിക്കുകയാണ്. ഞാൻ 1989-ലാണ് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടു വരുന്നത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി അപ്പുറത്തും ഇപ്പുറത്തുമായി ബഡ്ജറ്റിന്റെ പൊതുചർച്ചയ്ക്ക് അവസരമുണ്ടായിരുന്നു. ഇത്രയും ദുർബലമായ വിമർശനങ്ങളുള്ള ചർച്ച ഇന്നുവരെ കേട്ടിട്ടില്ല. ചർച്ച തുടങ്ങിവച്ച പ്രതിപക്ഷ നേതാവുപോലും ഒരു ചടങ്ങിനുവേണ്ടി എന്തോ പറഞ്ഞുപോയതല്ലാതെ ഈ ബഡ്ജറ്റിനെക്കുറിച്ചുണ്ടായ വിമർശനങ്ങളെന്നു പറയുന്നത് വിമർശനത്തിനുവേണ്ടിയുള്ള വിമർശനം മാത്രമാണ്. കാര്യമായി ഒന്നും പറയാനില്ല. ഇവിടെ ആകെ പറഞ്ഞുകേട്ടത് ബഡ്ജറ്റ് ഒരു ജനകീയ ബഡ്ജറ്റ് ആണ് എന്നാണ്. ജനങ്ങൾ ഇഷ്ടപ്പെടുന്ന ഒരു ബഡ്ജറ്റ് എന്നു പറയുന്നത് കുറ്റമായി ചൂണ്ടിക്കാണിക്കുകയാണ്. ഞങ്ങൾ ഒരു ജനദ്രോഹ ബഡ്ജറ്റ് അവതരിപ്പിക്കണോ? ജനങ്ങളുടെ വികാരം മനസ്സിലാക്കുന്നതാണ് ഒരു ഗവൺമെന്റിന്റെ ചുമതല. രണ്ടര കൊല്ലം മുമ്പ് ശ്രീ. കെ. ശങ്കരനാരായണൻ ധനകാര്യ മന്ത്രിയായി ചുമതല ഏൽക്കുമ്പോൾ ഉണ്ടായിരുന്ന ഏറ്റവും തകർന്ന സാമ്പത്തിക അവസ്ഥയിൽനിന്ന് ഈ നാടിന് മോചനം ഉണ്ടാകണ്ടേ? കടക്കെണിയിൽനിന്ന് കേരളത്തിന് മോചനമുണ്ടായി. "അരിമണിയൊന്ന് കൊറിക്കാനില്ല, തരിവളയിട്ട് കിലുക്കാൻ മോഹം" എന്നു പറയുന്നതുപോലെ മോഹങ്ങൾ മാത്രമല്ല ഇന്നുള്ളത്. രണ്ടര കൊല്ലംകൊണ്ട് കേരളത്തിന്റെ സമ്പദ്ഘടനയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടായി. പ്രതിപക്ഷത്തിനു പോലും വിമർശിക്കാനാകാത്ത നിലയിൽ ശ്രദ്ധേയമായ പുരോഗതി ഉണ്ടായി. ഈ നിലയിൽ കേരളത്തിൽ സാമ്പത്തിക രംഗത്തുണ്ടായ മാറ്റങ്ങളെ ദയവായി കാണാതെ പോകരുത്. ഒറ്റവാക്കിൽ പറഞ്ഞാൽ ഇത് ഒരു വികസനോൻമുഖമായ, മാനുഷിക മുഖമുള്ള ഒരു ബഡ്ജറ്റാണ്. ഇവിടെ മലയോര മേഖലയുടെ സമഗ്രമായ വികസന

LIBRARY ARCHIVES Kerala Legislative Assembly

ത്തിനുവേണ്ടി സഹായകമായ മലയോര വികസന അതോറിറ്റി കേരളത്തിലെ മലയോര മേഖലയുടെ വലിയൊരു ആഗ്രഹമായിരുന്നു. കഴിഞ്ഞ 25 കൊല്ലമായി പലരും പറയുന്ന കാര്യമാണ്. അതോറിറ്റിക്കുവേണ്ടി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുമെന്ന് ഈ ബഡ്ജറ്റിൽ അദ്ദേഹം പ്രഖ്യാപിച്ചു. അതു മാത്രമല്ല, മലയോര മേഖലയ്ക്കും തീരദേശത്തിനുവേണ്ടിയുള്ള അതോറിറ്റികൾക്ക് ഏഴരക്കോടി രൂപവീതം 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരളത്തിന്റെ മലയോര മേഖലയിൽ വലിയ ആഹ്ലാദമാണ്. മലയോര മേഖലയുടെ വികസനത്തിനുവേണ്ടി അങ്ങ് കാണിച്ച താല്പര്യം ഞങ്ങൾ വളരെ നന്ദിയോടെ സ്മരിക്കുകയാണ്. ' 1954-ലെ ചന്ദ്രഭാനു കമ്മീഷൻ കാലംതൊട്ട് പറയുന്ന ഒരു കാര്യമാണ് ഹിൽ ഹൈവേ. യാഥാർത്ഥ്യമായില്ല, ഈ ഗവൺമെന്റിന്റെ കാലത്ത് ഹിൽ ഹൈവേയുടെ പഠനത്തിനുവേണ്ടി നാട്പാക്കിനെ ചുമതലപ്പെടുത്തി. 2003 ജൂലായിൽ നാട്പാക്ക് സമഗ്രമായ ഒരു റിപ്പോർട്ട് സമർപ്പിച്ചു. ഇത്തവണത്തെ ബഡ്ജറ്റിൽ ഹിൽ ഹൈവേയ്ക്കുവേണ്ടി 10 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. അതിൽ മലയോര മേഖലയെ ബന്ധിപ്പിക്കുന്ന കാസർകോഡ് പണ്ടാരക്കടവ് മുതൽ തിരുവനന്തപുരം വരെ ബന്ധിപ്പിക്കുന്ന ഒരു വലിയ മലയോര റോഡ് ശൃംഖല ഉണ്ടാകാൻ പോകുന്നു. ചെറിയ കാര്യമാണോ? എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്, 10 കോടി രൂപ മാത്രം പോരാ, കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഭാഗമായി ഹിൽ ഹൈവേയുടെ പ്രവർത്തനം മാറ്റത്തക്കവിധത്തിൽ പദ്ധതി ഉൾപ്പെടുത്തണം. നബാർഡിന്റെ സഹായവും വാങ്ങിക്കണം. വടക്കൻ മലബാറിന്റെ ടൂറിസം വികസനത്തിന് ശ്രദ്ധേയമായ ഒന്നാണ് പൈതൽമലയുടെ വികസനം. 1.00 P.M] അതിന് ബഡ്ജറ്റ് തുക വകകൊള്ളിച്ചു. കണ്ണൂർ ജില്ലയ്ക്ക് മുഴുവൻ സഹായകമായ മടമ്പം റഗുലേറ്റർ-കം-ബ്രിഡ്ജിനുവേണ്ടി 2 കോടി രൂപ വകകൊള്ളിച്ചു. അങ്ങനെ കേരളത്തിന്റെ ഗ്രാമീണ മേഖലയുടെ പ്രശ്നങ്ങൾ തൊട്ടറിഞ്ഞ് മനസ്സിലാക്കി അദ്ദേഹം അത്തരം മേഖലകൾക്കുവേണ്ടിയെല്ലാം തുക വകകൊള്ളിച്ചിട്ടുണ്ട്. അത് ചെറിയ കാര്യമാണോ? ഇവിടെ ശ്രീ. പി. സി. ജോർജ്ജ് അവസാനം പറഞ്ഞു, ആടിനെ പട്ടിയാക്കുകയാണ് എന്ന്. വിമർശിക്കാനൊന്നുമില്ല. ഇപ്പോൾ എന്താണ് പറയുന്നത്? കാർഷികാദായ നികുതിയിൽ മാറ്റം വരുത്തി, കേരളത്തിലെ കർഷകരോട് എന്തോ വലിയ ദ്രോഹം ചെയ്തു എന്നാണ്. ഞാൻ ഈ ബഡ്ജറ്റ് പല ആവർത്തി വായിച്ചുനോക്കി. പാരഗ്രാഫ് 210-ലും 211-ലും എന്താണ് പറയുന്നത്. ഇതിനനുസൃതമായ മാറ്റങ്ങൾ കാർഷികാദായനികുതി നിയമത്തിലെ 39-ാം വകുപ്പിൽ വരുത്താനുദ്ദേശിക്കുന്നു. തന്മൂലം 2 കോടി രൂപയുടെ വരുമാന നഷ്ടമുണ്ട് എന്നാണ് പറഞ്ഞിരിക്കുന്നത്.

മി. സ്പീക്കർ: 2 കോടി രൂപയുടെ വരുമാന നഷ്ടമാണ് എന്നതാണോ ഫാക്ട്? പക്ഷേ എങ്ങനെയോ ഒരു തെറ്റിദ്ധാരണ കർഷകർക്ക് വന്നിരിക്കുന്നല്ലോ? അതൊന്ന് മാറ്റണമല്ലോ.

ശ്രീ. കെ. സി. ജോസഫ്: അത് മന്ത്രി പറയണം. ടാക്സ് ഏർപ്പെടുത്തിയാൽ വരുമാനം കുറയുമോ? ടാക്സ് ഏർപ്പെടുത്തി എന്നു പറയുന്നു. സർക്കാരിന്റെ കണക്കിൽ വരുമാന നഷ്ടം. അങ്ങനെ വരുമോ? ആടിനെ പട്ടിയാക്കുന്നതുപോലെ ഇത് പറഞ്ഞ് പ്രചരിപ്പിക്കുകയാണ്. എനിക്ക് അപേക്ഷിക്കാനുള്ളത് ധനകാര്യ വകുപ്പു മന്ത്രി ഉത്തരം പറയുമ്പോൾ ഈ സംശയം മാറ്റണം എന്നാണ്. ഇവിടെ ആകെ ചെയ്തത് എന്താണ്? കാർഷികാദായ നികുതി നിയമം അനുസരിച്ച് 5 ഹെക്ടർ

LIBRARY ARCHIVES Kerala Legislative Assembly

വരെയുള്ളവരെ ഒഴിവാക്കി. വീണ്ടും ടാക്സ് ഏർപ്പെടുത്തിയെന്ന് ഇവിടെ പറയുന്നതു കേട്ടു. ആരുടെയോ മനസ്സിലുണ്ടായ ദുർവ്യാഖ്യാനമാണിത്. ഇവിടെ നാല്പതിനായിരം രൂപവരെയുള്ള നികുതിദായകർക്ക് നിലവിൽ ടാക്സ് ഇല്ല. പുതിയതിലും ടാക്സ് ഇല്ല. നാല്പതിനായിരം രൂപയ്ക്കുമീതെ അൻപതിനായിരം രൂപ വരെയുള്ളവർക്ക് നിലവിൽ 20% ടാക്സ് ഉണ്ടായിരുന്നത് എടുത്തുകളഞ്ഞു. അമ്പതിനായിരം രൂപയ്ക്ക് മീതെ അറുപതിനായിരം രൂപവരെയുള്ളവർക്ക് രണ്ടായിരം രൂപയും അമ്പതിനായിരം രൂപയ്ക്ക് മീതെ വരുന്നവർക്ക് മുപ്പത് ശതമാനം ടാക്സ് നിലവിലുണ്ട്. അങ്ങനെ കാർഷികമേഖലയ്ക്കുണ്ടായ വിലത്തകർച്ചകൊണ്ട് കൃഷിക്കാരെ സഹായിക്കാൻ ആനുകൂല്യം വർദ്ധിപ്പിച്ചപ്പോൾ ഇവിടെ പ്രചരിപ്പിക്കുന്നത് എന്തോ വലിയ നികുതി അടിച്ചേല്പിച്ച് കൃഷിക്കാരെ ഈ ഗവൺമെന്റ് പിന്നിൽനിന്ന് കുത്തിയെന്നാണ്. ബഹുമാന്യനായ മന്ത്രി നാളെ മറുപടി പറയുമ്പോൾ അത് വ്യക്തമാക്കണം. ഈ ബഡ്ജറ്റിൽ എത്രയോ വലിയ ക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്നു. പ്രത്യേക തൊഴിൽദാന പദ്ധതിക്കുവേണ്ടി 127 കോടി രൂപ ഉണ്ട്. കേരളത്തിലെ ഗ്രാമങ്ങളിൽ നടക്കുന്ന നിശബ്ദ വിപ്ലവമാണ് കുടുംബശ്രീ പദ്ധതി. കുടുംബശ്രീക്കുവേണ്ടി 50 കോടി രൂപ, ക്ലീൻ കേരള പദ്ധതി, അക്ഷയ പദ്ധതി എന്നിവ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിന് 75 കോടി രൂപ, കയർ മേഖലയുടെ റീഹാബിലിറ്റേഷൻ പ്രോജക്ടിന് 5 കോടി രൂപ, കൈത്തറിക്കുവേണ്ടി 9.7 കോടി രൂപ, നെൽകൃഷി വികസനത്തിന് 10.8 കോടി രൂപ, കേര കൃഷിക്ക് 9.75 കോടി രൂപ, വാനില കൃഷിക്ക് 2 കോടി രൂപ, പ്രൈസ് സ്റ്റെബിലിറ്റി നടപ്പിലാക്കാൻ പോകുന്നു. അഗതികൾക്കും അവശർക്കും വേണ്ടിയുള്ള സംരക്ഷണത്തിനായി 50 കോടി രൂപ, സ്നേഹതീരം നടപ്പാക്കാൻ 1 കോടി രൂപ, മംഗല്യ ഇൻഷ്വറൻസിന് 12 കോടി രൂപ. അങ്ങേയ്ക്ക് അറിയാം. ബഹുമാന്യനായ വരദരാജൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹമാണ് കേരളത്തിൽ ആദ്യമായി അവശന്മാരും ആലംബഹീനരുമായ കുട്ടികൾക്കുവേണ്ടി ഉച്ചക്കഞ്ഞി ഏർപ്പെടുത്തിയത്. അദ്ദേഹം നിരുദ്ധകണ്ഠമായി ഈ സഭയിൽ പ്രസംഗിച്ചത് എനിക്ക് ഓർമ്മയുണ്ട്. അതൊരു ഗേൾസെയിലിന്റെ കാലമായിരുന്നു. എല്ലാപേരും പറയും ഗേൾ സെയിൽ. പക്ഷേ, പെൺകുട്ടി വീട്ടിൽ ഉണ്ടായാൽ അച്ഛന്റേയും അമ്മയുടേയും മനസ്സിൽ ആധിയാണ്. പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളെ കെട്ടിച്ചയയ്ക്കണം. ബഹുമാനപ്പെട്ട ശങ്കരനാരായണൻ ഈ വികാരം ഉൾക്കൊണ്ടുകൊണ്ട് മംഗല്യ ഇൻഷ്വറൻസ് സ്കീം പ്രഖ്യാപിച്ചു. അദ്ദേഹത്തിന് ആയിരം പുണ്യം കിട്ടും. 14 വയസ്സു മുതൽ 8 കൊല്ലം പ്രീമിയം ഗവൺമെന്റ് അടയ്ക്കും. 22-ാം വയസ്സിൽ പതിനായിരം രൂപ സർക്കാർ കൊടുക്കും. ഇവിടെ ശ്രീ. സി. മമ്മൂട്ടി പറഞ്ഞതുപോലെ എനിക്ക് പറയാനുള്ളത് 22 വയസ്സുവരെ കാത്തിരിക്കാൻ പ്രയാസമായിരിക്കും. ഗ്രാമപ്രദേശങ്ങളിൽ പെൺകുട്ടികളുടെ വിവാഹപ്രായം പതിനെട്ടും ഇരുപതുമൊക്കെയാണ്. 22 വയസ്സുവരെ കാത്തിരിക്കാൻ പറയുന്നത് ശരിയല്ല. അതുകൊണ്ട് ഈ പദ്ധതി 10 വയസ്സിൽ ആരംഭിച്ച് 18 വയസ്സിൽ പ്രഖ്യാപിക്കണം. ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റ് പരാജയമാണെന്ന് ഇവിടെ നേരത്തെ പറഞ്ഞു. അവർ ആഹ്ലാദിക്കുകയാണ്. കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ രംഗത്തുണ്ടായ ശ്രദ്ധേയമായ മാറ്റങ്ങൾ പ്രതിപക്ഷം പറയുന്നത് 'ജിം' പരാജയപ്പെട്ടുപോയി എന്നാണ്. ആരാണ് പരാജയപ്പെടുത്തിയത്? ഈ ഗവൺമെന്റ് നിശ്ചയദാർഢ്യത്തോടുകൂടി 'ജിം'-ലൂടെ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ ആരംഭിച്ചു. ആദ്യമേ ഡി.വൈ.എഫ്.ഐ. പ്രഖ്യാപിച്ചു 'ജിം' വന്നാൽ തടയുമെന്ന്. പിന്നീട് ഇങ്ങോട്ട് കഴിഞ്ഞ രണ്ടുകൊല്ലം ആഴ്ചയിൽ നാല് ബന്ദും മൂന്ന് ഹർത്താലും നടത്തിയാൽ കേരളത്തിലേയ്ക്ക് ആരുവരും? ഞങ്ങളുടെ കുഴപ്പമാണോ? കഴിഞ്ഞ രണ്ട് മാസമായി സമരങ്ങളില്ല. എന്താണ് കാര്യം? അവർ വിചാരിച്ചു ഇനി സമരമൊന്നും വേണ്ട. ശ്രീ. അച്ചുതാനന്ദൻ 40 പേരുടെ ഫിക്സഡ് ഡെപ്പോസിറ്റുമായി ഇവിടെ കാത്തിരിക്കുകയായിരുന്നു. ഭരണകക്ഷിയാകാൻ പോവുകയാണല്ലോ. അതുകൊണ്ട് സമരം നിർത്തിവച്ചു. ഇന്നലെ വീണ്ടും ആരംഭിച്ചു. കാരണം സംഗതി പാളി എന്ന് മനസ്സിലായി. ഇന്നലെ വീണ്ടും ഡി.വൈ.എഫ്.ഐ. കേരളത്തിൽ സമരം ആരംഭിച്ചു. താലൂക്ക് ഓഫീസുകളും മറ്റും ബ്ലോക്ക് ചെയ്തു. നിരന്തരമായ സമരങ്ങളിലൂടെ വ്യവസായ രംഗത്തുണ്ടായ അനുകൂലമായ സാഹചര്യം തകർത്ത നിങ്ങൾ ആരെയാണ് കുറ്റപ്പെടുത്തുന്നത്?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഹർത്താലും അതുപോലുള്ള പൊതുസമര പരിപാടികളുമൊക്കെ പൊതുവായ ആവശ്യങ്ങൾ വളർന്നുവരുമ്പോൾ ഉണ്ടാകാറുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിക്കുവേണ്ടി കഴിഞ്ഞ ദിവസം കോട്ടയം ജില്ലയിൽ ഹർത്താലിന് ആഹ്വാനം ചെയ്തത് ശ്രീ. ഉമ്മൻചാണ്ടിയും കോട്ടയം ഡി.സി.സി. പ്രസിഡന്റ് ഉൾപ്പെടെയുള്ള അവിടത്തെ മുഴുവൻ രാഷ്ട്രീയ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും ഒന്നിച്ചല്ലേ? അതുപോലുള്ള പൊതു വിഷയങ്ങളിൽ സമരം വളർന്നുവരുമ്പോൾ അത് നിഷേധിക്കുകയാണോ?

ശ്രീ. കെ. സി. ജോസഫ്: കഴിഞ്ഞ രണ്ട് മാസം മുമ്പുവരെ ഡി.വൈ.എഫ്.ഐ.-യും എസ്.എഫ്.ഐ.-യും, മഹിളാ സംഘടനകളും, നിങ്ങളും സമരങ്ങളിലൂടെ കേരളത്തിൽ പ്രശ്നങ്ങളുണ്ടാക്കാൻ രംഗത്തുവരികയായിരുന്നു. നിരന്തരമായ സമരങ്ങളിലൂടെ നിക്ഷേപം വന്നാൽ അതിനെ തടഞ്ഞുനിർത്തുന്നു. ആരു വരും കേരളത്തിലേക്ക്? ഇന്ന് നിങ്ങൾ അത് നിറുത്തിവച്ചതിന്റെ ഉദ്ദേശം മനസ്സിലായി. ദയവായി ഈ നയം മാറ്റണം. കേരളത്തിന്റെ വികസനം നമ്മുടെയെല്ലാം പൊതുവായ കാര്യമാണ്. ഈ ഗവൺമെന്റിന്റെ സമീപനം സമവായത്തിന്റെ പാതയാണ്. നമ്മൾ ആഗ്രഹിക്കുന്നത് കേരളത്തിന്റെ വികസനത്തിൽ നിങ്ങളുടെ പങ്കാളിത്തവും സഹകരണവും ഉണ്ടാകണമെന്നാണ്. പക്ഷേ തെരഞ്ഞെടുപ്പായപ്പോൾ സമരത്തിന്റെ അന്തരീക്ഷവുമായി ഇന്നലെ വീണ്ടും സമരം ആരംഭിച്ചിരിക്കുകയാണ്. കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന് ജനങ്ങളോട് കടപ്പാടും ബാദ്ധ്യതയുമുണ്ട്. ശ്രീ. വാഹീദ് അടക്കം ഞങ്ങളുടെ 100 എം.എൽ.എ.-മാർ ഈ സഭയിലുണ്ട്. ജനങ്ങളോടുള്ള കടപ്പാട് മനസ്സിലാക്കിയാണ് ഞങ്ങൾ മുന്നോട്ടു പോകുന്നത്. കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ആന്റണി ഗവൺമെന്റിന് ഒരു പ്രതിച്ഛായയുണ്ട്. നിങ്ങൾ അന്വേഷിച്ച് നോക്കൂ. ജനങ്ങൾ ആഗ്രഹിക്കുന്നത് ഈ ഗവൺമെന്റ് ധീരമായി മുന്നോട്ട് പോകണം, തടസ്സങ്ങൾ മറികടക്കണമെന്നാണ്. ജനങ്ങളുടെ ആഗ്രഹം ഇത്തരത്തിലുള്ള സങ്കുചിതമായ രാഷ്ട്രീയ തർക്കങ്ങളല്ല. നിർഭാഗ്യവശാൽ ഉണ്ടായ തർക്കങ്ങൾമൂലം ഗവൺമെന്റിന് അല്പം പുറകോട്ട് പോകേണ്ടിവന്നു. ഞങ്ങൾ അതെല്ലാം മറികടക്കും. നിങ്ങൾ ആ കട്ടിൽ കണ്ട് പനിക്കേണ്ട. കേരളത്തിൽ ജനാധിപത്യ മുന്നണിയിലുള്ള തർക്കങ്ങൾ പരിഹരിച്ച് യു.ഡി.എഫ്. മുന്നോട്ടുപോകും. നിങ്ങളുടെ കണ്ണക്കുക്കൂട്ടലുകളൊക്കെ മലർപ്പൊടിക്കാരന്റെ സ്വപ്നമായി മാറും. ഇവിടെ ദേശീയ രാഷ്ട്രീയ രംഗത്തെക്കുറിച്ചൊക്കെ ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻ വിമർശിച്ചു. ധനകാര്യ വകുപ്പുമന്ത്രിയെ കുറ്റപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ അസംബ്ലി പിരിയുന്നത് 9-ാം തീയതിയാണ്. 9-ാം തീയതി പാർലമെന്റ് ഉണ്ടാകില്ല. പാർലമെന്റ് പിരിച്ചുവിടും. ബി.ജെ.പി. ഉയർത്തുന്ന വർഗ്ഗീയ വെല്ലുവിളി നേരിടാൻവേണ്ടി ഒരു തെരഞ്ഞെടുപ്പ് ഉണ്ടാകാൻ പോകുന്നു. നിങ്ങൾ ആരുടെ കൂടെയാണ്? ഇൻഡ്യയിൽ ഇന്ന് ബി.ജെ.പി.-ക്ക് എതിരായുള്ള നീക്കത്തിന് നേതൃത്വം കൊടുക്കുന്നത് സംശയം വേണ്ട ശ്രീമതി സോണിയാഗാന്ധി തന്നെയാണ്. ശ്രീമതി സോണിയാഗാന്ധി കാശ്മീരിൽ പോയി ഇൻഡ്യയിലുള്ള പ്രാദേശിക കക്ഷികളുമായി ബന്ധപ്പെട്ടുകൊണ്ട് viable political alternative-ന് ശ്രമിക്കുന്നു. നിങ്ങൾ ഇവിടെ ഞങ്ങളെ കല്ലെറിയാൻ ശ്രമിക്കുന്നു. ശ്രീമതി സോണിയാഗാന്ധിയേയും കോൺഗ്രസിനേയും ദുർബലപ്പെടുത്താൻ ശ്രമിക്കുന്നു. നിങ്ങൾ കേരളത്തിലെ കോൺഗ്രസ്സിനെ പിളർക്കാൻ ശ്രമിക്കുന്നു. ശ്രീ. ആന്റണിയെ താഴെയിറക്കാൻ ആരുമായും കൂടും. ഗവൺമെന്റിനെതിരെ അവിശ്വാസം കൊണ്ടുവരാൻ തീരുമാനിച്ചു. അവിശ്വാസം എവിടെപ്പോയി? അതുകൊണ്ട് ഇത്തരത്തിലുള്ള തർക്കങ്ങൾ മാറ്റിവച്ച് കണ്ണുള്ളവർ കാണണം, കാത് ഉള്ളവർ കേൾക്കണം. വികസനത്തിന്റെ പാതയിലേക്കുള്ള മുന്നേറ്റത്തിൽ നിങ്ങളും സഹകരിക്കണം. ബഡ്ജറ്റ് ഏകകണ്ഠമായി പാസാക്കി ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി. ഉയർത്തുന്ന വർഗ്ഗീയ താല്പര്യങ്ങൾ നിലയ്ക്കുനിർത്താൻ കൂട്ടായ ശ്രമം ഉണ്ടാകണം. ആ ശ്രമത്തിൽ നിങ്ങൾ സഹകരിക്കണം. ഞാൻ ബഡ്ജറ്റിനെ അനുകൂലിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിക്കുന്ന നാലാമത്തെ ബഡ്ജറ്റാണിത്. ഈ ബഡ്ജറ്റുകളെല്ലാം പരിശോധിച്ചാൽ അവ ആവർത്തനമാണെന്നു കാണാൻ കഴിയും. ഓരോ ബഡ്ജറ്റും കയ്യടി നേടാനുള്ള ബഡ്ജറ്റായി മാറുകയാണ്. ഓരോ ബഡ്ജറ്റ് കഴിയുന്തോറും ജനങ്ങളുടെ വലിയ കയ്യടി കിട്ടും. അതെല്ലാം കുറച്ചു ദിവസം കഴിയുമ്പോൾ ആളുകൾ മറക്കും. അതുപോലെതന്നെ ഈ ഗവൺമെന്റും അത് മറക്കുകയാണ്. അതുകൊണ്ടുതന്നെയാണ് ഈ ബഡ്ജറ്റ് പരാജയത്തിന്റെ ഒരു കൈപ്പുസ്തകമാണെന്ന് ഞാൻ പറയുന്നത്. കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കാൻ തയ്യാറാകേണ്ടതാണ്. ഇത് പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങളൊന്നും നടപ്പിലാക്കാൻ യാതൊരു തരത്തിലുള്ള പ്രതിബദ്ധതയും ഉത്തരവാദിത്വവും ഈ ഗവൺമെന്റിന് ഇല്ല എന്നുതന്നെയാണ്. അതുകൊണ്ടുതന്നെയാണ് ഈ ചർച്ച തുടങ്ങിവച്ച ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അടക്കം ഭരണകക്ഷിയിലെ പ്രമുഖരായ പലരും ഈ ബഡ്ജറ്റിനെ എതിർത്തത്. ഈ ബഡ്ജറ്റിനെ അനുകൂലിച്ച് സംസാരിക്കേണ്ട പലരും പുറത്ത് വേറെ ചില ചർച്ചകളിലാണ്. അതിന് ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഞങ്ങളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കാൻ ഭരണകക്ഷിയിലെ ആർക്കുംതന്നെ താല്പര്യമില്ല എന്നുള്ളതിന്റെ തെളിവാണ് ഈ സഭയിൽ നാം കാണുന്നത്. ഞാൻ അതിനെക്കുറിച്ച് കൂടുതൽ വിശദീകരിക്കുന്നില്ല. ഇപ്പോൾ ഭരണകക്ഷി അംഗങ്ങൾ പറഞ്ഞു, ഞങ്ങൾ വികസനത്തിന് എതിരാണ്, ഇവിടെ ഭരിക്കുന്ന ആളുകൾ മാത്രമാണ് വികസനത്തിന്റെ വക്താക്കൾ എന്ന്, ഇവിടെ വികസനം മുരടിക്കാനും 'ജിം' പരാജയപ്പെടാനും കാരണം ഇടതുപക്ഷ കക്ഷികൾ സമരം ചെയ്യുന്നത് കൊണ്ടാണ്,

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾ സമരം ചെയ്യുന്നതുകൊണ്ടാണ്, കർഷകർ സമരം ചെയ്യുന്നതു കൊണ്ടാണ്, ബന്ദും ഹർത്താലും നടക്കുന്നത് കൊണ്ടാണ് എന്നൊക്കെയുള്ള ആക്ഷേപങ്ങളാണ് ഉന്നയിച്ചത്. യഥാർത്ഥത്തിൽ 'ജിം' പൊളിയാനും വികസന പ്രവർത്തനങ്ങൾ മുരടിക്കാനും കാരണം ഇന്ന് കേരളം ഭരിക്കുന്ന ഭരണാധികാരികളുടെ തെറ്റായ നയസമീപനമാണ്. ഭരണകക്ഷി അംഗങ്ങൾതന്നെ അത് ഇവിടെ ചൂണ്ടി ക്കാണിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന് കൂട്ടുത്തരവാദിത്വമുണ്ടോ? കളക്ടീവ് റെസ്പോൺസിബിലിറ്റി ഈ ഗവൺമെന്റിന് ഉണ്ടെന്ന് ഭരണകക്ഷിയിലെ അംഗങ്ങൾക്ക് പറയാൻ കഴിയുമോ? മന്ത്രിമാർ പരസ്പരം കുറ്റപ്പെടുത്തുകയാണ്. ചെളി വാരി എറിയുകയാണ് ഗവൺമെന്റ് സെക്രട്ടറിമാർ മന്ത്രിമാർക്ക് എതിരെന്നുപറയുന്നു. മന്ത്രിമാർ തിരിച്ചും പറയുന്നു. പിന്നെ ആര് വരും ഇങ്ങോട്ട് ഇൻവെസ്റ്റ് ചെയ്യാൻ? നിങ്ങളുടെ പിടിപ്പുകേടും കഴിവില്ലായ്മയും കൊണ്ട് ഇൻവെസ്റ്റ് ചെയ്യാൻ തയ്യാറായ ആളുകൾ തിരിച്ചുപോകുന്നു. പാവപ്പെട്ട തൊഴിലാളികൾ കഷ്ടപ്പാടും ദുരിതവും സഹിക്കുമ്പോൾ അതിനെതിരായി സമരം ചെയ്യുന്നവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. നിങ്ങൾ അതാണ് തിരിച്ചറിയേണ്ടത്. ഞങ്ങൾ വികസനത്തിന് എതിരാ ണെന്നുള്ള പ്രചരണം നല്ലതുപോലെ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ ചരിത്രം അറിയുന്ന എല്ലാ ആളുകൾക്കും ഈ കേരള സമൂഹത്തിൽ സമഗ്രമായിട്ടുള്ള മാറ്റവും പുരോഗതിയും ഉണ്ടാക്കാൻ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ വഹിച്ച പങ്കിനെപ്പറ്റി അറിയാം. നിങ്ങൾ ഇപ്പോൾ സമരത്തിനെ സംബന്ധിച്ച് കുറ്റം പറഞ്ഞല്ലോ. ബഹുമാനപ്പെട്ട കെ. സി. ജോസഫ് അടക്കമുള്ളവർ പറഞ്ഞു. സമരത്തിന്റെ വേലിയേറ്റമാണെന്ന്. ആരാണ് ആദ്യമായി ഇവിടെ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനെ അട്ടിമറിക്കാൻ വേണ്ടിയുള്ള സമരങ്ങൾ സംഘടിപ്പിച്ചത്? അതിന്റെ ചരിത്രമെല്ലാം നാം മറക്കാൻ പാടുണ്ടോ? ജനാധിപത്യ മാർഗ്ഗത്തിലൂടെ ഇൻഡ്യയിൽ കേരളത്തിൽ കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്നപ്പോൾ കൊണ്ടുവന്ന സാമൂഹ്യ മാറ്റ നിയമങ്ങൾ ഉണ്ട്. തൊഴിലാളികളെക്കുറിച്ച് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. സാമൂഹ്യ മാറ്റം തന്നെയാണ് ലോകത്തിന്റെ മുമ്പിൽ കേരളത്തെ മാതൃകയാക്കിയതിൽ സുപ്രധാനമായ പങ്ക് വഹിച്ചത്. ഭൂപരിഷ്ക്കരണ നിയമം കുടികിടപ്പ് അവകാശ നിയമം, വിദ്യാഭ്യാസ പരിഷ്ക്കരണം എന്നിവയൊക്കെ നമുക്ക് തള്ളിപ്പറയാൻ കഴിയുമോ? അങ്ങനെ ഓരോ ഘട്ടത്തിലും എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോഴെല്ലാം നാടിന്റെ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി നിലനിന്നിട്ടുണ്ട് എന്നുള്ള യാഥാർത്ഥ്യം മറച്ചുവച്ചുകൊണ്ട് ഞങ്ങളാണ് കേരളത്തിന്റെ വികസനത്തിന് എതിരായി പ്രധാനപ്പെട്ട പങ്കുവഹിക്കുന്ന തെന്ന കുപ്രചരണമാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ കുറ്റം പറഞ്ഞുകൊണ്ടാണല്ലോ നിങ്ങൾ ഇപ്പോഴും പേകുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് തന്നെ ആദ്യം നിങ്ങൾ എന്താണ് പറഞ്ഞത്? നിങ്ങൾ വൈറ്റ് പേപ്പർ പ്രസിദ്ധീകരിച്ചു കൊണ്ട് പറഞ്ഞില്ലേ? കഴിഞ്ഞ ഗവൺമെന്റ് കടം മേടിച്ച് കേരളത്തെ മുടിച്ചിരിക്കുക യാണ്. കടം മേടിച്ചുകൊണ്ട് നമുക്ക് മുന്നോട്ട് പോകാൻ കഴിയില്ല എന്ന്. അങ്ങനെ ധവളപത്രത്തിൽ കടം മേടിക്കില്ല എന്ന ഉറപ്പ് നൽകിക്കൊണ്ട് ഭരണം ഏറ്റെടുത്ത നിങ്ങൾ ഭരിച്ചുതുടങ്ങി രണ്ടേ മുക്കാൽ വർഷം കഴിഞ്ഞപ്പോൾ നമ്മുടെ കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കടം എത്രയായി? കടം വാങ്ങുന്നത് ഗുണകരമല്ല എന്നാണ് നിങ്ങൾ പറഞ്ഞത്. നമ്മുടെ നാട്ടിലൊക്കെ ഒരു ചൊല്ലുണ്ട്. "പേരെടുക്കാൻ പോയ പേറ്റച്ചി ഇരട്ടപെറ്റു" എന്ന്. അതുപോലെ നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ കടം മേടിക്കില്ല എന്നു പറഞ്ഞുകൊണ്ട് വന്നു. അന്ന് ഉണ്ടായിരുന്നത് ഇരുപത്തി മൂവായിരത്തി തൊള്ളായിരത്തി പതിനെട്ട് കോടി രൂപയായിരുന്നെങ്കിൽ ഇന്ന് മുപ്പത്തി അയ്യായിരത്തി തൊള്ളായിരത്തി എൺപത്തിയൊമ്പത് കോടിയായിട്ട് വർദ്ധിച്ചു. കടം വാങ്ങുന്നത് കുഴപ്പമാണെന്നു പറഞ്ഞവർ അധികാരത്തിലേറി രണ്ടേമുക്കാൽ വർഷം കഴിഞ്ഞപ്പോൾ എത്ര കോടി രൂപയായി കേരളത്തിന്റെ കടം? ഞാൻ അത് വിശദീകരിക്കുന്നില്ല. ഇവിടെ പല സുഹൃത്തുക്കളും ചുണ്ടിക്കാണിച്ചതാണ് കടം വാങ്ങില്ല എന്ന് പ്രതിജ്ഞയെടുത്ത് അധികാരത്തിൽ വന്നവർ കോടിക്കണക്കിനു രൂപയുടെ കടബാധ്യത കേരളത്തിന്റെമേൽ കെട്ടിവച്ചു. ഈ വാങ്ങിയ കടം എല്ലാം എന്തിനുവേണ്ടിയാണ് വിനിയോഗിച്ചത്? നമുക്കറിയാം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് കടം മേടിച്ചിട്ടുണ്ട്. കടം മേടിച്ചത് നമ്മുടെ നാട്ടിന്റെ വികസനത്തിനും പുരോഗതിക്കുംവേണ്ടിയാണ് ചെലവഴിച്ചത് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് കേരളത്തിന്റെ ബൗദ്ധിക സാഹചര്യങ്ങൾ മെച്ചപ്പെട്ടു എന്നുള്ളത്. നിങ്ങൾക്കെല്ലാം അറിയാം. 1991 മുതൽ 1996 വരെ അഞ്ചു വർഷം കേരളം ഭരിച്ച സമയത്ത് നമ്മുടെ കേരളത്തിൽ ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ കണക്കും 1996 മുതൽ 2001 വരെ കേരളം ഭരിച്ച ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഉണ്ടാക്കിയ വൈദ്യുതിയുടെ കണക്കും. നിങ്ങൾ അഞ്ചു വർഷംകൊണ്ട് കേരളത്തിൽ പതിനേഴ് മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിച്ചിരുന്ന സ്ഥാനത്ത് 1086 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ LDF-ന് കഴിഞ്ഞു. ദക്ഷിണ ഇൻഡ്യയിൽതന്നെ പവർകട്ടും, ലോഡ് ഷെഡ്ഡിംഗ് ഇല്ലാത്ത സംസ്ഥാനമായി 2000 നവംബർ ഒന്നിന് കേരളം മാറി. അതുപോലെതന്നെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻവേണ്ടിയുള്ള ഒട്ടേറെ സംവിധാനങ്ങൾ ഏർപ്പെടുത്തി. അടിസ്ഥാന സൗകര്യങ്ങൾ എന്നു പറയുന്നത് സമ്പന്നരുടെ സൗകര്യങ്ങൾ മാത്രമാണെന്നുള്ള സങ്കൽപ്പത്തിൽനിന്ന് മാറി ഈ സമൂഹത്തിൽ താഴെത്തട്ടിലുള്ള ആളുകളുടേയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നുള്ള നയമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുകൾ നടപ്പിലാക്കിയത്. നിങ്ങൾ അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും എന്നൊക്കെ കേൾക്കുമ്പോൾ കളിയാക്കരുത്. കേരളത്തിന്റെ മണ്ണിൽ അത് ഉണ്ടാക്കിയെടുത്ത നേട്ടം എന്താണെന്ന് നാം വിസ്മരിക്കരുത്. അധികാരവും സമ്പത്തും എല്ലാം താഴെതട്ടിലേയ്ക്ക് നൽകി അഴിമതി നടക്കുന്നുണ്ട് എന്നാണ് നിങ്ങൾ പറയാൻ പോകുന്നത്. ഇന്ത്യയിൽ പത്ത് അമ്പത്തിയേഴു വർഷം നടത്തിയ അഴിമതിയുടെ കണക്ക് എത്രയാണ്? നമ്മൾ പരിശോധിക്കുമ്പോഴെല്ലാം ചില പോരായ്മകളും വീഴ്ചകളും ഒക്കെ സംഭവിച്ചിട്ടുണ്ടാകും. ഇല്ലെങ്കിലേ അൽഭുതമുള്ളൂ. കാരണം എന്താണ്? അധികാരവും സമ്പത്തും ഒന്നും കൈകാര്യം ചെയ്യാതെ മാറ്റിനിർത്തപ്പെട്ട വലിയ ഒരു വിഭാഗത്തെയാണ് അധികാരവും സമ്പത്തും കൈകാര്യം ചെയ്യാൻ നാം പഠിപ്പിച്ചത്. അതിന്റെ ഭാഗമായി ചെറിയ പോരായ്മകളും വീഴ്ചകളുമൊക്കെ മനുഷ്യ സഹജമായി വന്നിട്ടുണ്ട്; ഇല്ലെന്നു പറയുന്നില്ല. പക്ഷേ അന്ന് ഉണ്ടാക്കിയെടുത്ത ഭൗതികനേട്ടങ്ങൾ എന്താണെന്ന് നാം വിസ്മരിക്കാൻ പാടില്ല എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അധികാരവും സമ്പത്തും കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്ക് നൽകുക അല്ലെങ്കിൽ ത്രിതല പഞ്ചായത്തുകൾക്ക് നൽകുക അതിലൂടെ നാടിന്റെ സാംസ്കാരിക, സാമ്പത്തിക, ഭൗതികമായ മാറ്റത്തിന് വേദിയൊരുക്കുക എന്നുള്ള നയം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കിയതുകൊണ്ട് വമ്പിച്ച ഭൗതിക നേട്ടങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമായി നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ത്രിതല പഞ്ചായത്ത് സംവിധാനങ്ങളോട് കാണിച്ച അനീതിയെ സംബന്ധിച്ച് കൂടുതൽ വിശദീകരിക്കേണ്ട ആവശ്യമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടനെതന്നെ അധികാരവും സമ്പത്തുമെല്ലാം തിരിച്ചുപിടിക്കാനുള്ള പ്രവണതയാണ് കാണിച്ചത്. ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെയെല്ലാം ഇന്ന് നോക്കുകുത്തികളാക്കിയിരിക്കയാണ്. ഇവിടെ തീരദേശ വികസന അതോറിറ്റിയും മലയോര വികസന അതോറിറ്റിയും മദ്ധ്യമേഖലാ വികസന അതോറിറ്റിയും അങ്ങനെ ഏതെല്ലാം അതോറിറ്റികളാണ് ഉണ്ടാകാൻ പോകുന്നത് എന്ന് യാതൊരു പിടിയുമില്ല. ഇങ്ങനെ കറേ അതോറിറ്റികൾ ഉണ്ടാക്കുകയാണ്. എന്ത് കാര്യം? ഒരു കാര്യവുമില്ല. വേറുതെ കുറെയാളുകൾക്ക് അവിടെ വന്ന് ഇരിക്കാനും കുറെ പൈസ ചെലവാക്കാനുമാണ്. അല്ലാതെ അതുകൊണ്ട് വലിയ കാര്യമൊന്നും ഉണ്ടാകാൻ പോകുന്നില്ല. കേരളത്തിന്റെ വികസനം മലയോര വികസന അതോറിറ്റിയോ, തീരദേശ വികസന അതോറിറ്റിയോ മദ്ധ്യമേഖലാ വികസന അതോറിറ്റിയോ ഇനി വേറെ എന്തെങ്കിലും വികസന അതോറിറ്റിയോ ഉണ്ടാക്കിയാൽ നടക്കുമോ? ഒരുപാട് അതോറിറ്റികളുടേയും ഒരുപാട് ബോർഡുകളുടെയുമൊക്കെ ചരിത്രം നമ്മുടെ മുമ്പിൽ കിടക്കുകയല്ലേ? അതല്ല നിങ്ങളുടെ ലക്ഷ്യം. ത്രിതല പഞ്ചായത്തുകളെ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് നാടിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ക്രിയാത്മകമായ സമീപനം സ്വീകരിക്കണം. കയ്യടി വാങ്ങാനുള്ള സമീപനങ്ങളാണ് നിങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ഇവിടെ പുതിയ തൊഴിൽദാന പദ്ധതികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വീണ്ടും ആവർത്തിക്കുകയുണ്ടായി. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് പ്രകടനപത്രികയിൽ പറഞ്ഞത് ഞങ്ങൾ വന്നുകഴിഞ്ഞാൽ 15 ലക്ഷംപേർക്ക് തൊഴിൽ കൊടുക്കും എന്നാണ്. അങ്ങനെ 15 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കും എന്നു പറഞ്ഞ് അധികാരത്തിൽ വന്നവർ അവരുടെ സ്വരം പിന്നീട് മാറ്റി. ഗവൺമെന്റിന്റെ ബാധ്യതയും ഉത്തരവാദിത്തവുമല്ല തൊഴിൽ കൊടുക്കുക എന്നുള്ളത്. എന്നിട്ടും കഴിഞ്ഞ വർഷം ഞങ്ങൾ 5 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കും എന്നു പറഞ്ഞു. 15 ലക്ഷത്തിൽനിന്ന് 5 ലക്ഷമായി കുറഞ്ഞു. അങ്ങനെ 210 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ഞാൻ ബഹുമാനപ്പെട്ട സഭയോട് ചോദിക്കുകയാണ്. 210 കോടി രൂപയിൽ ഒരു രൂപയെങ്കിലും തൊഴിൽദാന പദ്ധതിക്കുവേണ്ടി ചെലവഴിച്ചോ? അതുപോലെതന്നെ സ്ത്രീ ശാക്തീകരണത്തിനുവേണ്ടി 101 കോടി രൂപ വകയിരുത്തി. ആ 101 കോടിയിൽ ഒരു രൂപയെങ്കിലും സ്ത്രീ ശാക്തീകരണത്തിനുവേണ്ടി ചെലവഴിച്ചോ? ഇല്ല. ഇവിടെ എല്ലാവരും പറഞ്ഞ കാര്യമാണ് 'ഒരു കപ്പ് പാലും ഷേക്ക് ഹാൻഡും' നല്ല കയ്യടി കിട്ടിയ പ്രഖ്യാപനമായിരുന്നു. ഞങ്ങളെല്ലാം പല സ്ഥലങ്ങളിലും ഉദ്ഘാടനത്തിന് പോയിരുന്നു. പല സ്ഥലത്തും ഉദ്ഘാടനം നടന്നു. രണ്ട് മാസം പാൽ കൊടുത്തു. ഇപ്പോൾ നമ്മുടെ ക്ഷീര സഹകരണ സംഘങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

മുന്നിൽകൂടി പോകാൻ പറ്റില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. എതെങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ.-മാർ പോയിട്ടുണ്ടോ എന്നറിയില്ല. ക്ഷീര സഹകരണ സംഘങ്ങളുടെ മേഖലാ യോഗങ്ങൾ നടന്നുവരുന്ന സമയമാണ്. അവിടെ ചെല്ലുമ്പോൾ ജീവനക്കാർ നമ്മളെ വിടുന്നില്ല. കാരണം നമ്മൾ പറഞ്ഞിട്ടാണ് പാൽ കൊടുത്തത്. അതിന്റെ കാശ് അവർക്ക് കിട്ടിയിട്ടില്ല. സഹകരണ സംഘങ്ങളെല്ലാം അടച്ചുപൂട്ടുകയാണ്. രണ്ടുമാസം പാലും മൂന്നുമാസം ഷേക്ക് ഹാൻഡും കൊടുത്തു. ഇപ്പോൾ ഷേക്ക് ഹാൻഡും ഇല്ല, പാലും ഇല്ല. ഇതുപോലെ കയ്യടി കിട്ടുന്ന പ്രഖ്യാപനങ്ങൾ നടത്തിയിട്ട് കാര്യമില്ല. ഞങ്ങളുടെ നാട്ടിൽ ഒരു കഥയുണ്ട്. ഒരു വീട്ടിൽ കല്യാണമാണ്. അയൽക്കാരെല്ലാം കൂടും. അവർ സദ്യവട്ടത്തെക്കുറിച്ച് ചർച്ച ചെയ്യും. കാർന്നോരോട് മൂന്നു കൂട്ടം പായസം വേണം, 16 തരം കറി വേണം. പഴവും പപ്പടവും മറ്റെല്ലാ സാധനങ്ങളും വേണം എന്നുപറയും. ഓരോരുത്തരും ഓരോന്ന് വേണമെന്ന് പറയുകയാണ്. അപ്പോൾ കാർന്നോർ പറയും 'ശരി, എല്ലാം കേട്ടു. ഈ പറഞ്ഞതു തന്നെയേ ഉണ്ടാകുകയുള്ളൂ. വേറൊന്നും ഉണ്ടാവുകയില്ല' പിറ്റേ ദിവസം സദ്യ നടക്കുകയാണ്. ഒന്നുമില്ല. അപ്പോൾ ആളുകൾ ചോദിച്ചു, 'ഇന്നലെ നിങ്ങളല്ലേ പറഞ്ഞത് 16 തരം കറിയും, മൂന്നുതരം പായസവും പപ്പടവും എല്ലാമുണ്ടെന്ന് എന്നിട്ട് എവിടെ?' കാർന്നോർ പറഞ്ഞു, 'ഞാൻ അപ്പോഴേ പറഞ്ഞിട്ടുണ്ട്. ഈ പറഞ്ഞതു തന്നയേ ഉണ്ടാവുകയുള്ളൂ. വേറെയൊന്നും ഉണ്ടാവുകയില്ല' എന്ന്. എന്ന് പറഞ്ഞതു പോലെയാണ് നമ്മുടെ ബഡ്ജറ്റ്. ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. കേരളം നേടിയെടുത്ത നേട്ടങ്ങൾ എന്നു പറയുന്നത് സാമൂഹ്യക്ഷേമ മേഖലയിലാണ്. ആ രംഗത്ത് നല്ലൊരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. അതായത് 110 രൂപ വികലാംഗ സഹോദരർക്ക് കൊടുക്കുന്നത് 150 രൂപയാക്കി മാറ്റിയത് സന്തോഷകരമായ കാര്യമാണ്. ഇവിടെ കർഷക തൊഴിലാളികൾ, കയർ, കശുവണ്ടി, കൈത്തറി, മൽസ്യത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ എന്നിവരുടെ ക്ഷേമപദ്ധതികളുടേയും പെൻഷൻ പദ്ധതികളുടേയും സ്ഥിതിയെന്താണ്? ശ്രീ. ടി. കെ. ദേവകുമാർ പ്രസംഗിച്ചല്ലോ, കോടിക്കണക്കിന് രൂപയുടെ ബാധ്യത ഈ പാവപ്പെട്ട ആളുകൾക്ക് കൊടുത്തുതീർക്കാനുണ്ടെന്ന്. അത് കൊടുക്കുന്നതിനെപ്പറ്റി എതെങ്കിലും ഈ ബഡ്ജറ്റിൽ പറയുന്നുണ്ടോ? കർഷക തൊഴിലാളികളും വിധവകളും അതുപോലുള്ള പാവപ്പെട്ട ആളുകളും പെൻഷനുവേണ്ടി കാത്തിരിക്കുകയാണ്. ആ പാവപ്പെട്ട തൊഴിലാളികളുടെ ക്ഷേമപദ്ധതികളെല്ലാം തകർന്നിരിക്കുകയാണ്. ഏകദേശം ഇരുപത്തിനാലോളം സാമൂഹ്യ സുരക്ഷാപദ്ധതികൾ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിനെ സംരക്ഷിക്കുവാനുള്ള എതെങ്കിലും നിലപാട് സ്വീകരിക്കുന്നുണ്ടോ? ആ ക്ഷേമപദ്ധതികൾ തകർന്നതുപോലെതന്നെയാണ് നമ്മുടെ സമൂഹത്തിലെ പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെയും സ്ഥിതിയെന്ന് പറയാതിരിക്കാൻ കഴിയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ ആദ്യമായി പറഞ്ഞത് ഭൂമിയില്ലാത്ത എല്ലാ ആദിവാസികൾക്കും ഭൂമി കൊടുക്കും എന്നാണ്. സന്തോഷമുള്ള കാര്യമാണ്; കൊടുക്കേണ്ടതാണ്. കൊടുക്കാം എന്നുപറഞ്ഞ് അവരെ വ്യാമോഹിപ്പിച്ചിട്ട് അവസാനം നിങ്ങൾ അവരെ എന്താണ് ചെയ്തത്? കേരളം രൂപീകരിച്ചതിനുശേഷം നമ്മൾക്കെല്ലാം നാണക്കേട് ഉണ്ടാക്കിക്കൊണ്ട് പാവപ്പെട്ട ഒരു ആദിവാസിയെ വെടിവച്ച്

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലേണ്ട അവസ്ഥയുണ്ടായി. വെടിവച്ച് കൊല്ലുക മാത്രമല്ല, ആദിവാസികളെ വംശ നാശം വരുത്താനുള്ള നടപടികളല്ലേ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്? ആദിവാസികളെ വംശനാശം വരുത്തുകയാണ്. അപ്പോൾ പിന്നെ അവർക്ക് ഭൂമി കൊടുക്കേണ്ടല്ലോ. ഇവിടെ ഭീകരവാദപ്രവർത്തനം നടത്തി മരിച്ച ആളുകൾക്ക് ലക്ഷക്കണക്കിന് രൂപ കൊടുത്തില്ലേ? ആദിവാസിക്ക് ഒരു രൂപ കൊടുത്തോ നിങ്ങൾ? ഭീകരവാദപ്രവർത്തനം നടത്തിയവർക്ക് കൊടുക്കാൻ ഖജനാവിൽ പൈസയുണ്ട്. പാവപ്പെട്ട ആദിവാസി ആയതുകൊണ്ടല്ലേ അവർക്ക് ഒരു രൂപപോലും കൊടുക്കാതിരുന്നത്. നിങ്ങൾ വെടിവച്ചുകൊന്ന ജോഗിയുടെ വീട്ടുകാരുടെ കാര്യമാണ് പറയുന്നത്. ഭീകരവാദപ്രവർത്തനം നടത്തിയ മത തീവ്രവാദികൾക്ക് ലക്ഷക്കണക്കിന് രൂപ കൊടുക്കാൻ യാതൊരു മടിയുമില്ല. ഈ പാവപ്പെട്ട ആദിവാസിക്ക് കൊടുത്തോ? ആദിവാസികളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമായിക്കൊണ്ടിരിക്കുകയാണ്. അതു പോലെതന്നെയാണ് പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെയും സ്ഥിതി. പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം വളരെയേറെ ആശങ്കയുണ്ടാക്കുന്ന കാലഘട്ടമാണിത്. പട്ടികജാതി-പട്ടികവർഗ്ഗക്കാരെക്കുറിച്ചും പാവപ്പെട്ട ആളുകളെക്കുറിച്ചും ചില എഴുത്തുകാർ എഴുതാൻ തുടങ്ങിയിരിക്കുകയാണ്. കാരണം അവർ ഇന്ന് സമൂഹത്തിലെ ഏറ്റവും പുറംതള്ളപ്പെടുന്ന ആളുകളായി മാറിക്കൊണ്ടിരിക്കുകയാണ്. സ്വകാര്യവൽക്കരണത്തിന് ഞാൻ പൂർണ്ണമായും എതിരല്ല. സ്വകാര്യവൽക്കരണത്തിന്റെ വക്താക്കളായി നാം മാറിയതിന്റെ ഏറ്റവും വലിയ ദുരന്തം അനുഭവിക്കുന്നത് സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട ആളുകളാണ്. വിദ്യാഭ്യാസ രംഗത്തും തൊഴിൽ രംഗത്തും അവർ അന്യവൽക്കരിക്കപ്പെടുകയാണ്. സംവരണം എന്നു പറയുന്നത് ഒരു കാരണവശാലും ലഭിക്കാത്ത സ്ഥിതിയാണ്. സംവരണം ഇല്ലെങ്കിൽ ബഹുമാനപ്പെട്ട മണിയും ഞാനും ഈ സഭയിൽ വരുമെന്ന് ഉറപ്പുണ്ടോ? നമ്മൾ രണ്ടാളും സംവരണം ഇല്ലെങ്കിൽ ഇവിടെ വരുമായിരുന്നോ? വരില്ല. ഞാൻ പറഞ്ഞുവരുന്നത് പാവപ്പെട്ടവരുടെ കാര്യമാണ്. നിങ്ങൾക്കും യോജിക്കാം. എല്ലാവർക്കും യോജിക്കാം. പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചാണ് പറയുന്നത്. എന്നെ പറയാൻ അനുവദിക്കണം. നമ്മുടെ നാട്ടിൽ സ്വകാര്യവൽക്കരണം നടപ്പിലാക്കിയതിന്റെ ഫലമായി തൊഴിൽ രംഗത്ത് ഈ പാവപ്പെട്ടവർ അന്യവൽക്കരിക്കപ്പെടുകയാണ്. അതു തന്നെയാണ് വിദ്യാഭ്യാസരംഗത്തും സംഭവിക്കുന്നത്. നമുക്കറിയാം സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ. ഒരുപാട് ഉണ്ടാകുന്നു എന്ന് പറയുന്നുണ്ട്. ഈ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിൽ പഠിക്കാൻ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് അവസരം കൊടുത്തിരുന്നു. ആ അവസരം നിഷേധിച്ച് ഇപ്പോൾ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്ക് സ്റ്റൈപെന്റും ലംപ്സം ഗ്രാന്റും മറ്റ് വിദ്യാഭ്യാസ ആനുകൂല്യങ്ങളും കൊടുക്കാൻ പാടില്ല എന്ന് ഗവൺമെന്റ് ഉത്തരവ് ഇറക്കിയിരിക്കുകയാണ്. സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിൽ ഈ പാവപ്പെട്ടവർക്ക് പഠിക്കാൻ കഴിയാത്ത സ്ഥിതിയാണ് ഇന്നുള്ളത്. അവരെ അവിടെനിന്ന് കുടിയിറക്കപ്പെടുകയാണ്. അപ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക ജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു പ്രതീക്ഷയ്ക്കും വകയില്ലാത്ത സ്ഥിതിയിലേയ്ക്ക് പോവുകയാണ്. അതോടൊപ്പംതന്നെ നമ്മുടെ നാട്ടിലെ വിലവർദ്ധവനവിന്റെ കാര്യം.

LIBRARY ARCHIVES Kerala Legislative Assembly

ഈ വിലവർദ്ധനവ് പ്രധാനമായും ഡീസൽ വിലവർദ്ധനവിൽ വന്നുനിൽക്കുകയാണ്. ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് എന്റെ പ്രസംഗം അവസാനിപ്പിക്കാം. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷ നേതാവായിരുന്ന കാലത്ത് പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ചത് കേന്ദ്ര ഗവൺമെന്റായിരുന്നു. ഇപ്പോഴും നിരവധി പ്രാവശ്യം പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ചു. അതിന്റെ ഫലമായി നമ്മുടെ ഖജനാവിലേയ്ക്ക് ആയിരക്കണക്കിന് കോടി രൂപ കിട്ടി. നമ്മുടെ ഇപ്പോഴത്തെ മുഖ്യമന്ത്രി പ്രതിപക്ഷനേതാവായിരുന്ന സമയത്ത് അന്ന് അദ്ദേഹം പറഞ്ഞത് ഈ പൈസയൊന്നും കേരളത്തിലെ ഖജനാവിലേയ്ക്ക് വരേണ്ടതില്ല, അതെല്ലാം സബ്സിഡിയായി കൊടുക്കണം എന്നാണ്. എനിക്ക് ഇപ്പോൾ വിനയപുരസ്സരം അദ്ദേഹത്തോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത് ഇങ്ങനെ അധികം കിട്ടുന്ന വരുമാനം ഉപയോഗിച്ചെങ്കിലും നമ്മുടെ തൊഴിൽ മേഖലയിൽനിന്ന് പുറംതള്ളപ്പെടുന്ന ആയിര കണക്കിന്, പതിനായിരക്കണക്കിന് വരുന്ന തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടി പദ്ധതി തയ്യാറാക്കണം എന്നാണ്. ഡീസലിന്റെ വിലക്കയറ്റംകൊണ്ട് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുന്നത് കെ.എസ്.ആർ.ടി.സി. ആണ്. കെ.എസ്.ആർ.ടി.സി.-യ്ക്ക് കുറച്ചു പൈസ കൊടുത്തുകൂടേ? അതുപോലെതന്നെ തൊഴിൽമേഖലയിൽ അന്യവൽക്കരിക്കപ്പെടുന്ന വർക്ക് എന്തെങ്കിലും സഹായം ചെയ്തുകൊടുത്തുകൂടേ? അതുകൊണ്ട് ഞാൻ പറയുന്നത് ഇങ്ങനെ ലഭിക്കുന്ന സംഖ്യകൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന സംവിധാനം ഉണ്ടാക്കണം. ഒരു കാര്യംകൂടി പറഞ്ഞു കൊള്ളട്ടെ. ഈ ഗവൺമെന്റ് എല്ലാ മേഖലകളിലും പരാജയപ്പെട്ടുകൊണ്ടിരി ക്കുകയാണ്. ഈ ഗവൺമെന്റിനുവേണ്ടി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് അംഗീ കരിക്കാൻ കഴിയില്ല. എല്ലാ മേഖലകളിലും തകർച്ചയും കെടുകാര്യസ്ഥതയും നില നിൽക്കുന്ന ഒരു ഗവൺമെന്റിന്റെ നയങ്ങളാണ് ഈ ബഡ്ജറ്റിലൂടെ പുറത്തുവന്നിരി ക്കുന്നത്. അതുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജനുവരി മാസം 29-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളി ക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.30ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly